# eading wit
# sound

793





# യുദ്ധകാലസ്മരണകൾ

32232.

1174

Bad Story

KOTTAYAM PUBLIC LIBRARY
KOTTAYAM.

ഗ്രന്ഥകർത്താ.

**തോമസ് വെട്ടം**

വിദ്യാർത്ഥിമി.

ബേക്കർ റോഡ

(Malayalam)

# YUDDHAKALA SMARANAKAL

—Memoirs—

By THOMAS VETTOM

M68.

First Edition
May 1967

**Price Rs. 1—25**

Right reserved by the Author

Printed at

The Asoka Press, Puthuppally

Published by the Author

Distributors:

**The Vidyarthi Mithram Press & Book Depot,
Baker Road, Kottayam.**

# സമർപ്പണം

രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത
മലയാളി സുഹൃത്തുക്കളുടെ
പാവന സ്മരണയ്ക്ക്

## തോമസ് വെട്ടത്തിൻെറ കൃതികൾ

1. വെട്ടത്തു കുടുംബം
2. സാഹിത്യദീപം
3. കേരളത്തിലെ ക്രൈസ്തവ രാജവംശം.
4. സേവാദരം
5. യുദ്ധകാല സ്മരണകരം

1174

# മുഖവുര

''...1962—ലെ ചൈനാ ഓപ്പറേഷനിൽ ഞാൻ NEFA യിൽ ആയിരുന്നു. ഇപ്പോഴത്തെ പാകിസ്ഥാൻ ഓപ്പറേഷനിൽ ഞാൻ മുൻനിരയിലാണ്. കഴിഞ്ഞ ഇന്ത്യാ പാക്സംഘട്ടനത്തിൽ ഇൻഡ്യയുടെ വീരയോദ്ധാക്കൾ പിടിച്ചടക്കിയ സാലക്കോട്ടിലാണ് ഇപ്പോൾ............... പഠിച്ചുകൊണ്ടിരുന്ന കാലത്ത് യുദ്ധത്തെക്കുറിച്ചു സാർ ക്ലാസ്സിൽ പറയുന്ന കാര്യങ്ങൾ ജിജ്ഞാസാഭരിതനായി ഞാൻ കേട്ടുകൊണ്ടിരുന്നു. സാറിൻെറ ആ ക്ലാസ്സുകളാണ് എന്നെ ഒരു പട്ടാളക്കാരനാക്കിത്തീർത്തത്.''

1965—ൽ പാകിസ്ഥാൻ യുദ്ധരംഗത്തുനിന്ന് എൻെറ ഒരു ശിഷ്യൻ അയച്ചുതന്ന ഒരു കത്തിലെ ചില ഭാഗങ്ങളാണു മുകളിൽ കാണിച്ചിരിക്കുന്നത്. ഈ പുസ്തകരചനയ്ക്ക് എന്നെ പ്രേരിപ്പിച്ചതും ഈ കത്തുതന്നെയാണ്.

ഈ പുസ്തകത്തിലെ ഉള്ളടക്കം 24 വർഷം പഴക്കമുള്ളതാണ്. ഞാൻ പരിചയിച്ച സാഹചര്യങ്ങളും, യുദ്ധതന്ത്രങ്ങളും ഇന്നു പാടെ മാറിപ്പോയിട്ടുണ്ടായിരിക്കണം. എങ്കിലും ആ ഒരു കാലഘട്ടത്തെ ചിരസ്മരണീയമാക്കിത്തീർക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നത്.

മൂന്നു കാലഘട്ടങ്ങളിലായിട്ടാണ് ഇതു് എഴുതിത്തീർത്തത്. 1942 മുതൽ 1946 വരെയുള്ള കാലങ്ങളിൽ അതാതു സംഭവങ്ങളും സന്ദർശനങ്ങളും ഞാൻ കുറിച്ചുവെച്ചു. 1960—ൽ അതിന് ഏകദേശമായ രൂപം നല്കി. ഇപ്പോൾ അതു പ്രസിദ്ധീകരണക്ഷമമാക്കിത്തീർക്കുകയും ചെയ്തു.

ഇതിനുമുമ്പു ഞാൻ എഴുതിയിട്ടുള്ള പുസ്തകങ്ങൾ സന്തോഷത്തോടെ സ്വീകരിച്ച സഹൃദയർ ഈ ഗ്രന്ഥത്തെയും സ്വീകരിച്ച് എന്നെ അനുഗ്രഹിക്കുമെന്ന പ്രതീക്ഷയോടെ ഞാനിതു സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

പുതുപ്പള്ളി, തോമസ് വെട്ടം
10-4-1967.

# യുദ്ധകാല സ്മരണകൾ

## I. തീവണ്ടി നീങ്ങുന്നു

1939 സെപ്റ്റംബർ 3. ലോകചരിത്രത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ദിവസമാണത്. നാസി ജർമ്മനിയുടെ ഭരണത്തലവനായ ഹെർ ഹിറ്റ്ലർ യുദ്ധപ്രഖ്യാപനം നടത്തിയത് അന്നാണ്. അന്നത്തു സർവ്വലോകവ്യാപകമായ ഒരു മഹായുദ്ധമായി മാറുമെന്നു വലിയ രാജ്യതന്ത്രജ്ഞന്മാർപോലും കരുതിയിരിക്കയില്ല. പ്രത്യേകിച്ചും ബ്രിട്ടീഷ് ഭരണത്തിൻ കീഴിലുള്ള ഇൻഡ്യയ്ക്കു അതിലെന്തു പങ്കുണ്ടായിരിക്കും. ലോകമഹായുദ്ധമായി മാറുകയും ഇൻഡ്യാക്കാർ ലക്ഷക്കണക്കിനു യുദ്ധരംഗത്തേക്കു നീങ്ങുകയുമാണുണ്ടായത്.

ഇൻഡ്യൻ പട്ടാളം ആർക്കുവേണ്ടി, എന്തിനുവേണ്ടി യുദ്ധം ചെയ്തു? പലർക്കും പല ഉത്തരങ്ങളാണു നല്കുവാനുള്ളതു. ഏതായാലും ഒന്നു വളരെ വ്യക്തമാണ്. അന്നു ഇൻഡ്യാക്കാർ പ്രത്യേകിച്ചും മലയാളികൾ വലിയൊരു സാമ്പത്തിക തകർച്ചയുടെ മദ്ധ്യത്തിലായിരുന്നു. ഉല്പന്നങ്ങളുടെ വിലയിടിവു മറെറാരു കാലത്തും ഉണ്ടായിട്ടില്ലാത്ത വിധം ഭയങ്കരമായിരുന്നു. നൂറു് നാളികേരത്തിനു 2 രൂപയായി വില താണു. മരച്ചീനി വിലയുള്ള ഒരു സാധനമേ ആയിരുന്നില്ല. എവിടെ നോക്കിയാലും പട്ടിണി നഗ്നതാണ്ഡവം നടത്തിയിരുന്നു. ബംഗാൾ

ഇതിൽ നിന്നും ഒട്ടും വ്യത്യസ്ഥമായിരുന്നില്ല. പട്ടിണി മരണങ്ങൾ സാർവ്വത്രികമായി. ഒരു നേരാത്തെ ആഹരത്തിനുവേണ്ടി മക്കളെ വില്ക്കുന്ന അമ്മമാർ ധാരാളമുണ്ടായിരുന്നു. മരിച്ചു വീണുകിടക്കുന്ന അമ്മയുടെ മുലപ്പാൽ ആർത്തിയോടെ വലിച്ചു കുടിക്കുന്ന കുഞ്ഞുങ്ങളുടെ കഥ പലയിടങ്ങളിലും കേട്ടുതുടങ്ങി.

ഒരു ഇൻഡ്യാക്കാരനു യുദ്ധവുമായുള്ള ബന്ധം ഈ അനുഭവത്തിൽക്കൂടി വീക്ഷിക്കേണ്ടതുണ്ട്. മണിപ്പൂരിലും ബർമ്മയിലും ബ്രിട്ടീഷ് സൈന്യം തോററു പിൻതിരിയുന്ന 1942-ൽ പോലും തിരുവനന്തപുരത്തെയും എർണാകുളത്തെയും റിക്രൂട്ടിങ്ങ് ആഫീസ്സുകളിൽ പതിനായിരക്കണക്കിനു മലയാളിയുവാക്കൾ പട്ടാളത്തിൽ ചേരുന്നതിനു 'ക്യൂ' നിൽക്കുന്നുണ്ടായിരുന്നു. അവർ യുദ്ധത്തിൻെറ ഗതി മനസ്സിലാക്കാതെയാണോ ഇറങ്ങി തിരിച്ചിട്ടുള്ളതു്. ആയിടയ്ക്കുള്ള സംഭവവികാസങ്ങളിൽ നിന്നു് സഖ്യകക്ഷികളുടെ പരാജയം വലിയ ചിന്തയുടെ ആവശ്യമില്ലാതെതന്നെ വ്യക്തമാക്കിയിരുന്നു. എന്നിട്ടും ഈ ചെറുപ്പക്കാർ എന്തിനു മുന്നോട്ടു കുതിക്കുന്നു. അവരെ ഈ ഒററ വാചകത്തിൽ നിർവ്വചിക്കാം. "ജീവിക്കുവാൻ വേണ്ടി മരണത്തിനേല്പിച്ചുകൊടുത്തവർ." യുവാക്കന്മാർ മാത്രമല്ല, ധാരാളം യുവതികളും അക്കൂട്ടത്തിൽ പെടുന്നു. ക്ലേറിക്കൽ സെക്ഷനിലും നേഴ്സിങ്ങിനും ആയിരക്കണക്കിനു മലയാളി യുവതികൾ! ഇവരെല്ലാവരും ജീവിക്കുവാൻ വേണ്ടി ഇറങ്ങിതിരിച്ചവരാണോ? എന്നു ഞാൻ തീർത്തു പറയുന്നില്ല. അപകടങ്ങളെ നേരിടുന്നതിനെ അതിജീവിക്കുവാനുള്ള ആഗ്രഹം പലക്കുമുണ്ടല്ലൊ. അതുപോലെ ദേശസഞ്ചാരവും തജ്ജന്യമായ അറിവും സമ്പാദിക്കുവാനുള്ള ആകാംക്ഷയോടെ പുറപ്പെട്ടവരും ഉണ്ടായിരുന്നു.

എന്നെ ഇതിൽ ഏതുകൂട്ടത്തിൽ പെടുത്തണം. ഒന്നിൽ മാത്രം മതിയോ? പോരാ! എല്ലാത്തിലും പെടു

മെന്നു് കരുതുന്നതാണു കുറേക്കൂടി ശരിയായിട്ടുള്ളതു്. 1941 ലാണു എൻെറ യുദ്ധ യാത്രയുടെ ആരംഭം. ആദ്യത്തെ അഞ്ചുമാസം തിരുവനന്തപുരത്തു ഒരു സാങ്കേതിക പരിശീലനം ഉണ്ടായിരുന്നു. അതൊരു പട്ടാളജീവിതമെന്നു പറഞ്ഞുകൂടാ. ഞങ്ങൾ 40, 50 പേരു് അവിടെ പരിശീലനത്തിനുണ്ടായിരുന്നു. 1942 ഡിസംബർ 6-ാം തീയതി ഞായറാഴ്ച രാവിലെ 7. 30 നാണു തിരുവനന്തപുരം തമ്പാനൂർ റെയിൽവേ സ്റ്റേഷ്യനിൽ നിന്നും ഞങ്ങൾ കയറിയ തീവണ്ടി പുറപ്പെട്ടന്നതു്. അന്നെനിക്കു് 19വയസ്സു് മാത്രമേ പ്രായമുള്ളു. കേവലം അനാഗത ശ്മശ്രുവായിരുന്നകാലം! പ്രത്യേകിച്ചും കേരളത്തിനു വെളിയിൽ ഞാൻ ആദ്യമായി സഞ്ചരിക്കുകയുമാണു്. മലയാളവും അത്യാവശ്യത്തിനുള്ള ഇംഗ്ലീഷുമല്ലാതെ മററു ഭാഷകളൊന്നും അന്നെനിക്കു പരിചയമില്ല. സാധാരണഗതിയിൽ ഇതുപോലുള്ള യാത്രയിൽ കൂട്ടുകാരുണ്ടായിരിക്കും. അക്കാര്യത്തിലും വിധി എനിക്കനുകൂലമായിരുന്നില്ല. ഞങ്ങൾ ഏതാണ്ടു് 22 പേരുണ്ടായിരുന്നുവെങ്കിലും അലഹബാദിലേക്കു ഞാൻ ഏകനായിരുന്നു. മററുള്ളവർ ഇററാർസിവരെ എൻെറ കൂടെയുണ്ടായിരിക്കും. അതിനു ശേഷം ഏകനായുള്ള യാത്ര എന്നെ വളരെ വ്യാകുലപ്പെടുത്തി. ഇന്നു ഈ കഥകൾ എഴുതുമ്പോൾ മററുള്ളവക്കു അതൊരു വലിയ കാര്യമായി തോന്നുകയില്ല, പക്ഷേ അന്നത്തെസ്ഥിതി അതായിരുന്നില്ല. കാര്യങ്ങൾ വിവേചിച്ചറിയുവാനുള്ള ശക്തിയും കഴിവുമില്ലാത്ത പ്രായം! ആരോടെങ്കിലും എന്തെങ്കിലും ചോദിച്ചു മനസ്സിലാക്കാമെന്നു വിചാരിച്ചാൽ ഭാഷ എനിക്കു പരിചിതവുമല്ല. ദാഹിച്ചാൽ ഒരു ഗ്ലാസ്സു വെള്ളംപോലും ചോദിച്ചു വാങ്ങിക്കുവാൻ എനിക്കറിഞ്ഞുകൂടാ. എല്ലാററിലും ഉപരിയായി 1942-ലെ ദേശീയ പ്രക്ഷോഭണം നാടൊട്ടുക്കു അലയടിക്കുന്നു. വെടിവെയ്പുകളും ലാത്തിച്ചാർജ്ജുകളും നിത്യ

സംഭവങ്ങളായിരുന്നു. തീവണ്ടിമറിയ്ക്കലും തീവയ്പും അവിടവിടെ നടന്നുകൊണ്ടിരുന്നു, യുദ്ധസേവനം നിർവഹിക്കുന്നവരെക്കുറിച്ച് ദേശീയ നേതാക്കന്മാരുടെ ഇടയിൽ അവജ്ഞയും തദ്വാരാ അവരുടെ യാത്രകൾ അപകടപൂർണ്ണവും ആയിരുന്നു. ഈ സാഹചര്യത്തിൽ കേവലം 19 വയസ്സുള്ള ഒരു ചെറുപ്പക്കാരൻ ഏകനായി അലഹബാദിലേക്കു പുറപ്പെടുകയാണ്!

ആ ദിവസങ്ങൾ ഇന്നും ഒരു പേടിസ്വപ്നം പോലെ എനിക്കു തോന്നുന്നു. ഏതെല്ലാം തരത്തിലുള്ള ചിന്തകളാണ് എൻെറ മനസ്സിൽക്കൂടി കടന്നുപോയതു്. ഞാനെൻെറ അമ്മയുടെപേക്ക് ഒരു കാർഡും് ഇട്ടു. അമ്മ ഈ എഴുത്തു വായിക്കുമ്പോഴേക്കും ഞാൻ നമ്മുടെ പ്രിയപ്പെട്ട കേരളത്തെ പിന്നിട്ടു കഴിഞ്ഞുവെന്നു അതിൽ രേഖപ്പെടുത്തി. തീർച്ചയായും അമ്മ മാത്രമല്ല ആ എഴുത്തുവായിച്ച മററു പലരുടേയും കണ്ണുകൾ നിറഞ്ഞുകാണും. ഞങ്ങളുടെ അടുത്തു്, മരിച്ചുപോയ ഒരു പട്ടാളക്കാരൻെറ പെട്ടിയും മററും തിരിച്ചുവന്നതു് ആയിടയ്ക്കായിരുന്നു. പോരെങ്കിൽ എൻെറ യുദ്ധയാത്രയ്ക്കു കുടുംബാംഗങ്ങളുടെ അനുഗ്രഹവും ആശിസ്സും അനുവാദവും ഉണ്ടായിരുന്നില്ല.

ഞങ്ങളുടെ തീവണ്ടി ഒരു വലിയശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് മുന്നോട്ടു നീങ്ങി. തെളിഞ്ഞ ആകാശത്തിലേക്കു കറത്തിരുണ്ടപുക, ചുരുൾചുരുളായി വമിച്ചുകൊണ്ടിരുന്നു. തീവണ്ടിയുടെ ചഡോ, പിഡോ എന്നശബ്ദത്തെക്കാൾ എൻെറ ഹൃദയസ്പന്ദനം കൂടുതലുണ്ടെന്നു എനിക്കു തോന്നി. തമ്പാനൂർ റെയിൽവേസ്റ്റേഷനിൽ ഞങ്ങളെ യാത്രയയയ്ക്കുന്നതിനു വന്ന ഹോസ്റ്റൽ സുഹൃത്തുക്കളെല്ലാം ഞങ്ങൾക്കു യാത്രാനുവാദം നൽകി. അവരെയൊക്കെ വേണ്ടുംവിധത്തിൽ ഉപചരിച്ചോ എന്നെനിക്കു സംശയമുണ്ടു്.

അതിലെല്ലാം ഉപരിയായി എൻെറ ഹൃദയത്തെ മഥിച്ചു കൊണ്ടിരുന്നതു് എൻെറ ഏകാന്തയാത്രയായിരുന്നു. ഏതെല്ലാം സ്റ്റേഷ്യനുകൾ പിന്നിട്ടെന്നു് എനിക്കു ഓർമ്മ പോരാ. ഞങ്ങൾ ഇരുന്നമുറിയിൽ ഒരു ഇരുട്ടു വ്യാപിച്ച തിനാൽ അതു വക്കലെ തുരങ്കമാണെന്നു് മനസ്സിലായി. പുനലൂർ മുതൽ ചെങ്കോട്ട വരെയുള്ള പ്രകൃതിസുന്ദരമായ വനഭാഗങ്ങളും മലകളും പാറക്കൂട്ടങ്ങളും, ഞങ്ങളെനോക്കി പല്ലിളിക്കുന്ന വാനരസമൂഹവും ഒന്നും എൻെറ ഹൃദയത്തെ ആകർഷിക്കുവാൻ പര്യാപ്തമായിരുന്നില്ല. പ്രകാശം നിറഞ്ഞ ജീവിതത്തിൽ ഇരുളുകൾ എന്നപോലെ വീണ്ടും തീവണ്ടിമുറി ഇരുട്ടകഴിഞ്ഞു. ആര്യങ്കാവു തുരങ്കത്തിൽ കൂടിയാണു ഇപ്പോൾ വണ്ടി ഓടുന്നതെന്നു് ഒരു സഹയാത്രികൻ പറഞ്ഞപ്പോൾ പണ്ടു പ്രൈമറിസ്കൂളിൽ പഠിച്ചിരുന്ന പഴയപാഠങ്ങൾ ഓർമ്മയിൽവന്നു.

ചെങ്കോട്ട കഴിയുമ്പൊഴേ കേരളവും മദ്രാസ്സുമായുള്ള വ്യത്യാസം മനസ്സിലാക്കാൻ സാധിക്കും. ചക്രവാളംവരെയും വിരിഞ്ഞുവിശാലമായി കിടക്കുന്ന മദ്രാസ്സുപ്രദേശങ്ങളിൽ ചോളവും നിലക്കടലയും ഉണങ്ങിവരണ്ടു നിൽക്കുകയാണു്. അവിടെക്കണ്ട ചെമ്മരിയാടിൻ കൂട്ടങ്ങൾ ഞങ്ങളെ അലക്ഷ്യമായികരുതുകയും കഴുതകൾ തലയുയർത്തി ഞങ്ങളെ ബഹുമാനിക്കുകയും ചെയ്തു. മധുര സ്റ്റേഷ്യൻ കടന്നപ്പോൾ മീനാക്ഷിക്ഷേത്രം കാണാൻ സാധിച്ചില്ലല്ലോ എന്നൊരു ഖേദം ഉണ്ടായി. വിരുതുനഗറും, വൈഗാ, കാവേരി, എന്നീ നദികളും പിന്നിട്ടപ്പോൾ ഭൂമിശാസ്ത്രത്തിനു പഴയ പാഠമെടുക്കുന്ന ഒരു അദ്ധ്യാപകൻെറ ക്ലാസ്സിലാണിരിക്കുന്നതെന്നു തോന്നി.

7-ാംതീയതി തിങ്കളാഴ്ചരാവിലെ 7മണിക്കുതന്നെ ഞങ്ങൾ മദ്രാസ്സിൽ എത്തി. അന്നത്തെ മദ്രാസ്സുഗവർ

റായിരുന്ന സർ. ആർതർ ഹോപ്പിന്റെ രക്ഷാധികാരത്തിൽ നടത്തപ്പെടുന്ന ഒരു മിലിററ്ററിക്ലബ്ബിൽ അന്നു ഞങ്ങൾ കഴിച്ചുകൂട്ടുകയും മദ്രാസ്സുപട്ടണത്തിന്റെ പ്രധാനഭാഗങ്ങൾ കാണുകയും ചെയ്തു.

8-ാം തീയതി ചൊവ്വാഴ്ച രാവിലെ 7. 45,നുള്ള ഡൽഹി എക്സ്പ്രസ്സിനു ഞങ്ങൾ യാത്രതുടൻനു. അന്നും ഇന്നും തമ്മിൽ യാത്രാസൌകര്യങ്ങൾക്കു വലിയ അന്തരം സംഭവിച്ചിട്ടുണ്ട്. എല്ലാവാഹനങ്ങളും പട്ടാളക്കാരെക്കൊണ്ടു നിറഞ്ഞിരുന്നു. സിവിലിയൻസിനു തീവണ്ടിയാത്ര ഏററവും ദുഷ്കരമായിരുന്നു. നിവൃത്തിയുണ്ടെങ്കിൽ അത്തരക്കാരെ തീവണ്ടിയിൽ കയററാതിരിക്കുവാൻ മുട്ടാളന്മാരായ പട്ടാളക്കാർ നിർബന്ധം പിടിച്ചിരുന്നു. ബഡിങ്ങും പെട്ടിയും ജനൽവഴി എങ്ങിനെയെങ്കിലും വണ്ടിയ്ക്കകത്താക്കിയ ശേഷം വണ്ടിയിൽ കയറുവാൻ ശ്രമിക്കുന്നവരുടെ സ്ഥിതി ഏററവും കഷ്ടതരമായിരിക്കും. പെട്ടിയും മററും വണ്ടിയിൽ എത്തിയതില്പിം വേഗത്തിൽ വെളിയിലോട്ടു് എറിയുകയായി. യാത്രചെയ്യുവാൻ നിവൃത്തിയില്ലാത്ത അനേകരുടെ ബുദ്ധിമുട്ടുകൾ പലസ്റ്റേഷ്യനിലും കാണുകയുണ്ടായി. കിടക്കുന്നതിനും ഇരിക്കുന്നതിനും പോലും സൌകര്യമുണ്ടായിരുന്നില്ല. അക്കാലത്തു് അങ്ങിനെയുള്ള 6, 7 ദിവസത്തെ ദീർഘയാത്രകൾ ഞാനിപ്പോൾ ഓർക്കുകയാണു്. മുറികൾ വൃത്തിയുള്ളതോ പരിഷ്കൃതസജ്ജീകരണങ്ങളോടു കൂടിയതോ ആയിരുന്നില്ല. കഴിഞ്ഞ വർഷം എന്റെ സ്കൂളിലെ ഏതാനും കുട്ടികളോടുകൂടി മലമ്പുഴയ്ക്കു വിനോദയാത്ര ചെയ്തപ്പോഴാണു കഴിഞ്ഞ 18വർഷംകൊണ്ടു റെയിൽവേയ്ക്കുണ്ടായ പുരോഗതി അനുഭവപ്പെട്ടതു്.

തീവണ്ടിയിൽവെച്ചു വേദനാജനകമായ പല അനുഭവങ്ങളും എനിക്കുണ്ടായി. പ്രത്യേകിച്ചും ഒരുസംഘം

മുട്ടാളന്മാരുടെ നിർദ്ദയമായ മർദ്ദനം അനുഭവിക്കേണ്ടി വന്ന ഒരു റെയിൽവേ തൊഴിലാളിയുടെ ദീനരോദനം ഇപ്പോഴും എന്റെ ശ്രവണങ്ങളിൽ മുഴങ്ങുന്നതായി തോന്നുന്നു. ഇക്കൂട്ടർക്ക് എന്തുമാകാമെന്ന ഒരവസ്ഥയാണു പലയിടത്തും കണ്ടതു്. ഓരോ സ്റ്റേഷ്യനിലും വണ്ടിനിത്തുമ്പോൾ വാങ്ങുന്ന ചായയ്ക്കോ പഴവർഗ്ഗങ്ങൾക്കോ പണം കൊടുക്കാതെ സൌകര്യപൂർവ്വം ഒഴിഞ്ഞുമാറുന്ന പലരേയും അക്കൂട്ടത്തിൽ കണ്ടു.

ഇററാർസിവരെയും എനിക്കു് മലയാളിസ്നേഹിതന്മാരുണ്ടായിരുന്നു. ഇററാർസിയിൽനിന്നും എനിക്കു അലഹബാദിനു വേറെ വണ്ടി കയറേണ്ടതുണ്ടു്. തുടിയ്ക്കുന്ന ഹൃദയത്തോടും അശ്രുബിന്ദുക്കളാൽ മിനുങ്ങുന്ന കൺപീലികളോടും ഞാൻ അവിടെവെച്ചു അവരോടു യാത്രപറഞ്ഞു. ഞാനിതാ ഏകനായിരിക്കുന്നു! എന്നെ അറിയുന്നവരോ ഞാനറിയുന്നവരോ ആരും ഇല്ല. ഭാഷയാണെങ്കിൽ എനിക്കു ഒട്ടും ചരിചയമില്ലാത്ത ഹിന്ദി. സമയം രാത്രി! അലഹബാദ്ദു് വണ്ടി ചൂളം വിളിച്ചുകഴിഞ്ഞു. പച്ചക്കൊടി സ്റ്റേഷ്യനിൽ ഉയർന്നു. ഞാൻ ശരിയ്ക്കുറങ്ങിയിട്ടു ഏതാനും ദിവസങ്ങൾ കഴിഞ്ഞിരിക്കുന്നു. എനിക്കുറങ്ങണമെന്നുണ്ടു്. പക്ഷേ എങ്ങനെ ഉറങ്ങും. അലഹബാദ്ദു് സ്റ്റേഷ്യനിൽ വണ്ടി എപ്പോൾ എത്തുമെന്നു എനിക്കറിഞ്ഞുകൂടാ. സ്റ്റേഷ്യൻ എത്ര മൈൽ ദൂരത്തിലാണെന്നും അറിഞ്ഞുകൂടാ. തന്നിമിത്തം ഓരോ സ്റ്റേഷ്യനിൽ എത്തുമ്പോഴും ഞാൻ ബോർഡു നോക്കേണ്ടതായുണ്ടു്. ഒന്നു സംസാരിക്കാൻ ആരും ഇല്ല, നമ്മുടെ നാട്ടിൽ ഏതു കുഗ്രാമത്തിൽ ചെന്നാലും ഇംഗ്ലീഷ് കുറെയെങ്കിലും അറിയാവുന്നവർ കാണുമല്ലോ. പക്ഷേ വടക്കേഇൻഡ്യയിൽ അതല്ല സ്ഥിതി. എന്റെ മുറിയിൽ ഒരു ഇംഗ്ലീഷ് വാക്കു പോലും അറിയാവുന്ന ആരും ഉണ്ടായിരുന്നില്ല.

തീവണ്ടി നീങ്ങുകയാണ്; അവനിതൊന്നും സാരമി ല്ലാത്തവിധം തുപ്പുകയും ചീററുകയും ചെയ്യുന്നുണ്ട്. വെളു പ്പിനു നാലുമണിയായപ്പോൾ കോട്ടും പാൻറും ധരിച്ച ഒരു ദീർഘകായൻ ആ മുറിയിൽ പ്രവേശിച്ചു. പെട്ടിയും മററും കൊണ്ടു് അദ്ദേഹം ഒരു യാത്രക്കാരൻ തന്നെ എന്നു ഞാൻ അനുമാനിച്ചു. ഞാനദ്ദേഹത്തോടു ചേർന്നിരുന്നു. എൻെറ നിസ്സഹായാവസ്ഥ മുഖത്തു വ്യക്തമായിരുന്നു. അ ദ്ദേഹത്തിനു ഇംഗ്ലീഷ് ഭാഷ വശമുണ്ടെന്നു വേഷ ഭൂഷാദി കൾ വെളിപ്പെടുത്തി. എൻെറ വിവരങ്ങൾ എല്ലാം "ഒട്ടതൻ പ്രലപനങ്ങളാലൊട്ടറിഞ്ഞു നിജ വൈഭവങ്ങ ളാൽ" എന്ന മട്ടിലായി. രാവിലെ ഒരു 8 മണിയോടു കൂടിയെ അലഹബാദിൽ എത്തുകയുള്ളുവെന്നും സ്റ്റേഷ്യൻ താൻ കാണിച്ചുതരാമെന്നും ഒട്ടും ഭയപ്പെടേണ്ടന്നും അദ്ദേ ഹം എന്നെ സമാധാനിപ്പിച്ചു.

അടുത്ത ദിവസം രാവിലെ 8 മണിക്കു തീവണ്ടി അലഹബാദ് സ്റ്റേഷ്യനിൽ എത്തി. ആ മാന്യനോടു ഞാൻ യാത്രപറഞ്ഞു അവിടെ ഇറങ്ങി. ഡിസംബർ മാസ മായിരുന്നതിനാൽ വളരെ തണുപ്പുണ്ടായിരുന്നു. തൊട്ടടു ത്തു ആൾ നിന്നാൽപോലും കാണാൻ സാധ്യമല്ലാത്ത വിധം മൂടൽമഞ്ഞു് സർവ്വത്ര നിറഞ്ഞിരുന്നു. അലഹബാ ദ് ഇക്കാലങ്ങളിൽ ഇത്രയധികം തണുപ്പുള്ള സ്ഥലമാ യിരിക്കുമെന്നു് എനിക്കു് മനസ്സിലായിരുന്നില്ല. ഞാൻ നാടൻ മലയാളി വേഷത്തിലാണു് യാത്രചെയ്തിരുന്നതു്. ഒരു ഖദർമുണ്ടും ജിബ്ബായുമല്ലാതെ തണുപ്പിനോടു മല്ലിട്ടു ജയിക്കാനുള്ള ആയുധങ്ങൾ ഒന്നും ഞാൻ കരുതിയിരുന്നി ല്ല. വിരലുകൾപോലും തണുപ്പുകടിച്ചു് മടങ്ങിയിരിക്കു ന്നു. താടി താളം പിടിയ്ക്കുന്നുണ്ടു്. എന്താണു ചെയ്യേണ്ട തെന്നറിയാതെ ഞാൻ പകച്ചു നിന്നു!

ഒരു യൂറോപ്യൻ പട്ടാള ഉദ്യോഗസ്ഥൻ എന്നെ ഉരു മ്മി കടന്നുപോയി. എൻെറ പോക്കററിൽനിന്നു് എനി

ക്കു കിട്ടിയിട്ടുള്ള ഓർഡർ എടുക്കുവാൻ പോക്കററിൽ കൈയ്യിട്ടു, എടുക്കുവാൻ അല്പംതാമസിച്ചു. കാരണം വിരൽ നിവരുന്നില്ല ഏതായാലും അദ്ദേഹം പോയ വഴിയെ ഞാൻ യാത്ര തുടർന്നു. പല മിലിട്ടറി ഉദ്യോഗസ്ഥന്മാരുണ്ടായിരുന്ന ഒരു വലിയ ഓഫീസിലേക്കാണ് അവസാനം ഞാൻ ചെന്നെത്തിയത്. അതിൽ പ്രധാനിയുടെ കൈവശം ഞാൻ എൻെറ കൈവശമുണ്ടായിരുന്ന ടൈപ്പുചെയ്ത കടലാസ്സു കൊടുത്തു. അവർ എന്തൊക്കയോ പറഞ്ഞു. ആദ്യം പറഞ്ഞതു ഹിന്ദിയിലും പിന്നീടുപറഞ്ഞതു് ഇംഗ്ലീഷിലുമായിരുന്നു. ഒരു യൂറോപ്യൻ ആഫീസറെ ചൂണ്ടിക്കാണിച്ചിട്ടു് അദ്ദേഹത്തിൻെറ കൂടെ ചെല്ലുവാനാണു് നിർദ്ദേശിച്ചതെന്നു് എനിക്കു മനസ്സിലായി. ഞാൻ അയാളെ പിൻതുടർന്നു. പല ഗോവണികളും ആഫീസ്സുകളും പാലങ്ങളും കയറി ഇറങ്ങി ഞങ്ങൾ സ്റ്റേഷനടുത്തുള്ള തെരുവീഥിയിൽ എത്തി. അദ്ദേഹം ഒരു കുതിരവണ്ടിക്കാരനെ വിളിച്ചു എന്നെ ഏർപ്പെടുത്തി. വണ്ടിയിൽ കയറി ഇരുന്നാൽ മതിയെന്നും അയാൾ നിങ്ങൾ എത്തേണ്ട സ്ഥാനത്തു എത്തിക്കുമെന്നും പറഞ്ഞു. ഞാൻ വണ്ടിയിൽ കയറി ഇരുപ്പുമായി. ഒരു അര മണിക്കൂറെങ്കിലും ആ ഇരുപ്പു വണ്ടിയിൽ ഇരുന്നു കാണും. വണ്ടിക്കാരൻ വണ്ടി വിടുന്നില്ല. അതുമാത്രമല്ല എന്നോടു് എന്തൊക്കയൊ പറയുന്നുമുണ്ടു്. അയാൾ പറയുന്ന ഭാഷ ഹിന്ദിയാണെന്നല്ലാതെ എനിക്കു മറെറാന്നുംമനസ്സിലാകുന്നില്ല. ആദ്യം ശാന്തമായി തുടങ്ങിയ അയാളുടെ സംസാരം കുറേക്കഴിഞ്ഞപ്പോൾ വളരെ ഉറച്ച ശബ്ദത്തിലായി. ഭാവങ്ങൾകൊണ്ടു അയാൾ കോപിക്കയാണെന്നും എന്തൊക്കെയോ അനാവശ്യങ്ങൾ പറകയാണെന്നും എനിക്കു മനസ്സിലായി. തിരിച്ചു ചെന്നു് സായ്പിനോടു് വിവരം പറയണമെങ്കിൽ തിരിച്ചുപോകാനുള്ള വഴി എനിക്കു നിശ്ചയമില്ല. ഇയ്യാളോടു മറുപടി പറയുന്ന

തിനോ കാര്യം ഗ്രഹിക്കുന്നതിനോ സാധിക്കുന്നുമില്ല. ഞാൻ വളരെ പരുങ്ങലിലായി. അയാളുടെ പ്രസംഗത്തിൽ പലപ്പോഴും പൈസാ, പൈസാ എന്ന ശബ്ദം ഞാൻ കേട്ടു. അപ്പോഴാണ് എനിക്കു കാര്യം മനസ്സിലായത്. പണം കൊടുക്കാത്തതുകൊണ്ടാണ് അയാൾ വണ്ടി വിടാത്തതെന്ന്. ഞാൻ ധരിച്ചിരിച്ചിരുന്നത് തീവണ്ടിയ്ക്കു ഞാൻ ടിക്കററിനുള്ള പണം കൊടുക്കാതിരുന്നതുപോലെ കുതിരവണ്ടിയ്ക്കും കൊടുക്കേണ്ടതില്ലെന്നായിരുന്നു. ഏതായാലും 2 രൂപയുടെ ഒരു നോട്ടെടുത്തു അയാൾക്കു കൊടുത്തു. ബസ്സ്,. എന്ന് അയാൾ പറഞ്ഞപ്പോൾ കുതിരവണ്ടി ബസ്സ്സ്റ്റാൻഡ് വരെ മാത്രമെ പോകുകയുള്ള വെന്നും അതിനുശേഷം ബസ്സയാത്ര വേണ്ടിവരുമെന്നും ഞാൻ ധരിച്ചു. പിൽക്കാലത്ത് എനിക്കു മനസ്സിലായി 'ബസ്സ്' എന്ന ഹിന്ദി വാക്കിന് 'മതി എന്നാണർത്ഥം, ബസ്സ് യാത്രയല്ലെന്നും. അന്നു 2 രൂപാ കൊടുത്തുവെങ്കിലും പിന്നീടു പലപ്പോഴും ഞങ്ങളുടെ ക്യാമ്പിൽ നിന്നു ഞാൻ 6 ണയ്ക്കു അവിടെ വരെ കുതിര വണ്ടിയിൽ യാത്രചെയ്തിട്ടുണ്ട്. ഹിന്ദിയിൽ എനിക്കുള്ള അജ്ഞതയെ അയാൾ ചൂഷണം ചെയ്തിരിക്കുന്നു.! ഒരു അര മണിക്കൂറിനകം ഞാൻ അലഹബാദ് മിലിററി ക്യാമ്പിൽ എത്തി.

1174

## II നിങ്ങൾ മലയാളിയോ?

അപ്പോഴും മൂടൽ മഞ്ഞു് മാറിയിട്ടില്ല. എന്നെ വിറപ്പിക്കുന്നുണ്ടു്. ക്യാമ്പിൻെറ ഗയിററിൽ തന്നെ പഞ്ചാബി പട്ടാള ഉദ്യോഗസ്ഥൻ നിന്നിരുന്നു. എന്നെക്കണ്ടപ്പോഴെ അദ്ദേഹത്തിനു കാര്യങ്ങൾ കുറെയൊക്കെ മനസ്സിലായി. ഞാനൊന്നും പറഞ്ഞറിയിക്കേണ്ടി വന്നില്ല. അദ്ദേഹത്തിനു ഇംഗ്ലീഷിൽ 20, 25 വാക്കുകളറിയാം. ആ വാക്കുകൾ മാററിയും മറിച്ചും ഉപയോഗിച്ചാണു് അദ്ദേഹം സംസാരിക്കുന്നതു്. ഏതാണ്ടു് കമ്പിവാചകങ്ങൾ എന്ന മട്ടിൽ. എന്നെ അദ്ദേഹം ഓഫീസിലേക്കു് കൊണ്ടുപോയി. ഇങ്ങനെ നൂറു കണക്കിനു് പുതുതായി വരുന്ന ആളുകളെ സ്വീകരിച്ചു് പഴകിയവനാണദ്ദേഹമെന്നെനിക്കു തോന്നി. ആ ആഫീസ്സിൽ എന്നെ സംബന്ധിച്ച എന്തൊക്കെയോ നടന്നു. എനിക്കൊന്നും മനസ്സിലാകുന്നില്ല. ബലിയ്ക്കുള്ള മൃഗം എന്നതുപോലെ ഞാൻ സഞ്ചരിക്കുന്നുവെന്നു മാത്രം. സമയം അപ്പോഴേക്കും 12 മണിയോടടുത്തിട്ടുണ്ടു്. അവിടെനിന്നും ഞാൻ വേറൊരു സ്ഥലത്തേക്കു് നയിക്കപ്പെട്ടു. അവിടെയാണുപോലും പട്ടാളക്കാർ താമസിക്കുന്നതു്. നൂറു കണക്കിനു് കൂടാരങ്ങൾ! എല്ലാം വരിവരിയായി വെളുത്തുയർന്നു നിൽക്കുന്നു. അവിടമെല്ലാം നിശബ്ദമാണു്. കുറഞ്ഞപക്ഷം 500 പേർക്കെങ്കിലും താമസ സൌകര്യങ്ങളുണ്ടു്. പക്ഷേ എല്ലാവരും ജോലിസ്ഥലത്തേക്കു് പോയിരിക്കുകയാണു്. ഒരു ടെൻറിൽ ഒരു കട്ടിൽ ചൂണ്ടിക്കാണിച്ചുകൊണ്ടു് അദ്ദേഹം നിർദ്ദേശിച്ചു:– "അതു് നിങ്ങൾക്കുള്ളതാണു്."

ന്ന

വീണ്ടും ഞാൻ ഭക്ഷണശാലയിലേക്ക് നയിക്കപ്പെട്ടു. അതെനിക്ക് വളരെ താല്പര്യമുള്ള കാര്യമാണ്. കാരണം കഴിഞ്ഞ 3 ദിവസമായി ഞാൻ ശരിയായി ഭക്ഷണം കഴിച്ചിരുന്നില്ല. മദ്രാസ്സിലെ കേരളാ ഹോട്ടലിൽ നിന്ന് ചോറുണ്ടതാണ്. പിന്നീടുണ്ടായ ഭക്ഷണം ഒന്നും തൃപ്തികരമായിരുന്നില്ല. തീവണ്ടിസ്റ്റേഷനുകളിൽ കിട്ടിക്കൊണ്ടിരുന്ന ചപ്പാത്തിയും പൂരിയും എനിക്ക് പുത്തരിയായിരുന്നു. പ്രത്യേകിച്ചും അതു വിതരണം ചെയ്യുന്ന ആളുകളുടെ ശുചിത്വത്തിൽ വലിയ ആശങ്കയുമുണ്ടായിരുന്നു. കുടിക്കാൻ പാലും കാപ്പിയും കിട്ടും. പക്ഷേ പലയിടത്തും ഒരുതരം മൺചട്ടിയാണ് അതിന് പയോഗിച്ചിരുന്നത്. ഉപയോഗം കഴിഞ്ഞു് ചട്ടി കളയാം. ഏററവും വിചിത്രമായി തോന്നിയത് ഹിന്ദു ചായ്, മുസ്ലീം ചായ്, ഹിന്ദു ദൂധ്, മുസ്ലീം ദൂധ്, എന്നീ വിളികളായിരുന്നു ആട്ടിൻ പാലെന്നും പശുവിൻ പാലെന്നും പറഞ്ഞാൽ നമുക്ക് മനസ്സിലാക്കാം. പക്ഷേ എന്താണ് ഈ ഹിന്ദുക്കളുടെ പാലും മഹമ്മദിയരുടെ പാലും! വടക്കോട്ടൊക്കെ പാലിനുവേണ്ടി മനുഷ്യരേയും കറക്കുമോ? ഏതായാലും വിവേകാനന്ദൻ കേരളത്തിലെ ജാതി വ്യത്യാസത്തെക്കണ്ടു കേരളം ഒരു ഭ്രാന്താലയമെന്നു പറഞ്ഞു. ഈ സമ്പ്രദായത്തിന് എന്തു പേരു പറയണം. "നരകമിവിടമാണഹന്ത കഷ്ടം! ധരയിതിലിങ്ങനെ വല്ലനാട്ടുമുണ്ടോ?" എന്നു കുമാരനാശാൻ പാടിയതു് ഞാൻ ആ സന്ദർഭത്തിൽ ഓർത്തു. ഭക്ഷണശാലയിൽ കറുത്തിരുണ്ട ഒരു ദീർഘകായൻ ദേഹം മുഴവൻ കരിയും വിയർപ്പും അണിഞ്ഞു നിൽക്കുന്നു. അയാാം പ്രാകൃതമായ ഹിന്ദിയിൽ എന്നോടു ചോദിച്ചു, ഹിന്ദുവാണോ മുസ്ലീമാണോ എന്ന്. അത്രയും എനിക്ക് മനസ്സിലായി. ഇങ്ങനെ ഒരു ചോദ്യം ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. ഞാൻ മലയാളത്തിൽതന്നെ മറുപടി പറഞ്ഞു: രണ്ടുമല്ല, മലയാളിയാണ്. അയാാം എന്തു മനസ്സിലാ

ക്കിയെന്നു് എനിക്കറിഞ്ഞുകൂടാ. ഒരു വലിയ അലുമിനീയം പാത്രം എടുത്തു് എന്റെ കൈവശം തന്നു. ഒരു വലിയ ചെമ്പുപാത്രം നിറയെ ചോറു വെച്ചിരിക്കുന്നു. അതിൽ ഈച്ച ആർത്തട്ടഹസിക്കയാണു്. അതിൽനിന്നു് അയാൾ രണ്ടു കൈയ്യും കൂട്ടി ചോറുവാരി എന്റെ പാത്രത്തിലേക്കിട്ടു. ശബ്ദം കൊണ്ടു് ചോറിനെക്കാൾ കൂടുതൽ കല്ലും നെല്ലും ആണെന്നു് എനിക്കു് മനസ്സിലായി. അതിന്റെ മീതെ 'മട്ടമടെ' കുറെ പരിപ്പു വേവിച്ചതു്. ഞാൻ എത്ര വിശപ്പുള്ളവനായിരുന്നാലും അതോടെ എന്റെ വിശപ്പു് പമ്പകടന്നു. ഞാൻ അല്പം മാറി ഒരു സ്ഥലത്തു പോയിരുന്നു് ഒരു പിടി ചോറു വാരിതിന്നാൻ ശ്രമിച്ചു. പക്ഷേ അതു് ഇറങ്ങുന്നതിനു മുമ്പു് ഛർദ്ദിച്ചു കഴിഞ്ഞു. കുടൽ വെളിയിൽ വന്നെന്നു എനിക്കു തോന്നി. എന്റെ കണ്ണുകൾ നിറഞ്ഞു. പട്ടാള ജീവിതത്തിലെ ആദ്യത്തെ അനുഭവം! ഞാൻ തീരുമാനിച്ചു, ഇവിടെ കിടന്നു മരിയ്ക്കുകയെ ഉള്ളു. ഭക്ഷണം ശരിയല്ല. ഭാഷയറിഞ്ഞുകൂടാ. ഭയങ്കരമായ തണുപ്പ്. ഞാനിറങ്ങിത്തിരിച്ച സമയത്തെതന്നെ ശപിച്ചു. എന്റെ പ്രിയപ്പെട്ട നാടിനേയും നാട്ടുകാരെയും ബന്ധുക്കളെയും കാണാതെ ഈ അതിവിദൂരതയിൽ കിടന്നു മരിക്കുക; പ്രത്യേകിച്ചും പട്ടിണികിടന്നു്. ഞാൻ ആ ചോറെടുത്തു കളയുന്നതിനുവേണ്ടി അതിനായി വെച്ചിരുന്ന ഒരു വീപ്പയുടെ അടുക്കലേക്കു് ചെന്നു. ആ വീപ്പ നിറയെ ചോറു കിടക്കുന്നു. തീർച്ചയായും എന്നെപ്പോലുള്ള മററു ചിലർ കൂടി ഇവിടെയുണ്ടെന്നുള്ളതിന്റെ ഒരു സൂചനയാണതു്. ഞാൻ കൈ കഴുകി. പാത്രവും കഴുകി. നല്ല തണുത്ത വെള്ളം കുറെ കുടിച്ചു. അപ്പോഴും കണ്ണുനിറഞ്ഞു് ഒഴുകുകയാണു്. നേരത്തെ കണ്ട കുശിനിക്കാരൻ എന്നെ സൂക്ഷിക്കുന്നുണ്ടു്. അയാൾ എന്തോ പറഞ്ഞു. എനിക്കൊന്നും മനസ്സിലായില്ല. ഇങ്ങനെ എത്ര പേരെ കണ്ടവനായിരിക്കും അയാൾ!

എൻെറ പറകിൽ ഒരു കാൽപെരുമാററം. ഞാൻ തിരിഞ്ഞു നോക്കി. വെള്ളവസ്ത്രം ധരിച്ച ഒരു ചെറുപ്പക്കാരൻ; മുഖത്തു നിരാശയുടേയും പരിഭ്രമത്തിൻെറയു, സൂചനകഠം ഉണ്ടു്. വേഷവും ഭാവവും കൊണ്ടു ഒന്നകിൽ മലയാളി, അല്ലെങ്കിൽ ബങ്കാളി എന്നു ഞാൻ തീരുമാനിച്ചു. ആ ചെറുപ്പക്കാരൻ എന്നോടു കുറേക്കൂടി അടുത്തുവന്നു. ശങ്ക കൂടാതെ തനി മലയാളത്തിൽ ചോദിക്കയാണു് "നിങ്ങഠം മലയാളിയാണോ?" ആ ശബ്ദം ഒരു മൃതസഞ്ജീവിനിയായി എനിക്കു തോന്നുകയാണു്. എത്രയോ മലയാളം വാക്കുകഠം ഞാൻ കേട്ടിരിക്കുന്നു, പലരുടേയും വാത്സല്യത്തിനും ബഹുമാനത്തിനും ഞാൻ പാത്രമായിട്ടുണ്ടു്. എങ്കിലും എൻെറ ജീവിതത്തിൽ ഇത്രമാത്രം കുളുർമ്മയുണ്ടാക്കിയ മറെറാരു വാചകവും ഞാൻ കേട്ടിട്ടില്ല. എൻെറ ദുഃഖം പകുതി മാറിപ്പോയി. എൻെറ ക്ഷീണം മുക്കാലും തീർന്നു. എൻെറ വയർ താനെ നിറഞ്ഞതായി എനിക്കനുഭവപ്പെട്ടു. എൻെറ മനസ്സു് തെളിഞ്ഞു ഞാൻ വേഗം ഉത്തരം പറഞ്ഞു.. 'അതേ''

''വീടെവിടെയാണു് ?

"തിരുവിതാംകൂറിലാണു്"

"തിരുവിതാംകൂറിൽ എവിടെ",

"കോട്ടയത്തു്"

"കോട്ടയത്തു എവിടെ ?"

''പുതുപ്പള്ളിയിൽ''

അദ്ദേഹം വളരെയേറെ അടുത്തു സംസാരിക്കുന്നു. കോഴഞ്ചേരിക്കാരൻ ഒരു ജോൺ; തലേ ദിവസം ഇവിടെ എത്തിയതെയുള്ളു. അദ്ദേഹത്തിൻെറയും സ്ഥിതി അന്നു് ഇങ്ങനെയൊക്കെയായിരുന്നുവെന്നും ഒട്ടും ഭയപ്പെടേണ്ടെന്നും ധാരാളം മലയാളികഠം ഇവിടെയുണ്ടെന്നും അവരെല്ലാം വ

ക്ക് ഷോപ്പിൽ പണിക്കുപോയിരിക്കയാണെന്നും 5 മണിയാകുമ്പോൾ തിരിച്ചെത്തുമെന്നും പറഞ്ഞു. ഭക്ഷണകാര്യത്തിലും പരിഭ്രമത്തിനാവശ്യമില്ലെന്നു് പറഞ്ഞപ്പോൾ എനിക്കു് ഏതാണ്ടൊരു ആശ്വാസമായി. അദ്ദേഹത്തിൻെറ ടെൻറിലേക്കു് എന്നെ കൂട്ടികൊണ്ടുപോകയും വളരെ ആശ്വാസകരമായി സംസാരിച്ചു് എന്നെ ധൈര്യപ്പെടുത്തുകയും ചെയ്തു. എൻെറ മിലിട്ടറി ജീവിതത്തിലെ ആദ്യത്തെ സുഹൃത്താണു് മി. ജോൺ. ഏതാണ്ടു് രണ്ടുവഷം ഞങ്ങൾ പലയിടങ്ങളിലായി ഒന്നിച്ചു പാർത്തു ഹരിഹറിൽനിന്നു് ഇററലിയ്ക്കാണു് ജോൺ പോയതെന്നാണു് എൻെറ അറിവു്. അതിനുശേഷമുള്ള വിവരങ്ങൾ ഒന്നും അറിഞ്ഞുകൂടാ. ആ കാലങ്ങളിൽ എൻെറ സന്തോഷത്തിലും സന്താപത്തിലും ജോൺ പങ്കാളിയായിരുന്നു. എനിക്കു വേണ്ടി, ഞാൻ ചെയ്യേണ്ട പല ജോലികൾ പോലും ചെയ്തു് ജോൺ എന്നെ സഹായിച്ചിട്ടുണ്ടു്.

## III. യമുനാതീരത്തു്.

അലഹബാദിലെ ജീവിതം സന്തോഷപ്രദമായിരുന്നു. അവിടത്തെ നിയമങ്ങളുമായി പൊരുത്തപ്പെടുന്നതിനു് എനിക്കു് അധികം പ്രയാസം തോന്നിയില്ല. എല്ലാററിലും ഉപരിയായി എന്നെ സന്തോഷിപ്പിച്ചതു് പ്രകൃതിഭംഗിയാണു്. പുലർകാല വനിത മംഗല്യപാത്തണിയുമ്പോഴാം കിഴക്കൻ മലകളുടെ നെററിത്തടത്തിൽ രക്തചന്ദനവും ചാർത്തിയണയുന്ന ആദിത്യനും, ക്യാമ്പിൻെറ ഒരുവശത്തെ തഴുകി തഴുകി പ്രശാന്ത ഗംഭീരയായൊഴുകുന്ന യമുനാനദിയും, യമുനയുടെ രണ്ടു കരകളെയും തമ്മിൽ ബന്ധിക്കുന്ന നീളമേറിയതും ബലിഷ്ഠവുമായ പാലവും എല്ലാം എനിക്കു കൌതുകമുള്ള കാഴ്ചകളായി തോന്നി. ക്യാമ്പിൻെറ തൊട്ടടുത്താണു അലഹബാദിലെ മിൻേറാപാർക്കു് സ്ഥിതിചെയ്യുന്നതു്. ഞങ്ങളുടെ ജോലിസ്ഥലം അവിടെനിന്നു ഏകദേശം ഒരു മൈൽ ദൂരെയുള്ള അലഹബാദു് ആർസനൽ ആയിരുന്നു.

രാവിലെ 5 മണിക്കു എല്ലാവരും ഉണരണം. എങ്കിലും ഞാൻ അതിനുമുമ്പുതന്നെ ഉണരുമായിരുന്നു. കൂടുതൽ സൌകര്യപ്രദമായി കുളിയും മററു പ്രഭാതകൃത്യങ്ങളും നിർവഹിക്കുന്നതിനായിരുന്നതു്. തണുപ്പു വളരെ കൂടുതലായിരുന്നുവെങ്കിലും ആ പ്രഭാതസ്നാനം കൂടുതൽ ഉന്മേഷകരമായിരുന്നു. രാവിലത്തെ പരേഡും ഭക്ഷണവും കഴിഞ്ഞു 9 മണിക്കു ആർസനിലേക്കുള്ള മാർച്ചിങ്ങാണു്. 10 മണി മുതൽ അവിടെ ജോലി ആരംഭിക്കുകയായി. ഞാൻ

ആദ്യമായി ആർസനലിൽ പ്രവേശിച്ചപ്പോഠം വളരെ അത്ഭുതവും അതിലേറെ പരിഭ്രമവും ഉണ്ടായി. ഏതോ ഒരു പുതിയ ലോകമാണു ഞാൻ ദർശിക്കുന്നതെന്നു് കരുതത്തക്കവിധം അത്ര പ്രത്യേകതയവിടെയുണ്ടായിരുന്നു. പട്ടാളക്കാരെ കൂടാതെ അനേകശതം സിവിലിയൻ ജോലിക്കാർ പ്രവർത്തന നിരതരായി കഴിഞ്ഞിരുന്നു.

അവിടെ നിന്നു ത്രിവേണിക്കു അധികദൂരമില്ല. ആർസനലിൽ നിന്നു നോക്കിയാൽ കൊച്ചു് ഓളങ്ങഠം ഉണ്ടാക്കിക്കൊണ്ടു് യമുനാനദി ശാന്തമായി ഒഴുകുന്നതു കാണാം. ഏകദേശം 3 മൈൽ ചതുരശ്രം ആർസനൽ വലുപ്പാണു്. ചുററുമുള്ള ബലവത്തായ കോട്ടയാൽ സുരക്ഷിതവുമാണു്. 1584-ൽ അക്ബർ ചക്രവർത്തി ഇവിടെ ഒരു വലിയ കോട്ടയും കൊട്ടാരവും പണികഴിപ്പിച്ചു. അലഹബാദ് (ദൈവത്തിൻെറ നഗരം) എന്ന പേരിട്ടതുതന്നെ അദ്ദേഹമാണു്. പഴയപേരു് പ്രയാഗ് എന്നായിരുന്നു. അതിൻെറ അർത്ഥം യാഗത്തിൻെറ സ്ഥലമെന്നത്രെ. ഈ കോട്ട വലിപ്പമേറിയ കരുങ്കല്ലുകളാൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതാണു്. കോട്ടയുടെ ഉപരിഭാഗത്തു് അനേകം ചെറിയ കെട്ടിടങ്ങളും സൈനിക താവളങ്ങളും ഉണ്ടു്. പ്രധാന കവാടത്തിൻെറ മുകഠ വശത്തു് മണിമാളികപോലെ കെട്ടിയുയർത്തി അവിടെ പട്ടാളക്കാർ എപ്പോഴും ആയുധധാരികളായി കാവൽ നിൽക്കുന്നു.

അന്യർക്കു പ്രവേശനം കർശനമായി നിരോധിച്ചിരിക്കയാണു്. യുദ്ധസംബന്ധമായ സാധനസാമഗ്രികളാണു് അന്നു് അവിടെ ഉണ്ടാക്കിയിരുന്നതു്. തന്നിമിത്തമാണു് ഇത്രയധികം നിയന്ത്രണങ്ങഠം ഏർപ്പെടുത്തിയിരുന്നതു്. ഈ ആർസനലിൽ 40 അടി ഉയരമുള്ള ഒരു

സ്തംഭമുണ്ട്. അശോകന്റെ 7 ശിലാശാസനങ്ങളിൽ 6-ം ഇതിൽ കൊത്തിയിട്ടുണ്ട്. അഹിംസയിൽ വിശ്വസിച്ചിരുന്ന ആ ബുദ്ധമതാവലംബിയായ ചക്രവർത്തിയുടെ സങ്കേതം സമസൃഷ്ടങ്ങളെ നിഗ്രഹിയ്ക്കുന്നതിനുള്ള ആയുധശാലയായി മാറിയിരിക്കുന്നു. അന്നൊരുകാലത്തു് ശാന്തിയുടേയും സമാധാനത്തിന്റെയും സങ്കേതമായിരുന്നിടം ഇന്നു് അഹോരാത്രം യുദ്ധശബ്ദങ്ങളാൽ മുഖരിതമായിരിക്കുന്നു.

ആർസനലിനുള്ളിൽ കരിങ്കല്ലുകൊണ്ടുമാത്രം പണിതുയർത്തിയ ഒരു ഉന്നത സൌധമുണ്ട്. അതിനു് അനേക മുറികളും 7, 8 നിലകളും ഉണ്ട്. അതു കാണുന്നതിനു വേണ്ടി ഞങ്ങൾ ഏതാനും മലയാളികൾ കൽഗോവണി വഴി മുകളിലേക്കു് കയറി. ഏററവും മുകളിലത്തെ നിലയിൽ എത്താറായപ്പോൾ ഇതാ ഒരാൾ വെളിപാടു കൊണ്ട് ഞങ്ങളുടെ നേരെ വരുന്നു. അവിടെ ആക്കും പ്രവേശനം ഇല്ലെന്നും നിയമനിഷേധം ചെയ്ത ഞങ്ങൾ ശിക്ഷാർഹരാണെന്നും അയാൾ ഗർജ്ജിച്ചു. ഞങ്ങൾക്കു ആ നിയമം അറിഞ്ഞു കൂടായിരുന്നുവെന്നും ആയതിനാൽ ഞങ്ങളോടു ക്ഷമിക്കണമെന്നും വളരെ വിനീതഭാവത്തിൽ ഞങ്ങൾ അപേക്ഷിച്ചതിനാൽ വലിയ കുഴപ്പം കൂടാതെ തിരിച്ചു പോരുന്നതിനു സാധിച്ചു. ഏതോ വെടിക്കോപ്പുകൾ ഉണ്ടാക്കുന്ന അതിരഹസ്യ സ്ഥലമാണുപോലും അതു്. കയറിയ വഴി ഏതെന്നു് അറിഞ്ഞുകൂടാതെ ഇന്ദ്രപ്രസ്ഥം കണ്ട ദുര്യോധനനെപ്പോലെ ഞങ്ങൾ കുഴങ്ങി. ഞങ്ങൾ ഇറങ്ങുവാൻ ഗർജ്ജിച്ച ആളിന്റെ സഹായത്തോടെ ഒരു വിധത്തിൽ താഴത്തെ നിലയിൽ എത്തിയെന്നു പറഞ്ഞാൽ കഴിഞ്ഞു.

പുരാതന ഭാരതീയ ശില്പകലയുടെ വെന്നിക്കൊടി എന്ന നിലയിൽ ശോഭിക്കുന്ന ആ മനോഹര സൗധം ഏതോ ഒരു ഡർബാർ ഹാളിൻെറ പ്രതീതി ജനിപ്പിക്കുന്നതാണ്. ആ കാലങ്ങളിൽ എത്ര എത്ര ബുദ്ധസന്യാസികരം, തത്വജ്ഞാനികരം, ബുദ്ധമതത്തെക്കുറിച്ചു പഠിക്കുവാനും പ്രചരിപ്പിക്കുവാനും ചൈനയിൽ നിന്നും മററും ഇൻഡ്യയിൽ എത്തിയ സഞ്ചാരികരം, തുടങ്ങിയവർ ഇവിടെ ഇരുന്നു ദീർഘ ദിവസങ്ങരം ചർച്ചകരം നടത്തിയിരിക്കണം. ഒരു പക്ഷെ കലിംഗയുദ്ധത്തെക്കുറിച്ച് സമർത്ഥരായ സചിവന്മാർ അശോകചക്രവർത്തിക്ക് ആലോചന പറഞ്ഞുകൊടുത്തത് അവിടെ വെച്ചായിരുന്നിരിക്കണം. വിശിഷ്യാ, കലിംഗ യുദ്ധത്തിൽ അകാല ചരമം പ്രാപിച്ച യോദ്ധാക്കന്മാരുടെ അനാഥരായിത്തീന്ന കുഞ്ഞുങ്ങളെഓത്തു ആ ഭാരതചക്രവത്തിയുടെ കണ്ണുകളിൽ നിന്നു് അശ്രുകണങ്ങരം ആ തറയിൽ വീണുനനഞ്ഞിട്ടുണ്ടായിരിക്കണം. ഭൂതദയയുടെ അവതാരമായ ആ തിരുമേനി 'ഇനി വാളെടുക്കുന്നതല്ലെന്നു' സത്യം ചെയ്തതും അവിടെ വെച്ചായിരുന്നിരിക്കാം.

ആർസനലിൻെറ വളപ്പിൽ തന്നെ അശോകനാൽ സ്ഥാപിതമായ ഒരു ഉയർന്ന സ്തംഭം സ്ഥിതി ചെയ്യുന്നു. ബ്രഹ്മാണ്ഡ തുല്യമായ ആർസനൽ കെട്ടിടം രണ്ടുനിലയിലുള്ള വെൺ മാടമാണ്. അതിൻെറ രണ്ടാമത്തെ നിലയിലായിരുന്നു ഞങ്ങരം ജോലിചെയ്തിരുന്നത്. അവിടെ നിന്നു് ജനൽ വഴി നോക്കിയാൽ അല്പം അകലെയായി ഒരു വടവൃക്ഷം നിൽക്കുന്നതു കാണാം. ഭൂമിയെല്ലാം വെള്ളത്താൽ മൂടപ്പെട്ടിരുന്ന ആദി കാലത്തു മഹാവിഷ്ണു ആ വടവൃക്ഷത്തിൻെറ ഇലയിൽ അവിടെയാണ് ശയിച്ചിരുന്നതെന്നും ഇനിപ്രളയം വന്നു ലോകം നശിക്കുമ്പോരം

വിഷ്ണു അവിടെതന്നെ തിരിച്ചു വന്നു് ആ ഇലയിൽ ശയിക്കുമെന്നും ആ സ്ഥലത്തെ ആളുകരം വിശ്വസിക്കുന്നതായിതദ്ദേശീയനായ ഒരാരം എന്നോടു പറഞ്ഞു.

ആ വടവൃക്ഷത്തിന്റെ സമീപത്തിൽ അതാ ഒരു ക്ഷേത്രം! അതു ഭൂമിക്കടിയിലാണു നിമ്മിക്കപ്പെട്ടിരിക്കുന്നതു്. അതിനുള്ളിൽ പ്രവേശിക്കുന്നതിനു ചെരിപ്പു ഇടരുതെന്നും ഭക്തിയുള്ളവേഷത്തിലേ പോകാവൂ എന്നും ചുമതലക്കാർ ഞങ്ങളെ അറിയിച്ചു. ക്ഷേത്രത്തിനുള്ളിൽ അനേകം കരിങ്കൽ വിഗ്രഹങ്ങളുണ്ടു്. അതിൽ പ്രാധാന്യമർഹിക്കുന്നതു് ഹനുമാന്റെയും വിശ്വാമിത്രൻ മുതലായ മഹർഷിമാരുടേയും വിഗ്രഹങ്ങളായിരുന്നു. ക്ഷേത്രകവാടത്തിൽതന്നെ പുഷ്പവും പാലും വിൽക്കുന്നവരുണ്ടു്. നേർച്ചകളോ പൂജയോ നടത്തുന്നവർ വില കൊടുത്തു പാലും പുഷ്പവും വാങ്ങിച്ചു ഉള്ളിൽ പ്രവേശിക്കുന്നു. ആ സ്ഥലം പൂൎണ്ണമായും മിലിട്ടറിയുടെ കൈവശത്തിലുള്ളതാണെങ്കിലും എല്ലാ തരത്തിലുള്ള മതസ്വാതന്ത്ര്യങ്ങളും അവിടെ അനുവദിക്കപ്പെട്ടിട്ടുണ്ടു്. അലഹബാദിലെ മതതീഷ്ണതയുള്ള ഹിന്ദുക്കരം ധാരാളം പേർ അവിടെ മതകമ്മങ്ങരം നടത്തുന്നതായി ഞങ്ങരം കണ്ടു. ഹിന്ദുക്കരംക്കുള്ള എല്ലാ സ്വാതന്ത്ര്യവും മതകാര്യത്തിൽ മഹമ്മദീയക്കും അനുവദിച്ചുകൊടുത്തിട്ടുണ്ടു്. 1 മുതൽ 1½ വരെയുള്ള സമയം മഹമ്മദീയരുടെ കൂട്ടപ്രാത്ഥനയുടെ സമയമാണു്.

ആർസനലിനുള്ളിൽതന്നെ ഒരു ചെറിയ ആശുപത്രിയും പോസ്റ്റാഫീസും ഉണ്ടു്. കൂടാതെ അനേക യൂറോപ്യൻ ഉദ്യോഗസ്ഥന്മാക്കു് കുടുംബസഹിതം താമസിക്കുന്നതിനുള്ള സൌകര്യങ്ങളും അവിടെയുണ്ടു്. 4 മണിയാകുന്നതോടുകൂടി അന്നത്തെ ജോലി അവസാനിക്കുകയാണു്.

പ്രധാനവാതിലിൽ, ആളുകളെ പരിശോധിച്ച വെളിയിലേയ്ക്ക് അയയ്ക്കുന്നതിൽ 3, 4 സംഘം ഉദ്യോഗസ്ഥന്മാർ ബദ്ധശ്രദ്ധരായിരിക്കും. ആരുടെയെങ്കിലും കൈവശം ആർസനലിലെ എന്തെങ്കിലും സാധനങ്ങൾ കണ്ടുപിടിയ്ക്കപ്പെട്ടുപോയാൽ വലിയ ശിക്ഷകൾ നൽകിയിരുന്നു. എന്നാൽ പട്ടാളക്കാരായ ഞങ്ങളെ എല്ലാവരേയും പ്രത്യേകം പ്രത്യേകം പരിശോധിക്കാറില്ല. ഒരു യൂറോപ്യൻ ആഫീസ്സർ വന്നു അവിടെനിന്നും ഇവിടെനിന്നും പ്രത്യേകം തെരഞ്ഞെടുത്ത ചിലരെ മാത്രം പരിശോധിക്കുന്നു.

ഞങ്ങൾ അവിടെ കഴിഞ്ഞുകൂടിയ കാലത്താണ് ജപ്പാൻ വിമാനങ്ങൾ കൽക്കട്ടായിൽ പ്രത്യക്ഷപ്പെട്ടതു്. ആ വിവരം അന്നു വൈകുന്നേരംതന്നെ ഞങ്ങളും അറിഞ്ഞു. ആ വിവരം ഞങ്ങളെ അറിയിയ്ക്കാതിരിയ്ക്കുവാൻ അധികാരികൾ വേണ്ടതൊക്കെ ചെയ്തിരുന്നുവെങ്കിലും അരമനരഹസ്യം അങ്ങാടിപാട്ടാകാറുണ്ടല്ലോ. കൂടാതെ അന്നു വൈകുന്നേരംതന്നെ ബ്രിട്ടീഷ് ആഫീസ്സറന്മാരുടെ സ്ത്രീകളെയും കുട്ടികളേയും ആർസനലിൽനിന്നു മാററിയതു് കൂടുതൽ സംശയത്തിന് കാരണവുമായി. ഇൻഡ്യയിലെ യുദ്ധോപകരണ നിർമ്മാണശാലകളിൽ അലഹബാദ് ആർസനൽ മുന്നണിയിൽ നിന്നിരുന്നതിനാൽ അപകടസാദ്ധ്യത വളരെയുണ്ടെന്നു് ഞങ്ങൾ ശങ്കിച്ചിരുന്നു. പതിവുപോലെ അടുത്ത ദിവസം 10 മണിക്കു ഞങ്ങൾ ആർസനലിൽ എത്തി. മണി 11 കഴിഞ്ഞു. അതാ സൈറൻ മുഖേന അപായവിളി ദീർഘനേരത്തേക്കു മുഴങ്ങുന്നു. എല്ലാവരും ജോലി ഉപേക്ഷിച്ച് രക്ഷാകേന്ദ്രങ്ങളിലേക്കു് ഓടുന്നതിനുള്ള നിർദ്ദേശം ലഭിച്ചുകഴിഞ്ഞു. രക്ഷാകേന്ദ്രങ്ങൾതന്നെ ഇൻഡ്യാക്കാർക്കും യൂറോപ്യന്മാർക്കും പ്രത്യേകം

പ്രത്യേകമായിരുന്നു. ഏതാനും പ്രമാണികളെ പിൻതുടരുക മാത്രമാണു് ചെയ്തതു്. ഏതാനും മിനിട്ടുകൾക്കകം ഞങ്ങൾ വലിയ ഒരു ഗുഹയിൽ എത്തിച്ചേർന്നു. ആ സ്ഥാനം അത്ഭുതകരമായി എനിക്കു തോന്നി. എത്രയാളുകൾക്കുവേണമെങ്കിലും ഒളിച്ചിരിക്കാവുന്ന ഒരു രക്ഷാകേന്ദ്രം ഭൂമിക്കടിയിലുണ്ടെന്നു് ഞാനപ്പോൾ മാത്രമാണറിയുന്നതു്. ആ ഗുഹ വളരെ പഴക്കമേറിയതാണെന്നും ബ്രിട്ടീഷ്കാർ ചില അററകുററപണികൾ മാത്രമേ ചെയ്തിട്ടുള്ളുവെന്നും പിന്നീടു ഞാനറിഞ്ഞു. അതിലുള്ള ഒരു കിളിവാതിലിൽകൂടി നോക്കിയാൽ യമുനാനദി ഒഴുകുന്നതു കാണാം. ഇതുപോലെയുള്ള അനേക ഗുഹകൾ ആർസനൽ വളപ്പിലുണ്ടെന്നും അതിലൊന്നിലാണു് യൂറോപ്യന്മാർ ഒളിച്ചിരിക്കുന്നതെന്നും ഞാനറിഞ്ഞു. എത്ര വർദ്ധമാനമായ ആക്രമണം ശത്രുവിൽനിന്നുണ്ടായാലും സുരക്ഷിതമായിരിക്കുവാൻ ആ സ്ഥാനം പര്യാപ്തമാണു്. ഏകദേശം അരമണിക്കൂർ കഴിഞ്ഞപ്പോൾ അപകടശങ്ക അവസാനിച്ചതായ കുഴൽനാദം ഉയർന്നു. എല്ലാവരും പതിവുപോലെ ജോലിയിൽ ഏർപ്പെടുകയും ചെയ്തു.

അതുപോലെയുള്ള സന്ദർഭങ്ങൾ ഏററവും പരിഭ്രമജനകമാണു്. പ്രത്യേകിച്ചും യുദ്ധരംഗങ്ങളിൽ സേവനം അനുഷ്ഠിക്കുന്നവരുടെ സ്ഥിതി എത്ര ആശങ്ക കലർന്നതാണു്? ഏതുനിമിഷത്തിലും ജീവാപായം സംഭവിക്കാം. ആസ്സാമിലും മണിപ്പൂരിലും വനാന്തരങ്ങളിലുള്ള കിടങ്ങുകളിൽ ആഹാരനീഹാരാദികൾ വെടിഞ്ഞു് മൂന്നും നാലും ദിവസം കഴിച്ചുകൂട്ടിയശേഷം പ്രാണരക്ഷാർത്ഥം ഓടി രക്ഷപ്പെട്ട അനേകരുടെ കഥകൾ ഞാനിപ്പോൾ ഓർക്കയാണു്. ബർമ്മായുദ്ധമുഖത്തുനിന്നു് നടന്നും ഓടിയും നീന്തിയും ഒരുവിധത്തിൽ ജീവനുംകൊണ്ടു് ഡൽഹിയിൽ വന്നെത്തിയവരെ ഞാനോർക്കുന്നു.

യമുനാതീരത്തിലെ വാസത്തിനിടയിൽ ആനന്ദഭവൻ കാണുവാൻ സാധിച്ചുവെന്നുള്ളതു് എനിക്കു് സന്തോഷപ്രദമായിരുന്നു. തിരുവനന്തപുരം റിക്രൂട്ടിങ്ങു് ഓഫീസ്സിൽവെച്ചുതന്നെ, അവിടത്തെ ചില ക്ലാർക്കന്മാരിൽനിന്നു്, എന്നെ അലഹബാദിലേക്കാണു് അയയ്ക്കുന്നതെന്നറിഞ്ഞിരുന്നു. അലഹബാദ്ട് എന്നു കേട്ടപോൾ ആദ്യം എന്റെ സ്മരണമണ്ഡലത്തിൽ ഉയർന്നതു് നെഹ്റുകുടുംബമാണു്. പ്രത്യേകിച്ചും ദേശീയസ്ഥാപനം എന്ന നിലയിൽ ഉയർന്നു വന്നിട്ടുള്ള ആനന്ദഭവനും സ്വരാജ് ഭവനും കാണുക. അതൊരു നേട്ടം തന്നെയാണെന്നു ഞാനുറച്ചു. പക്ഷേ അലഹബാദ്ട് നഗരത്തിൽകൂടി ഞങ്ങൾക്കു് സ്വതന്ത്രമായി സഞ്ചരിക്കുവാനുള്ള അനുവാദം അന്നില്ല. 1942 ലെ സമരം അവിടങ്ങളിൽ ആളിക്കത്തിയിരുന്നു. ടൌണിൽ ചെന്ന ഒരു ഹവീൽദാർ ക്ലർക്കിന്റെ കാക്കിവേഷം ഊരി വെപ്പിച്ചാണു് ആ നാട്ടുകാർ തിരിച്ചയച്ചതു്. വല്ല വിധത്തിലും പോകുന്നതിനു് അനുവാദം കിട്ടിയാൽതന്നെയും മിലിട്ടറി യൂണിഫോറത്തിൽ പോകുന്നതു അപകടകരവുമാണു്. ക്രിസ്ത്യാനികളായ ഞങ്ങൾക്കു വെള്ളവസ്ത്രം ധരിച്ചു ഞായറാഴ്ച പള്ളിയിൽ പോകുന്നതിനു് അനുവാദമുണ്ടായിരുന്നു. ആ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തി ആനന്ദഭവനും സ്വരാജ്ഭവനും കാണുവാൻ ഞാനും തൃശ്ശൂർക്കാരൻ മറെറാരു സുഹൃത്തും തീരുമാനിച്ചു. ഞങ്ങളുടെ കൈവശമുണ്ടായിരുന്ന ഖദർമുണ്ടും ജിബ്ബായും യാത്രയെ കൂടുതൽ സുരക്ഷിതമാക്കി. ആനന്ദഭവനിലേക്കു് ആർസനിൽനിന്നു് ഏകദേശം 3 മൈൽ ദൂരമുണ്ടെന്നു തോന്നുന്നു. അങ്ങോട്ടുള്ള വഴി നിരപ്പുള്ളതും ഇരുവശങ്ങളിലും ഇടതൂർന്നു് നിൽക്കുന്ന ചോലവൃക്ഷങ്ങളാൽ മനോഹരവുമാണു്. കോൺഗ്രസ്സുപതാകകൾ പാറിക്കളിക്കുന്ന അനേക വൻ സൌധങ്ങളെ പിന്നിട്ടുകൊണ്ടു് ഞങ്ങൾ 10 മണിയോടുകൂടി ലക്ഷ്യസ്ഥാനത്തെത്തി.

ആദ്യമായി ഞങ്ങൾ കാണുന്നതു് സ്വരാജ്ഭവനാണ്. അതിനു തൊട്ടടുത്തുതന്നെയാണു് ആനന്ദഭവൻ സ്ഥിതിചെയ്യുന്നതു്. ഇതിൻെറ മുൻവശത്തു് പല പെരുവഴികൾ വന്നു സന്ധിക്കുന്നു. ആനന്ദഭവനിലേക്കുള്ള ഗയിററു തുറന്നു കിടന്നതിനാൽ ഞങ്ങൾ ആരുടെയും അനുവാദം കൂടാതെതന്നെ അതിനുള്ളിൽ പ്രവേശിച്ചു. കെട്ടിടം ഒരു വെൺമാടമായിട്ടാണു് പണിതിരിക്കുന്നതു്. ചുററിലും ഹൃദയഹാരിയായ ഉദ്യാനമുണ്ടു്. ആ പരിസരത്തിൽ ശാന്തിയും സമാധാനവും അലതല്ലുന്നതായി തോന്നി. മുറികൾ എല്ലാംതന്നെ പൂട്ടിയിരുന്നു. വരാന്തയിൽ ഗാന്ധിത്തൊപ്പിയും ഖദർവസ്ത്രങ്ങളും ധരിച്ചു് 3, 4 ഹിന്ദിക്കാർ നിന്നിരുന്നു. ഞങ്ങൾ മലയാളികളാണെന്നറിഞ്ഞപ്പോൾ അവൎക്കു വളരെ കൌതുകം തോന്നി.

ആനന്ദഭവൻെറ തൊട്ടു പറകിലായി "കമലാ നെഹ്റു മെമ്മോറിയൽ" ഹോസ്പിററൽ സ്ഥിതി ചെയ്യുന്നു. ജവഹർലാൽ നെഹ്റുവിൻെറ പ്രിയപ്പെട്ട പ്രിയതമയുടെ ഓൎമ്മയ്ക്കുവേണ്ടി സ്ഥാപിച്ച ആ മഹൽ സ്ഥാപനം വിശേഷാത്തരമായ ഒരു കവിതാ നിർഝരിപോലെ കാമ്യമായി തോന്നി. സമയം 12 കഴിഞ്ഞിരുന്നതിനാൽ ഞങ്ങൾ പിന്നെ അവിടെ നിന്നില്ല. ഞങ്ങൾ കയറിയിരുന്ന വണ്ടി വലിച്ച കുതിര അത്ര മേൽത്തരമല്ലാതിരുന്നതിനാൽ കറെ വൈകിയാണു് ക്യാമ്പിൽ എത്താൻ കഴിഞ്ഞതു്.

ഹൈന്ദവ പുരാണത്തിൽ പറയുന്ന പ്രയാഗ് ആണു് ഇന്നു് അലഹബാദായി മാറിയിട്ടുള്ളതു്. പേരിനു മാററം വന്നുവെങ്കിലും പൌരാണികത്വത്തിനും അന്തസത്തയ്ക്കും മാററം വന്നിട്ടില്ല. ഗംഗയും യമുനയും സങ്കല്പനദിയായ സരസ്വതിയും സന്ധിക്കുന്ന സ്ഥലമാണു്

KOTTAYAM PUBLIC LIBRARY KOTTAYAM
1174
32738.

പ്രയാഗ് മൂന്നു നദികളുംകൂടി ഒന്നായിചേരുന്ന സ്ഥാനത്തിന് ത്രിവേണി എന്നു പറയുന്നു. ത്രിവേണിയിൽ സ്നാനം ചെയ്യുന്നതും പിതൃക്കളുടെ ബാഹ്യാവശിഷ്ടങ്ങൾ നിമജ്ജനം ചെയ്യുന്നതും പുണ്യമായിട്ടാണല്ലോ ഹിന്ദുക്കൾ കരുതുന്നതു്. ഏതായാലും ആ പുണ്യത്തിൻെറ പങ്കു പററുവാൻ ഞാനും തീരുമാനിച്ചു. ത്രിവേണിയിൽ സ്നാനം ചെയ്യുന്നതിന് പോയതും ഒരു ഞായറാഴ്ചയായിരുന്നു. ഭാരതത്തിൻെറ വിവിധഭാഗങ്ങളിൽനിന്നായി പതിനായിരകണക്കിനാളുകൾ അവിടെ സ്നാനത്തിനായി വന്നുകൊണ്ടിരിക്കുന്നു. പ്രത്യേകിച്ചും 'ത്രിവേണി മേള' പ്രസിദ്ധവുമാണ്. പോലീസ്സിൻെറ കർശനമായ എതിർപ്പുകളെ അവഗണിച്ച് ജവഹരിലാൽ നെഹ്റു ബയണററുകളുടെ ഇടയിൽകൂടി ത്രിവേണിയിലേക്ക് നുഴഞ്ഞുകയറിയ കഥ നാം വായിച്ചിട്ടുണ്ടല്ലോ.

പ്രതിഫലം പററി പൂജ നടത്തുന്നതു തൊഴിലായി സ്വീകരിച്ചിട്ടുള്ള അനേകം ബ്രാഹ്മണ പുരോഹിതന്മാർ (പണ്ഡകൾ) അവിടെ താവളമടിച്ചിട്ടുണ്ട്. ആ വകയിൽ അവർ സമ്പാദിക്കുന്ന പണത്തിന് കൈയ്യും കണക്കുമില്ല. ഈശ്വരൻെറ സന്നിധാനത്തിലേക്കുള്ള യാത്രയ്ക്ക് പാസ്സുകൊടുക്കുന്നവരാണവർ. കുളിക്കാനിറങ്ങുന്നവർ പാലും പൂവും വാങ്ങി ഗംഗാദേവിയ്ക്കു് സമർപ്പിക്കും, പണം കൊടുത്താൽ പാലും പൂവും എത്രവേണമെങ്കിലും അവിടെ കിട്ടും. ത്രിവേണിയിൽ വീണിട്ടുള്ള പാലിനും പൂവിനും കണക്കില്ല. അനേകം കാലമായി ഈ പാൽ വീഴ്ത്തുടങ്ങിട്ടും ഇന്നും ത്രിവേണിയിലെ ജലം കരിനീലമായിതന്നെ കിടക്കുന്നു സർപ്പരാജനായ കാളിയൻെറ വിഷബാധ മൂലം യമുനജലം കരിനീലമായ കഥ ഞാനോർത്തു. വളരെ വലിപ്പമുള്ള മത്സ്യങ്ങൾ ത്രിവേണിയിലുണ്ട്. വലിയ വാർപ്പു കമഴ്ത്തിയിട്ടിരിക്കുംപോലെ തോന്നിക്കുന്ന ആമകൾ ഒരു അത്ഭുതകാഴ്ചതന്നെയാണ്. ഒരു മനുഷ്യനെ അതുപടി വിഴുങ്ങുവാൻ കെല്പുള്ള

MAYATT

വരാണവർ. ഈ ആമയെകണ്ടപ്പോൾ കുളിയ്ക്കുന്നതിനല്പം ഭയം തോന്നിയെങ്കിലും മരണം അവിടെവെച്ചാണെങ്കിൽ പുണ്യം സുനിശ്ചിതമാണെന്നുള്ള സമാധാനമുണ്ടായിരുന്നു, യമുനയിലും ഗംഗയിലും കണ്ട വള്ളം നമ്മുടെ നാട്ടിലെ വള്ളത്തിൻെറ രീതിയിലുള്ളതല്ല. ശ്രീരാമനും സീതയും ലക്ഷ്മണനും വനവാസത്തിനായി പുറപ്പെട്ടപ്പോൾ ഗുഹൻ അവരെ നദി കടത്തിവിടുന്ന ഒരു ചിത്രം പഴയ നാലാം പാഠത്തിലുണ്ട്. ആ ചിത്രത്തിൽ കാണുന്നതു് ഈത്തരത്തിലുള്ള വള്ളമാണു്.

പട്ടാളജീവിതം തികച്ചും പരതന്ത്രമാണെങ്കിലും യമുനാതീരത്തിലെ ആ ജീവിതം എനിക്കു് ഉല്ലാസപ്രദമായിരുന്നു അവിടെ ഏകാന്തതയ്ക്കു് സ്ഥാനമില്ല. എൻെറ ഭാവന ചിറകെട്ടുത്തു പറന്നു്, ആ തീരങ്ങളിൽ മോദകഗീതം ആലപിച്ചിട്ടുണ്ടു്. ഏതാണ്ടു് 25 വർഷം മുൻപാണു് അതു സംഭവിച്ചതെങ്കിലും ഇന്നും അതിൻെറ മാദകസൌന്ദര്യം എൻെറ ഹൃദയത്തിൽനിന്നു് മാഞ്ഞുപോയിട്ടില്ല. യമുനയിൽ ഇളം കാററു് തിരതല്ലുമ്പോൾ ഞാൻ ആ പരിസരത്തിൽ കവിതകൾ വിടരുന്നതായി കണ്ടിരുന്നു. യമുനയെ നോക്കി ഞാൻ ആനന്ദപരവശനായി ദീർഘനേരം നിന്നിട്ടുണ്ടു്. ഭഗവാൻ കൃഷ്ണൻ ഗോപാലബാലരുമായി കാലികളെ മേച്ചുകൊണ്ടു് ആ തീരത്തിൽ സഞ്ചരിച്ചിട്ടുണ്ടായിരിക്കാം. പാലാഴിമങ്കയുടെ പര്യായഭേദം പോലുള്ള ഗോപാല പെൺകൊടികളുമായി അദ്ദേഹം യമുനയിൽ ലീലാവിലാസങ്ങൾ നടത്തിയിരിക്കണം. അലഹബാദിലെ സൂര്യോദയം ഏററം മനോഹരമായിരുന്നു. മഞ്ഞണിഞ്ഞ മാമലകളുടെ മറവിൽനിന്നു മന്ദം മന്ദം ഉയർന്നു വന്നു് ഞങ്ങളെനോക്കി പുഞ്ചിരിതൂകുന്ന ബാലാക്ബിംബം മറക്കാനാവില്ല.

## IV. ആശുപത്രിയിൽ

ആരോഗ്യവാന്മാക്കുതന്നെ പട്ടാളജീവിതം പലപ്പോഴും അസഹ്യമായിതോന്നാറുണ്ട്. മാനസികക്ലേശം കൂടിയുണ്ടെങ്കിൽ അതു് ഇരട്ടിക്കയും ചെയ്യും. നിയമം എല്ലാവരേയും ഒരുപോലെ ബാധിക്കും. നിയമത്തിൻെറ മുമ്പിൽ വ്യത്യസ്തപരിഗണനകൾക്കു് സ്ഥാനമില്ല. രോഗിയായിരിക്കുക എന്നതു എല്ലാത്തരത്തിലും ക്ലേശകരമാണ്. നമുക്കു് തൃപ്തിയാകതക്കവിധത്തിലുള്ള ശുശ്രൂഷകൾക്കു് ഉററവരില്ലെന്നുള്ളതാണു് ഏററവും വിഷമകരമായിട്ടുള്ളതു്.

അലഹബാദിൽവെച്ച് എൻെറ ശരീരത്തിന്നു് അസുഖം തോന്നിയതിനാൽ ഞാൻ ഒരു ദിവസം രാവിലെ നിയമാനുസരണം മെഡിക്കൽ ഇൻസ്പെക്ഷൻ റൂമിൽചെന്നു ഡോക്ടറെ കണ്ടു. ക്യാമ്പിൽ താമസിക്കുന്നെങ്കിൽ ജോലി ചെയ്യണം. അല്ലാത്തപക്ഷം ആശുപത്രിയിൽ പൊയ്ക്കൊള്ളണം. ഇതിൽ ഏതെങ്കിലും ഒന്നു സ്വീകരിക്കുന്നതിന്നെ നിർവാഹമുണ്ടായിരുന്നുള്ളു. ഒന്നാമത്തേതു് അസാദ്ധ്യമായിരുന്നതിനാൽ രണ്ടാമത്തേതു് സ്വീകരിക്കേണ്ടിവന്നു.

എല്ലാക്യാമ്പിനോടും അനുബന്ധിച്ചും ഇതുപോലെയുള്ള M. I. റൂം ഉണ്ടായിരിക്കും അവിടെയുള്ള ഡോക്ടർ പരിശോധിച്ചിട്ടു് രോഗം കാര്യമായിട്ടുള്ളതാണെങ്കിൽ

വലിയ ആശുപത്രിയിലേക്കു് അയയ്ക്കും. അല്ലാത്തവരെ നാലു തരക്കാരായി തിരിക്കയാണു് സാധാരണ ചെയ്യാറുള്ളതു്. അതിൽ M. D. കിട്ടുന്നവൎക്കു് യാതൊരു രോഗവും ഇല്ലെന്നാണു മനസ്സിലാക്കേണ്ടതു്. ചിലസ്ഥലങ്ങളിലെ പ്രയാസമേറിയ ജോലിയിൽനിന്നു രക്ഷപെടുന്നതിനു് ആശുപത്രിയിൽ സൂത്രത്തിൽ പ്രവേശിച്ചു വിശ്രമിക്കാനാഗ്രഹിക്കുന്നവരാണു് ഇവരിൽ അധികവും. ഇവർ ക്യാമ്പിൽ തിരിച്ചെത്തുമ്പോഠം ഇവൎക്കു് ചിലപ്പോഠം എന്തെങ്കിലും ശിക്ഷ ലഭിച്ചെന്നുവരാം. രണ്ടാമത്തെക്കൂട്ടർ A. H. A ക്കാരാണു് അവൎക്കു് മരുന്നു് കൊടുത്തുവിടുന്നു. മൂന്നാമത്തെക്കൂട്ടർ B വിഭാഗത്തിൽ പെടും. വൎക്കു്ഷോപ്പിലോ മററോ ജോലിയുള്ളവരാണെങ്കിൽ അവർ അതു ചെയ്യേണ്ടവരാണു്, മരുന്നുകുടിക്കയും വേണം. കൂടാതെ പാറാവുനിൽക്കുക, ഡ്രിൽ ചെയ്യുക മുതലായ കഠിനജോലികളിൽനിന്നു അവർ വിമുക്തരാണു്. നാലാമത്തെ കൂട്ടർ C വിഭാഗത്തിൽപെടും. അവൎക്കു് മരുന്നുകൊടുക്കുന്നതു കൂടാതെ എല്ലാതരത്തിലുള്ള ജോലിയിൽനിന്നും വിടുതൽ ലഭിച്ചു് ക്യാമ്പിൽ വിശ്രമിക്കുകയും ചെയ്യാം. മെഡിക്കൽ പരിശോധനയ്ക്കു പോകുന്നവരിൽ വലിയ പങ്കും ഈ സി. ലഭിക്കുവാൻ ആഗ്രഹിക്കുന്നവരാണു്. കഠിനരോഗികഠം മാത്രമെ ആശുപത്രിജീവിതത്തെ ഇഷ്ടപ്പെടുകയുള്ളു. സ്നേഹവാത്സോടു് പെരുമാറുന്ന ചില ഡോക്ടറന്മാർ സി. കൊടുത്തു പലരേയും അനുഗ്രഹിക്കാറുണ്ടു്. പ്രത്യേകിച്ചു് ഹരിഹറിൽവെച്ചു ഒരു മലയാളി ക്യാപ്ററൻ, ഡോക്ടറായി സേവനം അനുഷ്ഠിച്ചിരുന്നു. അദ്ദേഹത്തിൻെറ കാരുണ്യം പലപ്പോഴും ധാരാളം വിശ്രമം ലഭിക്കുന്നതിനു് എനിക്കു് സഹായമായിരുന്നിട്ടുണ്ടു്.

ഈ തരം തിരിവുകൾ എല്ലാം രോഗത്തിൻെറ കൂട്ടതൽ കുറവിനെ ആശ്രയിച്ചാണെന്നു തീർത്തു പറയാവുന്നതല്ല. ഡോക്ടറുടെ ഇഷ്ടാനിഷ്ടങ്ങൾ ഇതിൽ പ്രതിബിംബിച്ചു നിൽക്കാറുണ്ട്. വെറും നിർദ്ദയന്മാരായ ഡോക്ടറന്മാരിൽനിന്നു വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്. പ്രത്യേകിച്ചും ജബൽപൂരിലെ ഒരു ഭയങ്കരനെ ഞാനോക്കുന്നു. മിക്കവക്കും M. D. കൊടുത്തു തിരിച്ചയയ്ക്കും. അവർ ക്യാമ്പിൽ ചെല്ലുമ്പോൾ കൂടുതൽ ശിക്ഷയ്ക്കു് പാത്രമാവുകയും ചെയ്യും. ഈ കൂനന്മേൽ കുരു അനുഭവിക്കേണ്ടിവന്ന പല രോഗികളും ഉണ്ടു്. ഇങ്ങനെ M. D. ലഭിച്ചു് തിരിച്ചുവന്ന ഒരാൾ ക്യാമ്പിൽവന്നു് ഏതാനും മണിക്കൂറുകൾക്കകം മരിയ്ക്കുകയുണ്ടായി.

ഞാനും നിയമാനുസരണം മെഡിക്കൽ പരിശോധനയ്ക്കു് എത്തി. ശരീരത്തിനു് സുഖമില്ലെന്നായിരുന്നു എൻെറ പരാതി. എങ്കിലും വൈദ്യശാസ്ത്ര വിശാരദനായ ആ ഡോക്ടർ ചങ്കിനു തകരാറുണ്ടെന്നു് റിമാർക്കെഴുതി ആശുപത്രിയിലേക്ക് അയയ്ക്കുന്നതിനായി എന്നെ മാററി നിർത്തി.

ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ഒരു ആമ്പുലൻസ് വാൻ വന്നുചേൻ്നു. ആമ്പുലൻസിൽ ഞാൻ അലഹബാദ്ദ് മിലിററി ഹോസ്പിററലിൽ ചെന്നുചേർന്നു. ഞങ്ങളുടെ D കമ്പനിയിൽനിന്നും 7 മൈൽ ദൂരമെങ്കിലും കാണും ആശുപത്രിയിലേയ്ക്കു്. ആശുപത്രിയുടെ അടുത്തുകൂടി ഗംഗാനദി ഗാംഭീര്യത്തോടെ ഒഴുകുന്നു. ആശുപത്രി കെട്ടിടം വളരെ വെടിപ്പുള്ളതും എല്ലാസൌകര്യങ്ങളോടും കൂടിയ ഒരു വലിയ കെട്ടിടമാണു്. രോഗികളുടെ സുഖസൌകര്യങ്ങൾക്കായി അവിടെ കോടിക്കണക്കിനു് പണം ചെലവുചെയ്തിട്ടുണ്ടു്. ഓരോതരത്തിലുള്ള രോഗികളും

പ്രത്യേകം പ്രത്യേകം വാർഡുകളിൽ കിടക്കുന്നു. ഞങ്ങളുടെ വാർഡിൽ സദാ ശാന്തത കളിയാടിയിരുന്നു. പുതിയതായിവരുന്ന രോഗികളെ 'ഡീററയിൻ' വാർഡിലാണു് കിടത്തുന്നതു്. രാവിലെയും വൈകിട്ടും കുറെ പാലും ചായയും അല്ലാതെ മററു ഭക്ഷണം ഒന്നും അവിടെ കിട്ടാറില്ല. സാധാരണഗതിയിൽ നിസ്സാര രോഗങ്ങറം മൂന്നുനാലു ദിവസത്തെ ഈ പട്ടിണികൊണ്ടു് മാറിപോകും. ഈ നാലു ദിവസംകൊണ്ടു് ഭേദമായില്ലെങ്കിൽ രോഗത്തിൻെറ വിധം അനുസരിച്ചു് പ്രത്യേകവാർഡുകളിലേക്കു് മാററുകയായി. അവിടെ ഭക്ഷണം ആവശ്യാനുസരണം ലഭിക്കുന്നതാണു്.

ഞാൻ 5 ദിവസം 'ഡീററയിൻ' വാർഡിൽതന്നെ കിടന്നു. അഞ്ചുദിവസം ഒരുതരം നിരാഹാരവ്രതംതന്നെയായിരുന്നു. 5-ാം ദിവസം പട്ടിണിയെ ഭയന്നു് സുഖക്കേടു് ഭേദമായി എന്നു് ഡോക്ടറോടു പറഞ്ഞു് അവിടെ നിന്നു് രക്ഷപെട്ടു.

രോഗികളെ പരിചരിക്കുന്നതിനു് ധാരാളം നേഴ്സസുണ്ടു്. പുരുഷന്മാരെക്കാറം കൂടുതൽ കരുണ സ്ത്രീകറക്കുണ്ടല്ലോ. നേഴ്സിങ്ങു് പ്രസ്ഥാനത്തിൻെറ പ്രകാശമായിരുന്ന ഫ്ളോറൻസ് നൈററിൻഡ് ഗയിലിൻെറ ആഗമനവേളയിൽ രോഗികറം കൂടുതൽ ആശ്വാസം കണ്ടെത്തിയിരുന്നതായി അവരുടെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതുപോലെ ആത്മാത്ഥതയോടെ ആതുരസേവനം നടത്തിയ വളരെയേറെ നേഴ്സുകറം അനേകം മിലിററി ഹോസ്പിററലിലും ഉണ്ടായിരുന്നു. ഇവരിൽ അധികവും മലയാളികളായിരുന്നു. കുറെ ബങ്കാളികളും. എല്ലാവരും ജീവിത വിശുദ്ധിയുള്ളവരായിരുന്നുവെന്നു് പറഞ്ഞുകൂടാ. സ്മൂഹത്തിൽ നന്മയും

തിന്മയും ഉണ്ടാകുമല്ലോ. നാട്ടും വീടും വിട്ട് വിദൂരതയിൽ പാക്കുന്ന നമ്മുടെ കൊച്ചു സുന്ദരിമാർ പലതും സൂക്ഷി ക്കേണ്ടതുണ്ട്. എങ്കിൽകൂടി അവരുടെ വിലയേറിയ സേവനത്തെ ഞാൻ പ്രശംസിക്കയാണ്. അതു അത്ര ആശ്വാസ ദായകമായിരുന്നു.

ചില സ്ഥലങ്ങളിൽ പുരുഷനേഴ്സുകളുമുണ്ടായിരുന്നു. ജീവിതത്തിൽ അനുകമ്പ എന്നതു കണ്ടിട്ടില്ലാത്ത അവർ തികച്ചും ശല്ല്യക്കാരായിരുന്നു. പലപ്പോഴും അതൃപ്തിയാണവരിൽ മുന്നിട്ടു നിന്നതു്. നേഴ്സിങ്ങ് 'സിപ്പോയ്' എന്നപേരിൽ അറിയപ്പെട്ടിരുന്ന ഈ കൂട്ടരെ 'നരസിംഹ ശിപായി' എന്നാണ് ഞങ്ങൾ വിളിച്ചിരുന്നതു്. സ്വഭാവത്തിലും പ്രവൃത്തിയിലും അവർ നരസിംഹങ്ങൾതന്നെയായിരുന്നു.

നല്ല മരുന്നു് ധാരളം ഉണ്ടെങ്കിലും ചുമതലക്കാരുടെ അനാസ്ഥ നിമിത്തം തക്കസമയത്തു് അതു ലഭിച്ചെന്നു വരികയില്ല. ഡോക്ടർ അതിരാവിലെ പരിശോധനക്കു വരുമ്പോൾ മരുന്നിന്ന് കുറിക്കും. പക്ഷേ അതു തരേണ്ട നേഴ്സോ മുൻപറഞ്ഞ നരസിംഹങ്ങളോ അതിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കാറില്ല. പ്രത്യേകിച്ചും നരസിംഹങ്ങളാണ് കൂടുതൽ ഉപദ്രവകാരികളായിരുന്നതു്. എന്റെ ഇടത്തുവശത്തു് ഒരു മഞ്ഞപ്പിത്തക്കാരനും വലത്തുവശത്തു് ഒരു അപസ്മാരരോഗിയും കിടന്നിരുന്നു. ഞാൻ മൂന്നു കാർഡും എടുത്തുനോക്കിയതിൽ മൂന്നിലും വേറെ വേറെ മരുന്നുകളാണ് ഡോക്ടർ കുറിച്ചിരുന്നതു്. പക്ഷേ നരസിംഹം തന്നതു് മൂന്നുപേക്കും ഒരു മരുന്നു തന്നെയാണ്! ഞാൻ അയാളോടു ചോദിച്ചപ്പോൾ ഏതു തന്നാലും അനുഭവം ഒന്നുതന്നെയാണെന്നാണ് അയാൾ മറുപടിതന്നതു്!! സ്റ്റോറിൽ നിന്നും എടുക്കുന്ന മരുന്നു

തീരുന്നതുവരെ ഏതുതരം രോഗികളായിരുന്നാലും, അതു തീരുന്നതുവരെ കൊടുക്കുക എന്ന നയമാണ് അയാൾ സ്വീകരിച്ചിരിക്കുന്നതെന്നു മററുചിലർ പറഞ്ഞു് എന്നെ മനസ്സിലാക്കി. രോഗികളുടെ വേഷം വെള്ള പൈജാമായും വെള്ള ഷർട്ടുമാണ്. തിരിച്ചുപോകുമ്പോൾ അതു് അവിടെ കൊടുക്കുകയും നമ്മുടെ വസ്ത്രങ്ങൾ തിരികെ ലഭിക്കുകയും ചെയ്യും.

ജബൽപൂരിലും മീററിലും ഉള്ള ആശുപത്രികളിലും ഞാൻ കിടന്നിട്ടുണ്ട്. ആശുപത്രിയിൽനിന്നു തിരിച്ചു് ക്യാമ്പിൽ എത്തിയാലും ആരോഗ്യസ്ഥിതിയനുസരിച്ചു് ഏതാനും ദിവസത്തെ വിശ്രമം ലഭിക്കും. അതെല്ലാം ഡോക്ടറുടെ സൌമനസ്യത്തെ ആശ്രയിച്ചിരിക്കും.

## V. ജബൽപൂർ ട്രയിനിങ്ങ് ക്യാമ്പ്.

1943 ജനുവരി 15-ാം തീയതി എന്നെ അലഹബാദിൽനിന്നു് ജബൽപൂരിലേക്കു് മാററി. രാത്രി 9 മണിക്കാണു് ഞങ്ങൾ തീവണ്ടി സ്റ്റേഷനിൽ എത്തിയതു്. വരുന്ന വഴിക്കു് ഒരു വലിയ ഉത്സവം കാണുന്നതിനിടയായി. നമ്മുടെ നാട്ടിലുള്ളതുപോലെ അവിടയും ഉത്സവത്തിനു് ആനയെ ഉപയോഗിക്കാറുണ്ടു്. ആനയുടെ കൊമ്പുപോലും പിച്ചളയോ മററന്തല്ലാമൊകൊണ്ടു് കെട്ടിയലങ്കരിച്ചിരുന്നു. രണ്ടുനിലയുള്ള കുറെ പോത്തുംവണ്ടികളിൽ കുട്ടികൾ പാട്ടുപാടിയാത്തു് അട്ടഹസിച്ചിരുന്നു. ധാരാളം കുതിരകളും ഉത്സവത്തിൻെറ കൊഴുപ്പു് വർദ്ധിപ്പിച്ചു.

അലഹബാദിൽ 37 ദിവസം മാത്രമെ എനിക്കു താമസിക്കുന്നതിനു് സാധിച്ചുള്ളു. ഇത്രപെട്ടെന്നു് എന്നെ സ്ഥലം മാററിയതിൻെറ അത്ഥം എന്തായിരുന്നു. സ്ഥലമാററ ഉത്തരവു വായിച്ചതു് ജനുവരി 13-ാം തീയതിയായിരുന്നു. ഞങ്ങൾ 22 പേരാണു് ജബൽപൂരിനു് പോകേണ്ടിയിരുന്നതു്, പിറേറ ദിവസം രാവിലെ കുത്തിവയ്പിനായി ഞങ്ങളെ കൊണ്ടുപോയി. കുത്തിവയ്പു് സാധാരണ യുദ്ധരംഗത്തേക്കു് പോകുമ്പോൾ മാത്രമെ ഉള്ളു എന്നൊരു ശ്രുതി ഞങ്ങളുടെ ഇടയിൽ പരന്നിരുന്നു. തന്മൂലം കുറെ പരിഭ്രമവും ഉണ്ടായി. എങ്കിലും ഈ കുത്തിവയ്പു് യുദ്ധരംഗത്തേക്കു് പോകുന്നതിനു മാത്രമല്ല സ്ഥാധാരണയുണ്ടാകാറുള്ളതാണെന്നു്

പിന്നീടുള്ള ധാരാളമായ അനുഭവങ്ങളിൽ നിന്നു് വ്യക്തമായി. പോകുന്ന സ്ഥലം നേരത്തെപറയുന്ന സമ്പ്രദായം മിലിട്ടറിയിൽ ഇല്ല. എങ്കിലും അലഹബാദു് സ്റ്റേഷ്യനിൽ എത്തിയപ്പോഠം ഞങ്ങഠം ഇററലിയ്ക്കും ലിബിയായ്ക്കുമല്ല ജബൽപൂരിനാണു് പോകുന്നതെന്നു് മനസ്സിലായി.

ജബൽപൂർ I. E. M. E. യുടെ ഒരു വലിയ ട്രയിനിങ്ങു് സെൻററാണു്. ജബൽപൂർ കൂടാതെ 'കാൻറനി' യും ഒരു ട്രയിനിങ്ങു് സെൻററാണു്. രണ്ടുസ്ഥലങ്ങളിലുമായി അനേക കമ്പനികളും അഞ്ചു ബററാലിയനും ഉണ്ടു്. ഇതിൽ ഒന്നും രണ്ടും ബററാലിയൻ ജബൽപൂരാണു്. ഒന്നാം ബററാലിയനിൽ ഫിററന്മാരും രണ്ടാം ബററാലിയനിൽ ഇലക്ട്രീഷ്യൻ, വെൽഡർ മുതലായി മററു സാങ്കേതിക ജോലി അറിയാവുന്നവക്കും ഫിസിക്കൽ ട്രയിനിങ്ങു് നഠംകുന്നു. ഇതിനടുത്തായിതന്നെ I. E. M. E യുടെ ഹെഡ്ക്വോർട്ടറും ഒരു വലിയ ഡിപ്പോയുമുണ്ടു്. ഡിപ്പോയിൽ ഫീൽഡു് സർവീസിനു പോകേണ്ടവരും പോയിവന്നവരും താമസിക്കുന്നു. ശബരിമല തീത്ഥാടകർ എരുമേലിൽ പേട്ടകെട്ടുന്നതുപോലെ യുദ്ധഭൂമിയാകുന്ന ശബരിമലയിലേക്കു് പോകുന്ന തീത്ഥാടകരായ പട്ടാളക്കാർ എരുമേലിയാകുന്ന ജബൽപൂർ ഡിപ്പോയിൽ വിശ്രമിക്കുന്നു.

ജബൽപൂരിൽ എത്തിയ ഉടനെതന്നെ ശരിയായ പട്ടാള പരിശീലനത്തിനു വേണ്ടിയാണു് ഞങ്ങളെ അങ്ങോട്ടുമാററിയതെന്നു് മനസ്സിലായി. അവിടത്തെ വിശാലമായ മൈതാനം നെടുവീർപ്പുകളുടെ അനേക കഥകഠം പറയും. എത്രയോ ചെറുപ്പക്കാർ നിന്നും തിരിഞ്ഞും അവിടെ തളർന്നുവീണിട്ടുണ്ടു്. ഡിസംബർ മാസത്തെ

KOTTAYAM PUBLIC LIBRARY KOTTAYAM

മരംകോച്ചുന്ന മഞ്ഞിനോടും മാർച്ചുമാസത്തെ രക്തം ഊററിക്കുടിക്കുന്ന ചൂടിനോടും പൊരുതി പരാജയപ്പെട്ട വരുടെ കണ്ണുനീരിൽ കുതിർന്ന കഥകൾ ചക്രവാളംവരെ പരന്നുകിടക്കുന്ന ആ മൈതാനത്തിനു് പറയുവാനുണ്ടാകും. എന്നെ സംബന്ധിച്ചിടത്തോളം ആ പരിശീലനകാലങ്ങൾ ഒരു പേടിസ്വപ്നമായിരുന്നു.

പട്ടാളനിയമത്തിന്റെ ഓരോ അദ്ധ്യായങ്ങൾ ഒന്നേ രണ്ടേ എന്ന കണക്കിനു് ഞങ്ങൾ പഠിച്ചുതുടങ്ങി. എവ്വിടെ നോക്കിയാലും അധികാരികൾ! എവിടെതിരിഞ്ഞാലും ആജ്ഞകൾ!! ആവൂ എന്തൊരു വീർപ്പുമുട്ടലായിരുന്നു ആ കാലങ്ങൾ! രാവിലെ കൃത്യം 4 മണിക്കുതന്നെ ഉണരേണ്ടിയിരുന്നു ഉടനെതന്നെ പ്രഭാതകൃത്യങ്ങൾക്കുള്ള ധൃതിയാണു്. ഒട്ടാകെ ഒരു പന്തീരായിരം ആളുകളെങ്കിലും അവിടെയുണ്ടായിരുന്നുവെന്നാണു് എന്റെ തോന്നൽ. കക്കൂസിലും പൈപ്പിന്നടുത്തും എല്ലാം വലിയ ബഹളം തന്നെ. വല്ല അർശ്ശസ്സു് രോഗികളും കക്കൂസ്സിൽ കയറിയെങ്കിൽ ഒട്ടു ചോദിക്കാനുമില്ല. പല ഭാഷക്കാരും രീതിക്കാരും. പഞ്ചാബികൾക്കു് ഒരു സൌകര്യക്കൂടുതൽ ഉണ്ടായിരുന്നു. അവർക്കു് കക്കൂസ്സിൽ കയറിയാൽ വെള്ളത്തിന്റെ ആവശ്യമില്ല. കല്ലായിരുന്നു ഉപയോഗിച്ചിരുന്നതു്. മലയാളികൾക്കു് എല്ലാം വിസ്തരിച്ചുതന്നെ നടത്തണം. ഒരു വലിയ ഇൻഡ്യയുടെ ചെറിയ പകപ്പാണു് അവിടെ കണ്ടതു്.

6 മണിക്കകം ചായകുടിയും കഴിഞ്ഞു് ബൂട്ട്സും പട്ടീസും എല്ലാം കെട്ടി ശരിയായ യൂണിഫോറത്തിൽ നിരന്നുകൊള്ളണം. വേഷത്തിൽ എന്തെങ്കിലും മോശമായാൽ പ്രത്യേക ശിക്ഷയുണ്ടായിരിക്കും. ബൂട്ട്സും ബൽറ്റും മുഖം കാണത്തക്കവിധത്തിൽ മിനുക്കണം.

ഷർട്ടിൻെറയും ഷോർട്ട്സ്സിൻെറയും വടിവ് ഒത്തിരി ക്കണം. തൊപ്പി ഒരിഞ്ചുതെററാതെ നിയമാനുസ്സരണം വെച്ചിരിക്കണം. മുഖം മിനുക്കിയിരിക്കണം. തലമുടി പാറാവെട്ടിയും! വെളുപ്പിനെയുള്ള ഷേവിങ്ങായതിനാൽ താടിയ്ക്കുതാഴെ കുറെയൊക്കെയിരുന്നാലും കവിളത്തെ ങ്ങും മാർമ്പിം പോലിരുന്നേ തീരു. നിരന്നുനിൽക്കു മ്പോൾ ചുമതലക്കാർക്കു് ചെകിട്ട അപ്പി പോകാൻ സൌ കര്യം കൂട്ടും. 7മുതൽ 8½ വരെ പരേഡാണു്. അതു വളരെ കണിശമായി നടത്തും. ഏതു വലിയ ഉദ്യോഗ സ്ഥനായിരുന്നാലും കൊള്ളാം രാവിലെ അതിനായി ഒരുങ്ങി വന്നുകൊള്ളണം ആ സെൻററിൻെറ മുഴവൻ ചുമതലയും വഹിച്ചിരുന്ന ബങ്കാളിയായ മേജർ റോയ് ചെന്നായ് പോലുള്ള തൻെറ ഗംഭീരൻ പട്ടിയുമായി ആ സമയത്തു് എത്തിക്കൊള്ളും.

എട്ടര മുതൽ ഒൻപതര വരെ ഭക്ഷണത്തിനുള്ള സമ യമാണു്. ക്യൂ സിസ്റ്റം വളരെ നിഷ്കർഷയായി പാ ലിച്ചിരുന്നു. ചിലപ്പോൾ അരഫർലോങ്ങ് നീളം കാണും ആ ക്യൂവിനു്. പാത്രവുമായുള്ള ആ നില കുറെ പരി താപകരമാണു്. എങ്കിലും ഭക്ഷണകാര്യത്തിലും പരിസ രം വെടിപ്പായി സൂക്ഷിക്കുന്നതിലും ജബൽപൂർ വളരെ മെച്ചപ്പെട്ടതായിരുന്നു. മേജർ റോയി വളരെയേറെ ശ്ര ദ്ധ ഈ വിഷയങ്ങളിൽ പതിപ്പിച്ചിരുന്നു. മഹമ്മദീയർ ക്കും ഹിന്ദുക്കൾക്കും ഭക്ഷണം വേറെ വേറെയായിരുന്നു. ക്രിസ്ത്യാനികൾ മഹമ്മദീയരോടും സിക്കുകാർ ഹിന്ദുക്ക ളോടും ചേർന്നു് ഭക്ഷണം കഴിച്ചിരുന്നു. ഒരുവൻ ഹി ന്ദുവോ ക്രിസ്ത്യാനിയോ എന്നു തിരിച്ചറിയത്തക്കവിധ ത്തിൽ അയാളുടെ ഭക്ഷണപ്പാത്രംപോലും വ്യത്യസ്തമായി രുന്നു., ഉച്ചഭക്ഷണത്തിനു് പരിപ്പും വെകിട്ട ആട്ടിറച്ചി യും സാധാരണകറികളാണു്. ഒന്നിൽ കൂടുതൽ കറി

തരുന്ന സമ്പ്രദായം മിലിട്ടറിയിൽ സാധാരണമല്ല. ചില സ്ഥലങ്ങളിൽ ഇറച്ചിക്കറികണ്ടാൽ ഏതു നിറത്തിലുള്ള ആടിനെയാണ് കശാപ്പ് ചെയ്തതെന്ന് അറിയത്തക്കവിധം രോമം എഴുന്നുനിന്നിരുന്നു. പല കുശിനിക്കാരും ചുമതലയുള്ളവരായിരുന്നില്ല.

ഒൻപതര മുതൽ പന്ത്രണ്ടുവരെ വീണ്ടും പരേഡാണ്. തീ പെയ്യുന്ന ആ വെയിലത്തെ പ്രയോഗം ഓർക്കുമ്പോൾ ഇന്നും ദേഹം പൊള്ളാറുണ്ട്. 12 മുതൽ 5 വരെ വിശ്രമമാണ്. ചിലപ്പോൾ അതിനിടയിലും കളികൾക്കോ മററു ചില്ലറ പണികൾക്കോ പോകേണ്ടിവരും. അല്പം കൌശലമുണ്ടെങ്കിൽ അതിൽനിന്നു രക്ഷപെടാവുന്നതാണ്. 5 മുതൽ 6 വരെ പി. ററി, യാണ്. അതുകഴിഞ്ഞ് അത്താഴം. അവസാനമായി രാത്രി 9 മണിക്ക് റോൾക്കാൾ ആണ്. മിലിററിറിയിൽ വളരെ പ്രാധാന്യമുള്ള ഒരു ചടങ്ങാണിത്. അപ്പോഴാണ് ആലയിൽ ആടുകൾ എല്ലാം ഉണ്ടോ എന്ന് ഇടയൻ എണ്ണുന്നത്. അപ്പോൾ അന്നു വല്ല വിശേഷവും നടന്നിട്ടുണ്ടെങ്കിൽ അതും അടുത്തദിവസത്തെ കാര്യപരിപാടിയും പുതിയ ഓർഡറുകളും കമ്പനിഹവീൽദാർ മേജർ പ്രസ്താവിക്കും. പലയിടങ്ങളിലും ഹവീൽദാർ മേജരന്മാർ പഞ്ചാബികളാണ്. യാതൊരു ദയയുമില്ലാത്ത ഭയങ്കരന്മാരായിട്ടാണ് എനിക്കുവരെ തോന്നിയിട്ടുള്ളത്. വലിയ വിദ്യാഭ്യാസമോ ശമ്പളക്കൂടുതലോ ഇല്ലെങ്കിലും ആ ശബ്ദവും ഗമയും കണ്ടാൽ സർവ്വസൈന്യാധിപന്റെ മട്ടുണ്ട്. ഇംഗ്ലീഷ് അക്ഷരങ്ങൾ പോലും വായിക്കാൻ അറിയാവുന്നവരായിരിക്കയില്ല പലരും. ഞങ്ങളുടെകൂടെ ഒരു കരുണാകരൻ നായർ ഉണ്ടായിരുന്നു. അയാളെ ഹവീൽദാർ മേജർ വിളിക്കുന്നത് 'കുരുണ്ണാകരുണന്നയ്യർ'

എന്നാണ്. ചിരിക്കാൻ പാടില്ലെങ്കിലും ചിരിച്ചുപോകും അത്രുകേറംകളമ്പോറം.

ഇതോടെ സംഭവബഹുലമായ ആ ദിവസം അതിൻെറ മന്ത്രകാല്യമായി ഇഴഞ്ഞുപോകും. ചിലദിവസം രാത്രി പാറാവു നിൽക്കേണ്ടതായും വരും. രാത്രി 10 മണി വരെ ലൈററുണ്ടായിരിക്കും. വല്ലതും വായിയ്ക്കുയോ സംസാരിയ്ക്കുയോ ചെയ്യാം. 10 മണിയായാൽ എല്ലാ ദീപവും അണയ്ക്കപ്പെടും. പിന്നെ തികച്ചുംനിശബ്ദതയാണ്.

ജബൽപൂർ ട്രയിനിങ്ങുകാലം രണ്ടുമാസംകൊണ്ടു് തീരും. ആകെ 12 പാഠമാണുള്ളതു്. ആദ്യത്തെ 4 ആഴ്ചകൊണ്ടു് എട്ടുപാഠവും അവസാനിക്കും. പിന്നീടു് വെടിവെയ്പും പരിശീലനമാണ്. കിടന്നുകൊണ്ടു് വെടിവെയ്ക്കുന്നതാണ് സൌകര്യം. വേണ്ട നിർദ്ദേശം നൽകുന്നതിന് ഇടത്തും വലത്തും ആളുകറം ഉണ്ടായിരിക്കും. അതിനും മാക്ക് ഇടാറുണ്ടു്. എനിക്കു് 40 മാക്ക് കിട്ടിയെന്നാണ് ഓമ്മ. 9 ഉം 10 ഉം പാഠങ്ങറംകൊണ്ടു് വെടിവെയ്പു് അവസാനിക്കുന്നു. വെടിവെയ്പും പരിശീലനത്തിനുവേണ്ടി തോക്കു കൈവശം തന്ന ദിവസം ഞാൻ ഇന്നു് വ്യക്തമായി ഓക്കുന്നു. ഞാനതിൻെറ ഭംഗിയും സാങ്കേതിക വശവും അല്ല പരിശോധിച്ചതു്. കണ്ണടച്ചു് ഈശ്വരനോടു് പ്രാത്ഥിച്ചു തോക്കുപയോഗിച്ചു് യാതൊരു മനുഷ്യജീവിയേയും കൊല്ലാൻ എനിക്കു് ഇടയാകരുതെന്നു്. 11ഉം 12 ഉം പാഠങ്ങറം മാർച്ചിങ്ങും മററുചില സാങ്കേതിക നിയമങ്ങളും പഠിക്കുന്നതിനുള്ളതാണ്. ഇതോടുകൂടി ട്രയിനിങ്ങു് അവസാനിക്കുന്നു,

പിന്നീടാണ് സത്യപ്രതിജ്ഞ. ഉറുദുവിൽ അതിനു് 'കസ്സംപെരേഡ്' എന്നു പറയുന്നു; ക്രിസ്ത്യാനികറം ബൈ

ബിളിലും ഹിന്ദുക്കരം ഗീതയിലും മഹമ്മദീയർ ഖുറാനിലും കൈവെച്ചുകൊണ്ട് പ്രതിജ്ഞ നിർവഹിക്കുന്നു. ഒരു പട്ടാള ഉദ്യോഗസ്ഥൻ പ്രതിജ്ഞ ചൊല്ലിത്തരും. നാം അതു് ഏററുചൊല്ലണം.

"ദൈവം സാക്ഷിയായി, എൻെറ പിതാവുസാക്ഷിയായി, ഞാൻ സാക്ഷിയായി, ബ്രിട്ടീഷ് സാമ്രാജ്യത്തോടും രാജകുടുംബത്തോടും വിശ്വസ്തനായിരുന്നുകൊള്ളാമെന്നും അധികാരികളുടെ ഉത്തരവനുസരിച്ച് കരമാർഗ്ഗമായോ കടൽമാർഗ്ഗമായോ ആകാശമാർഗ്ഗമായോ എവിടെയും സേവനം അനുഷ്ഠിച്ചുകൊള്ളാമെന്നും മരണംപോലും എന്നെ ഇതിൽനിന്നു് വേർപെടുത്തുകയില്ലെന്നും ഞാൻ സത്യം ചെയ്യുന്നു, ദൈവം സാക്ഷി."

ഇതോടെ ഒരാരം ഒരു തനിപട്ടാളക്കാരനായിതീരുന്നു. പിന്നീട് സ്ഥലംമാററ ഉത്തരവു വരുമ്പോരം ഏതെങ്കിലും വക്ക്ഷോപ്പിലേക്കോ മറേറാ അയയ്ക്കുയാണു് പതിവു്.

ജബൽപൂരിലുണ്ടായിരുന്ന യൂറോപ്യൻ ഓഫീസ്സറന്മാർ വളരെ നല്ലവരായിരുന്നു. എന്നാൽ ഏററവും ഉപദ്രവകാരികളായിരുന്നതു് പരിശീലനം തന്നുകൊണ്ടിരുന്ന പഞ്ചാബി ഉസ്താജിമാരായിരുന്നു. പൊതുവെ ക്രൂരസ്വഭാവികളും മററുള്ളവരുടെ പ്രയാസത്തിലും ബുദ്ധിമുട്ടിലും അനുകമ്പയില്ലാത്തവരുമായിരുന്നു. വിദ്യസമ്പന്നരായ മലയാളികരംക്കും തമിഴർക്കും ഇവരുടെ പെരുമാററം തീരെ അരോചകമായിതോന്നി. വിദ്യാരഹിതരായ ഇവരുടെ പ്രവൃത്തികരം പലപ്പോഴും സംസ്ക്കാരത്തോടുള്ള ഉവല്ലുവിളിയായി തോന്നിട്ടുണ്ടു്. ഈ അഭിപ്രായം ഉറപ്പിക്കുന്നതിനുമുമ്പു് മറെറാരുകാര്യംകൂടി ഓർക്കേണ്ട

തുണ്ട്. അനുകമ്പ കാണിച്ചാൽ ശിക്ഷണമുള്ള ഒരു വ്യൂഹത്തെ സൃഷ്ടിക്കുവാൻ സാധിക്കയില്ല. അവരുടെ വ്യക്തിപരമായ ജീവിതത്തെക്കുറിച്ചു ഞാൻ അറിയുന്നില്ല. ഒരു പക്ഷേ ആ തിരമാലയടിച്ചുയരുന്ന സമുദ്രത്തിലേക്കു് ഇറങ്ങിച്ചെന്നാൽ അതു വളരെ ശാന്തമാണെന്നു് അനുഭവപ്പെട്ടേക്കാം.

ജബൽപൂർ ഒന്നാം ലോകമഹായുദ്ധകാലത്തും ഒരു മിലിട്ടറി സെൻറർ ആയിരുന്നു. അന്നും അതിനുമുമ്പും പണികഴിപ്പിച്ച അനേകം ബാരക്കുകൾ അവിടെ കാണാം. കൂടാതെ കുതിരപട്ടാളത്തിനുള്ള താമസസ്ഥലവും കുതിരകളെ ചികിത്സിക്കുന്നതിനുള്ള ആശുപത്രിയും അവിടെയുണ്ടായിരുന്നു. അല്പം അകന്നു് ഒരു കുന്നിൻെറ മണ്ടയിൽ യൂറോപ്യൻ പട്ടാളം ക്യാമ്പുചെയ്യുന്നു. മററെല്ലായിടത്തും എന്നതുപോലെ അവരും ഞങ്ങളും തമ്മിൽ യാതൊരു സമ്പക്കവും ഉണ്ടായിരുന്നില്ല. ജബൽപൂർ സിററി വളരെ മനോഹരമാണു്. പക്ഷേ അവിടെ പോകുന്നതിനു് ഞങ്ങൾക്കു് അനുവാദമില്ലായിരുന്നു. ക്യാമ്പിനു് അടുത്തു് രണ്ടു ചെറിയ ബസ്സാർ ഉണ്ടായിരുന്നതിൽ ഞായറാഴ്ചദിവസം പോകുവാൻ അനുവദിച്ചിരുന്നു. അവിടെ ഒരു മലയാളിഹോട്ടൽ ഉണ്ടായിരുന്നു. ധ്റുവപ്രദേശത്തു് ചെന്നാലും മലയാളികളെ–പ്രത്യേകിച്ചു് ഹോട്ടൽ നടത്തുന്ന മലയാളികളെ– കാണാമല്ലോ. പട്ടാളത്തിൽ ശിശുക്കളായിരുന്ന ഞങ്ങൾ ക്യാമ്പിലെ പുതിയ രീതിയിലുള്ള ഭക്ഷണസമ്പ്രദായവുമായി ആദ്യകാലങ്ങളിൽ പൊരുത്തപ്പെട്ടിരുന്നില്ല. തൻനിമിത്തം ഈ മലയാളിഹോട്ടൽ ഒരു അനുഗ്രഹമായിരുന്നു. ഹോട്ടൽ പരിഷ്കൃതമോ ഏററം ശുചിത്വമുള്ളതോ അല്ലായിരുന്നുവെങ്കിലും ഞങ്ങളെ സംബന്ധിച്ചടത്തോളം ആ കാലങ്ങളിൽ അതൊരു ടാജ്മഹാൾ ഹോട്ടൽ തന്നെയായിരുന്നു.

പുണ്യനദിയായ നമ്മദാ ജബൽപൂരിൽക്കൂടിയാണു് ഒഴുകുന്നതു്. ഒരു പ്രാവശ്യം ആ നദിയിൽ സ്നാനംചെയ്യുന്നതിനു് ഞങ്ങരം പോയി. നദിയുടെ കരയിൽ ചില പാറക്കൂട്ടങ്ങളും അതിൻെറ പാർശ്വത്തിൽ ധ്യാനനിരതരായ ചില സന്യാസിമാരെയും കണ്ടു. ശ്രീ പരശുരാമൻ നമ്മദയുടെ തീരത്തു് കഴിഞ്ഞുകൂടിയ കാലങ്ങരം അപ്പോരം ഓമ്മയിൽക്കൂടി കടന്നുപോയി.

കുതിരവണ്ടിയാണു് സാധാരണവാഹനം. ജബൽപൂർ പുരാതനകാലംമുതലേ അനേകരുടെ രക്തം കുടിച്ച സ്ഥലമാണു്. ഇംഗ്ലീഷ്കാർ ഇൻഡ്യ കീഴടക്കുന്നതിനു് എത്രയോ മുമ്പുതന്നെ ഇൻഡ്യയിലെ ചെറിയ ചെറിയ നാട്ടുരാജാക്കന്മാർ ഈ യുദ്ധഭൂമിയിൽവെച്ച് ഏറ്റുമുട്ടിയിട്ടുണ്ടു്. ദാഹംതീരുവോളം രജപുത്രരക്തം ഊററി കുടിച്ച കഥകരം ആ മണ്ണിനു് പറയുവാനുണ്ടാവും!

## VI. മീററററിലേക്കു്

ജബൽപൂരിലെ പരിശീലനം 2 മാസംകൊണ്ടു് അവസാനിച്ചു. മൂന്നാം മാസം ഞങ്ങരം കൂട്ടംകൂട്ടമായി അവധിയിൽ വീടുകളിലേക്കു് തിരിച്ചു. വെറും 21 ദിവസത്തെ അവധിമാത്രമാണു് കിട്ടിയതു്. ജബൽപൂരിൽനിന്നു് കേരളത്തിലേക്കു് എത്രകുറഞ്ഞാലും 4 ദിവസത്തെ യാത്രയുണ്ടു്. അതുപോലെതന്നെ തിരിച്ചുപോകുന്നതിനും. അങ്ങനെ 8 ദിവസത്തെയാത്ര കഴിഞ്ഞാൽ ബാക്കിയുള്ളതു് വെറും 13 ദിവസംമാത്രം. ദീർഘകാലപ്രവാസത്തിനുശേഷം വെറും 13 ദിവസം നാട്ടിൽ പാർക്കുക. ആ ദിവസങ്ങരം തീരെ മതിയായില്ല എന്നുതോന്നി. എങ്കിലും അവധി എന്നു കേട്ടപ്പോരം ഒരാനന്ദം! കേരളത്തിൻെറ സൌന്ദര്യത്തിലേക്കുള്ള ഒരു യാത്ര!! വഴിയിലെല്ലാം തീവണ്ടി വളരെ താമസിക്കുന്നതായി എനിക്കു തോന്നി. 4 ദിവസം 4 മാസംപോലെ ദീർഘിച്ചു. ട്രയിൻ അധികാരികരം സമയനിഷ്ഠ പാലിക്കാത്തവരാണെന്നു് ഞാൻ കുററം പറഞ്ഞു. തീവണ്ടിയുടെ വേഗതയെ അതിലംഘിച്ചു് എൻെറ മനസ്സു് മുൻപോട്ടു് പൊയ്ക്കൊണ്ടിരുന്നു. ഒരു രണ്ടുമണിക്കു് ഞാൻ ആലുവായിൽ വന്നിറങ്ങി. അവധിക്കാലം നിഴൽപോലെ പെട്ടെന്നും നീങ്ങി. തുടിക്കുന്ന ഹൃദയത്തോടും അശ്രുബിന്ദുക്കളാൽ മിന്നുങ്ങുന്ന കൺപീലികളോടും ഞാൻ ജബൽപൂരിലേക്കു് തിരിച്ചു.

 1174

യാത്രച്ചെലവിനു് ആകെ 10 രൂപയെ ഞാൻ കരുതിയിരുന്നൊള്ളു. തീവണ്ടിയ്ക്കു് ടിക്കററു് ആവശ്യമില്ലാത്തതുകൊണ്ടു് ആ തുക 4 ദിവസത്തെ യാത്രയ്ക്കു് പര്യാപ്തമായിരുന്നു. തീവണ്ടിസ്റ്റേഷനിൽ ചെന്നു് പോക്കററു് പരിശോധിച്ചപ്പോഴാണു് മനസ്സിലാകുന്നതു് ആ പത്തു് രൂപയും ആരോ അടിച്ചെടുത്തെന്നു്! ഞാനാകെ അമ്പരന്നു!! വേറൊരു പോക്കററിൽ തപ്പിയപ്പോൾ 5 ണ ഉണ്ടെന്നു് ബോദ്ധ്യമായി. ഈ 5ണ കൊണ്ടു് 4 ദിവസത്തെ ഭക്ഷണം നടക്കുമോ? ആരോടും ചോദിച്ചു് പണമുണ്ടാക്കും. എന്തായാലും മററാരുടെയും കരുണയ്ക്കുവേണ്ടി കൈമലർത്തുവാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. ധൈര്യപൂർവ്വം ഞാൻ തീവണ്ടിയിൽ കയറി. അടുത്തദിവസം രാവിലെ വണ്ടി മദ്രാസ്സിലെത്തി. എനിക്കു് കലശലായ വിശപ്പുണ്ടു്. അതിനുമുൻപു് കടന്ന പല സ്റ്റേഷ്യനുകളിലും തൈർസാദവും സാമ്പാർസാദവും എന്നെ തുറിച്ചുനോക്കി കടന്നുപോയി. എന്തായാലും ഒരു വെടിയ്ക്കുള്ള എൻെറ മരുന്നു്—5 ണ—ചെലവുചെയ്യാൻ ഞാൻ തയ്യാറായില്ല. ഇനിയും വല്ല പോക്കററടിക്കാരും വന്നാൽ അവർ നിരാശപ്പെടരുതു്. 5 ണ യെങ്കിലും അവർക്കു ലഭിക്കണം. മദ്രാസ്സിൽനിന്നു് ഡൽഹി എക്സ്പ്രസ്സ് പോകുന്നതിനു് ഏതാനും മണിക്കൂറുകൾകൂടിയുണ്ടു്. ഞാൻ സ്റ്റേഷ്യനിൽനിന്നു് ചുററും നോക്കുകയാണു്, വല്ല പരിചയക്കാരും ഉണ്ടോ എന്നു്. പെട്ടെന്നു ഒരാൾ വന്നു് എൻെറ തോളിൽതട്ടി വിളിയ്ക്കുകയായി. തിരിഞ്ഞുനോക്കിയപ്പോൾ മല്ലപ്പള്ളിക്കാരൻ ഒരു പഴയ സുഹൃത്താണു്. അദ്ദേഹം സാമാന്യം ഉയർന്ന നിലയിലുള്ള ഒരു ഉദ്യോഗസ്ഥനാണു്. അദ്ദേഹം നിർബന്ധിച്ചു അദ്ദേഹത്തോടൊത്തു് കാപ്പി കുടിക്കുവാൻ. ഞാൻ വേണ്ടെന്നു് പറഞ്ഞുനോക്കി. പക്ഷേ ആ സ്നേഹിതൻ അതിനു് തയ്യാറില്ല. ആരംഭിച്ചിട്ടു് 24 മണിക്കൂർ കഴിഞ്ഞ

എൻെറ നിരാഹാരവ്രതം അവസാനിക്കുകയാണ്. എന്നിട്ടും ഞാൻ ആ അഞ്ചണ സംഭവം അദ്ദേഹത്തോട്ട് പറഞ്ഞില്ല. കാപ്പികുടിച്ച് കൈകഴുകിയപ്പോറം തുക എന്തായി എന്നു ഞാൻ അന്തസ്സിൽ ഹോട്ടലുകാരനോടു ചോദിച്ചു. 2 രു 8 ണ എന്നു പറഞ്ഞപ്പോറം ഞാൻ പോക്കററിലൊന്നു തട്ടി. 5 ണകറം 'അരുതേ' എന്ന പ്രതിഷേധശബ്ദം പുറപ്പെടുവിച്ചു. ഞാൻ പോക്കററിൽ കൈയിട്ടു. പക്ഷേ കൂട്ടുകാരൻ ഗൗരവപൂർവ്വം തടഞ്ഞതുകൊണ്ടു് ഞാൻ രക്ഷപെട്ടു!

അന്നത്തെ കാര്യം അങ്ങിനെ കഴിഞ്ഞു. ഇനി മൂന്നു ദിവസംകൂടിയുണ്ടു്. ഡൽഹി എക്സ്പ്രസ്സ് യാത്രക്കാരെക്കൊണ്ടു് നിറഞ്ഞുകഴിഞ്ഞു. ഒരു മുറിയിലും സ്ഥലമില്ല. ഒരുവിധം ഞാൻ വലിഞ്ഞുകയറി. തീവണ്ടി വിടുന്നതിനുള്ള ആദ്യത്തെ വിസിൽ ഉയർന്നു. ഇതാ എൻെറ മുറിയിലേക്കു് ഒരു ബഢിങ്ങ് ശക്തിയോടെ എറിയപ്പെടുന്നു. തോമസ്സേ! ഇതുകൂടി പിടിച്ചോളൂ എന്നൊരു ശബ്ദവും. ഒല്ലൂർക്കാരൻ ശങ്കരനാണ്. ഞങ്ങറം ഒന്നിച്ചു് ജബൽപൂരിൽനിന്നു് പുറപ്പെട്ടവരും അങ്ങോട്ടുതന്നെ പോകേണ്ടവരുമാണു്. മററുയാത്രക്കാരുടെ പ്രതിഷേധത്തെ വകവെയ്ക്കാതെ ശങ്കരനും ആ മുറിയിൽതന്നെ കയറി. ആവൂ! എന്തൊരാശ്വാസം. ഞങ്ങറം 5ണ കഥപറഞ്ഞു രസിച്ചു. ആവശ്യത്തിലധികം പണം ശങ്കരൻെറ കൈവശമുണ്ടായിരുന്നു. ഞാൻ ജബൽപൂർ ക്യാമ്പിൽ ചെന്നപ്പോഴും പോക്കററു് പരിശോധിച്ചു. അപ്പോഴും 5 ണ ഗൗരവപൂർവ്വം കിടക്കുന്നുണ്ടു്.

ജബൽപൂരിൽ ചെന്നുകഴിഞ്ഞാലുടനെ, എന്നെ ഏതെങ്കിലും വർക്ക്ഷോപ്പിലേക്കു് സ്ഥലം മാററുമെന്നു് ഞാൻ കരുതി. പക്ഷേ പിന്നെയും 2 മാസംകൂടി ആ

KOTTAYAM PUBLIC LIBRARY KOTTAYAM.

തീവെയിലിൽ കഴിഞ്ഞുകൂടേണ്ടിവന്നു. ജബൽപൂരിലെ കാലാവസ്ഥ മലയാളികൾക്ക് ഒട്ടും യോജിച്ചതല്ല. തണുപ്പുകാലത്ത് വലിയ തണുപ്പും വേനൽക്കാലത്ത് വലിയ ചൂടുമാണ്. സൂര്യാതപംമൂലം മൂക്കിൽക്കൂടി രക്തം വരികയും ബോധംകെട്ട് വീഴുകയും അവിടെ സാധാരണ സംഭവമായിരുന്നു. സൺ സ്ട്രോക്കുകൊണ്ട് മരിച്ചുപോയവരുടെ കഥകൾ അവിടെ കേട്ടിരുന്നു. അവധിക്കുശേഷം അവിടെ താമസിച്ച 2മാസം ഞങ്ങൾക്ക് പ്രത്യേകമായ ജോലി ഒന്നും ഇല്ലായിരുന്നു. എങ്കിലും പലപ്പോഴും വിസിൽ അടിച്ച് ചില ചില്ലറ ജോലികൾക്കായി ഞങ്ങളെ അലട്ടാറുണ്ടായിരുന്നു.

ആ കാലങ്ങളിൽ എന്റെ ഭാവനയിൽക്കൂടി കടന്നുപോയ ചിന്തകളുടെ സമാഹാരമാണ് 'മതികെട്ട മന്ത്രി' 'വിധവയുടെ വിലാപം' 'അമ്മായി അമ്മ' 'ഭാരതസ്ത്രീ' മുതലായ പ്രഹസനങ്ങൾ (അവ അച്ചടിച്ചിട്ടില്ല) അവയുടെ നിർമ്മാണത്തിന് നിശിതമായ പട്ടാളനിയമം പലപ്പോഴും പ്രതിബന്ധമായിരുന്നിട്ടുണ്ട്. ആ വസ്തുത ആ പ്രഹസനങ്ങളിൽ വ്യക്തവുമായിരുന്നു.

ദിവസവും വൈകുന്നേരം റോൾക്കാളിന് സ്ഥലംമാററമുള്ളവരുടെ പേരുവിളിക്കാറുണ്ട്. ആ സന്ദർഭത്തിൽ ഞങ്ങൾ വളരെ ശ്രദ്ധയോടെ നിൽക്കും, കാരണം ജബൽപൂരിലെ ഞങ്ങളുടെ ദിവസങ്ങൾ എണ്ണപ്പെട്ടുകഴിഞ്ഞുവെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു. ഒരു ദിവസം ലിസ്ററുവായിച്ചതിൽ ഞങ്ങൾ 12പേര് ഉൾപ്പെട്ടു. മീററ് തേഡ്ലൈൻ വർക്കുഷോപ്പിലേക്കാണു ഞങ്ങൾക്കു പോകേണ്ടിയിരുന്നത്. പിറേറദിവസംതന്നെ ജബൽപൂരിനെ പിന്നിട്ടുകൊണ്ടു ഞങ്ങളുടെ തീവണ്ടി മുന്നോട്ടു നീങ്ങി.

മീററററ് ഉത്തരപ്രദേശത്തിൻെറ വടക്കുകിഴക്കായി സ്ഥിതി ചെയ്യുന്നു. ഡൽഹിയിൽനിന്ന് ഏതാണ്ട് 60 മൈൽ ദൂരം കാണും. ജബൽപൂരിൽനിന്ന് അലഹബാദിലും അവിടെനിന്ന് ഡൽഹി എക്സ്പ്രസ്സിൽ അടുത്ത ദിവസം രാവിലെ 10 മണിക്ക് പഴയ ഡൽഹിയിലും ഞങ്ങൾ എത്തി. ഡൽഹി കാണണമെന്ന് ആഗ്രഹമുണ്ടായിരുന്നതിനാൽ അന്നുമുഴുവൻ അവിടെ താമസിച്ചശേഷം അടുത്ത ദിവസമാണ് മീററററിലേക്ക് യാത്ര തുടർന്നത്,

അനവധി സാമ്രാജ്യങ്ങൾ വളരുകയും തളരുകയും ചെയ്തതിന് സാക്ഷിനിന്നിട്ടുള്ള സ്ഥലമാണ് പഴയ ഡൽഹി. പുരാതന ഭാരതത്തിൻെറ തലസ്ഥാനവുമായിരുന്നല്ലോ. ഒററ നോട്ടത്തിൽ പഴയ ഡൽഹി ഇന്നും പഴയതുതന്നെയാണ്. പഴയരീതിയിലുള്ള വൻ കെട്ടിടങ്ങളും വീതികുറഞ്ഞ റോഡുകളും ധാരാളമുണ്ട്. എന്നെ ഏററവും ആകർഷിച്ചത് അടിമവംശസ്ഥാപകനായ കുട്ബുദീൻ സ്ഥാപിച്ച കുട്ടബ്മൈനർ എന്ന സ്മാരകസ്തംഭമാണ്. പൂർവ്വഭാരതത്തിൻെറ ശില്പകല എത്ര മനോഹരവും നമ്മുടെ ശില്പികൾ എത്ര ഭാവനയുള്ളവരുമാണെന്നുള്ളതിന് കുട്ടബ്മൈനർ സാക്ഷ്യം വഹിക്കുന്നു. മുഴുവനും കരിങ്കല്ലുകൊണ്ട് പണിതു് ഉയർത്തിയിരിക്കുന്ന കുട്ടബ് മൈനർ ഒരത്ഭുത ദൃശ്യംതന്നെയാണ്. അനേക കൽപടി ചവുട്ടിയുള്ള ആ കയററം കുറെ ആയാസകരംതന്നെ!

അവിടെനിന്ന് ഞങ്ങൾ ന്യൂഡൽഹിയിലേക്ക് തിരിച്ചു. 1910-ലാണല്ലോ ന്യൂഡൽഹിയുടെ സ്ഥാപനം. ഏററം പരിഷ്കൃത രീതിയിലുള്ള ഒരു നഗരസംവിധാനമാണവിടെ കണ്ടതു്. ഒരേ രീതിയിലുള്ള അനേക വൻ സൌധങ്ങളും നഗരമദ്ധ്യത്തിലെ മനോഹരമായ ഉദ്യാനവും

എല്ലാം നയനാനന്ദകരമാണ്. മൂടുപടമിട്ട സ്ത്രീകൾ അവിടെ ഒരു പുതിയ കാഴ്ചയായി എനിയ്ക്ക് അനുഭവപ്പെട്ടു. പരിഷ്ക്കാരം പാരമ്യതയിലെത്തിയ ഈ ഇരുപതാം നൂററാണ്ടിലും ഈ അനാചാരം തീരെ ഉപേക്ഷിച്ചിട്ടില്ല. ആ സ്ത്രീകളെ ആക്കും കാണുന്നതിനു് സാധിക്കുന്നില്ലെങ്കിലും ഇട്ടുമൂടിയിരിക്കുന്ന ആ കുപ്പായത്തിൻെറ കൺസുഷിരങ്ങളിൽക്കൂടി അവക്കു് മററുള്ളവരെ കാണാം. മററുള്ളവരിൽനിന്നു് ഒളിച്ചുമാറേണ്ട പുരുഷന്മാക്കും ഈ കുപ്പായം രക്ഷകൊടുക്കുന്നതാണു്. കുപ്പായം പൊക്കിനോക്കുന്നതിനു് നമുക്കു് സാധിക്കയില്ലല്ലോ. ഈ പുതച്ചുമൂടി പോകുന്നവരിൽ വേശ്യാസ്ത്രീകളും ധാരാളമുണ്ടെന്നു് കേട്ടിട്ടുണ്ടു്. ആളുപിടുത്തത്തിനു് പററിയ ഏർപ്പാടു തന്നെ!

അടുത്തദിവസം 11 മണിക്കു് ഞങ്ങൾ മീററിലെത്തി. ഭരണസൌകര്യത്തിനും കാര്യക്ഷമതയ്ക്കുമായി വർക്കുഷോപ്പുകളെ മൂന്നായി തിരിച്ചിരിക്കുന്നു. ഏതെങ്കിലും യുദ്ധരംഗത്തോ, കമ്പനികളിലോ ഉള്ള വക്കുഷോപ്പുകളെ U. R. O. എന്നോ ഫസ്ററുലൈൻ വക്കുഷാപ്പു് എന്നോ പറയും. പെട്ടെന്നു് ചെയ്തുതീർക്കാവുന്ന ചില്ലറ ജോലികൾ മാത്രമെ അവിടെ ചെയ്യാറുള്ളു. കുറെക്കൂടിവലിയ ജോലികളാണെങ്കിൽ സ്റ്റേഷ്യൻ വക്കു് ഷാപ്പ് അഥവാ സെക്കൻറുലൈൻ വക്കുഷാപ്പിലേക്കു് അയയ്ക്കുന്നു. വണ്ടിയുടെ ഭാഗങ്ങൾ അഴിച്ചു് കൂടുതലായി ശരിയാക്കുകയോ മാറുകയോ വേണമെങ്കിൽ അതു് തേഡ്ലൈൻ വക്കുഷാപ്പിലേക്കു് അയയ്ക്കുന്നു. ഫസ്ററുലൈൻ എല്ലാ കമ്പനികളിലും കാണും. എന്നാൽ സെക്കൻറു ലൈനാകട്ടെ ഒരു പ്രദേശത്തുള്ള എല്ലാ കമ്പനികൾക്കുംകൂടി ഒന്നേ കാണുകയുള്ളു. തേഡ്ലൈൻ ഒരു വലിയ ഏറിയായിൽ ഒന്നുമാത്രമെ ഉണ്ടായിരിക്കയുള്ളു. മററുള്ളവർ

പെട്ടെന്നു് മനസ്സിലാക്കാതിരിക്കുന്നതിനുവേണ്ടിയാണു് ഈ സാങ്കേതിക നാമങ്ങൾ ഉപയോഗിക്കുന്നതു്.

I. E. M. E. യിൽപെട്ട ഞങ്ങൾക്കു് എവിടെചെന്നാലും ഞങ്ങൾ പരിശീലിച്ചിട്ടുള്ള ജോലികൾ ചെയ്താൽ മതിയാകും ഞങ്ങളുടെ കൂട്ടത്തിൽ ഇലക്ട്രീഷന്മാർ, ഫിററർമാർ മുതലായ ടെക്നീഷ്യന്മാരാണുള്ളതു്. എന്നാൽ മീററു് വർക്ക്ഷോപ്പിൽ അതിനുള്ള ആളുകൾ തികഞ്ഞിരുന്നതിനാൽ ഞങ്ങളെ മററുജോലികൾക്കു് നിയോഗിക്കയാണു് ചെയ്തതു്. മററുജോലികളിൽ മണ്ണുകോരുക, വെള്ളംചുമക്കുക, പുല്ലുപറിക്കുക, എന്നുവേണ്ട എല്ലാത്തരം പണികളും ഉൾപ്പെട്ടിരുന്നു. ഞങ്ങളിൽ പലരും ഈ പണികളുമായി വലിയ പരിചയം ഉള്ളവരായിരുന്നില്ല. ഓരോദിവസവും കഷ്ടപ്പാടു് കൂടികൂടിവന്നിരുന്നതിനാൽ ദിവസങ്ങൾ വർഷങ്ങൾപോലെ ദീർഘമായിതോന്നി. എത്രജോലി ചെയ്താലും തൃപ്തിയാകുന്നവരായിരുന്നില്ല അവിടത്തെ യൂറോപ്യൻ ഉദ്യോഗസ്ഥന്മാർ. ഇസ്രായേൽ മക്കൾ ഫറവോൻെറ അടിമകളായി ഈജിപ്ററിൽ ഇഷ്ടിക ചുട്ട കാലം ഞങ്ങൾ ഓർത്തു. വെളുത്തവർഗ്ഗം കറുത്തവരെ എത്ര നികൃഷ്ടജീവികളായാണു് കരുതുന്നതെന്നു് അനുഭവിച്ചറിഞ്ഞതു് അന്നാണു്. വർക്ക്ഷോപ്പിൽ ഇററാലീയൻ തടവുകാർ ജോലിനോക്കിയിരുന്നു. അവരോടുകാണിച്ച ദയവുപോലും ഇൻഡ്യാക്കാരായ ഞങ്ങളോടു് യൂറോപ്യന്മാർ കാണിച്ചില്ല. എന്നാൽ എനിക്കു് ഒരുമാസം മാത്രമേ ഈ കഷ്ടത അനുഭവിക്കേണ്ടി വന്നൊള്ളു. ഞങ്ങളുടെ ഹവീൽദാർ മേജർ കൊല്ലംകാരൻ ഒരു നാരായണസ്വാമിയും സ്റ്റോറിൻെറ ചുമതല വഹിച്ചിരുന്ന കോർട്ടർമാസ്റ്റർ ചിറയിൻ കീഴുകാരൻ ഒരു ജി മാധവനും ആയിരുന്നു. ഇവർ ആരുമായി എനിക്കു് പരിചയമില്ലായിരുന്നുവെങ്കിലും

ഞാനറിയാതെതന്നെ അവരെന്നെ പരിചയപ്പെടുന്നതിനു ഇടയാക്കിയ ചില സംഭവങ്ങളുണ്ടായി. സാധാരണ മിലിട്ടറി സെൻററിൽ എന്നതുപോലെ അവിടെയും എഴുത്തുകൾ സെൻസ്സർചെയ്യുന്ന സമ്പ്രദായം ഉണ്ടായിരുന്നു. മലയാളത്തിലുള്ള എഴുത്തുകൾ പരിശോധിക്കുന്നതു് ഇവർ രണ്ടുപേരുമായിരുന്നു. പലകാരണങ്ങളാൽ എഴുത്തു് കൂടുതൽ അയയ്ക്കുന്ന ആളും കൂടുതൽ എഴുത്തുവരുന്ന ആളും ഞാൻ തന്നെയായിരുന്നു. ആ നിലയിൽ സ്വാമിയും മാധവനും നേരിട്ടല്ലെങ്കിലും എഴുത്തുകളിൽക്കൂടി എന്നെ പരിചപ്പെട്ടിരുന്നു. എൻെറ ഒരു സുഹൃത്തു് എൻെറ ക്ഷേമവും ജോലി എന്താണെന്നും അന്വേഷിച്ചു് ഒരു എഴുത്തയച്ചു. ഞാനതിനു് മറുപടി അയച്ചതു ചങ്ങമ്പുഴകവിതയുടെ പ്രസിദ്ധമായ നാലുവരികളാണു്.

“ഹാ രോമഹർഷദം ആ രഹസ്യം
ആരോടുംഞാനുരിയാടുകില്ല.
എൻകരൾ പാടുമാ മൌനഗാനം
എങ്കിലും ലോകമറിഞ്ഞുപോയി”

ആ എഴുത്തും സെൻസർ ചെയ്യപ്പെട്ടു. അന്നു വൈകുന്നേരം, അടുത്ത ദിവസം ആഫീസ്സിൽ ചെല്ലേണ്ടവരുടെ കൂട്ടത്തിൽ എൻെറ പേരും വിളിച്ചു. ഞാനന്തിച്ചുപോയി. ആ കാലങ്ങളിൽ ആഫീസ്സിലേക്കു് വിളിക്കപ്പെടുന്നവർ അധികവും എന്തെങ്കിലും കുററം ചെയ്യവരാണു്. കഴിഞ്ഞ കുറെ ദിവസങ്ങളെ ഞാൻ പിൻതിരിഞ്ഞുനോക്കി. ഒരു കുററവും ചെയ്യതായി ഓർമ്മയില്ല. അടുത്ത ദിവസം ഞാൻ ആഫീസ്സിലേക്കു് നയിക്കപ്പെട്ടു. ഒരു പ്രത്യേക മുറിയിൽ സ്വാമിയും മാധവനും ഉണ്ടു്. സംസാരം വളരെ ഗൗരവത്തിലാണു്. ഹിന്ദിയിലും ഇംഗ്ലീഷിലും. കാഴ്ചയിൽ അവർ മലയാളികളാണെന്നു് തോന്നുമെങ്കിലും ഭാഷകൊണ്ടു് മലയാളക്കരെയുമായി ഒരു ബന്ധവും

തോന്നിയില്ല. എനിക്കവരെ പരിചയമില്ല. കുറെ എഴുത്തുകൾ അവരുടെ മേശപ്പുറത്തുണ്ട്. ഏററവും മുക ളിൽ ഞാൻ രണ്ടുദിവസം മുൻപ് അയച്ച ഒരു എഴുത്തും. എനിക്ക് കാര്യം മനസ്സിലായി. ക്യാമ്പിലെ കഷ്ടപ്പാ ടുകളെക്കുറിച്ച് ഞാൻ എഴുതി. സെൻസർ ചെയ്യപ്പോൾ അതു കണ്ടുപിടിച്ചു. ഞാൻ കുററക്കാരനമായി. ഞാൻ പ റഞ്ഞു ''നിയമം ശരിക്കറിഞ്ഞുകൂടാത്തതുകൊണ്ടാണ്. ക്ഷമിക്കണം. മേലിൽ അങ്ങിനെ വരികയില്ല.'' അ വർ രണ്ടുപേരും ചിരിച്ചു എനിക്കാശ്വാസമായി. അ വർ എൻെറ കാര്യങ്ങൾ പലതും ചോദിച്ചുതുടങ്ങി. പിന്നീട് സംഭാഷണം മലയാളത്തിലുമായി. പരമാർത്ഥ ത്തിൽ ഒരു കുററക്കാരൻ എന്ന നിലയിലല്ല അവർ എ ന്നെ കരുതിയത്. എൻെറ എഴുത്തുകളിലെ സാഹിത്യ രസം അവക്ക് വളരെ ഇഷ്ടപ്പെട്ടു. പ്രത്യേകിച്ചു:-

"ഹാ! രോമഹർഷദം ആ രഹസ്യം
ആരോടും ഞാനറിയാട്ടകില്ല"

എന്ന എഴുത്ത് അവക്ക് കൂടുതൽ ആകഷ്കമായി തോന്നി. ഈ എഴുത്തിൻെറ ഉടമസ്ഥനായ സാഹിത്യരസികനെ_ ഒന്നുകാണണമെന്ന് കരുതിയാണ് എന്നെ വിളിപ്പിച്ച ത്. നാക്കൊള്ളവനെ തൂക്കുകയില്ലെന്ന വസ്തുത എത്ര ശരി യാണെന്ന് എനിക്കുതോന്നി. ഞങ്ങൾ ഹൃദയം തുറന്ന് സംസാരിച്ചു. ക്യാമ്പിലെ ജോലിയിൽ എനിക്കുള്ള പ്രയാസവും ഞാനറിയിച്ചു. അന്നുമുതൽ മൺപണിയിൽ നിന്ന് എന്നെ വിടർത്തുകയും റേഷൻസ്റ്റോറിലേക്ക് മാ റുകയും ചെയ്തു. എൻെറ കൂടെ തൃശ്ശൂർകാരൻ ഒരു ഏർണ സ്ററും ഉണ്ടായിരുന്നു. അങ്ങനെ മീററിലെ കഷ്ടപ്പാട് അവസാനിച്ചു. മററു പല സന്ദർഭങ്ങളിൽ ഈ സ്വാമിയു ടേയും മാധവൻെറയും സഹായം. എനിക്ക് ഉണ്ടായിട്ടു ണ്ട്. 4 മാസം ഞാൻ റേഷൻസ്റ്റോറിൽ കഴിഞ്ഞുകൂടി

എന്നെ മീററിൽനിന്നും സ്ഥലംമാററുന്നതിനുള്ള ഉത്തര വുണ്ടായി. എനിക്കു് നിശ്ചയിച്ചിരുന്ന സ്ഥലം കപററാ ആയിരുന്നു. എപ്പോഴും മഞ്ഞുറഞ്ഞുകിടക്കുന്ന സ്ഥലമാണു് കപററാ. പ്രത്യേകിച്ചും തണുപ്പുകാലം അതിൻെറ മൂർദ്ധന്യത്തിലും! ഇൻഡ്യയുടെ വടക്കെ അററത്തു് ഹിമാലയത്തോടു് ചേന്നു് കഠിനമായ മഞ്ഞിൽ കഴിഞ്ഞുകൂട്ടുന്നതു് നല്ലതല്ലെന്നു് എനിക്കുതോന്നി. അപ്പോഴാണറിഞ്ഞതു് മൈസൂറിൽ ഹരിഹർ എന്നസ്ഥലത്തേക്കു് കുറെ പേരെ അയയ്ക്കുന്നുണ്ടെന്നു്. സ്വാമിയുടെ സ്വാധീനം ഉപയോഗിച്ചു് കപററാക്കാരുടെ ലിസ്റ്റിൽ നിന്നു് എന്നെ ഹരിഹർ ലിസ്റ്റിൽ ചേർത്തു. ഹരിഹർ തുംഗഭദ്രാനദിയുടെ തീരത്തിലാണു്. കൂടാതെ എൻെറ ജ്യേഷ്ഠസഹോദരൻ ഹരിഹർ സപ്ലേഡിപ്പോയിൽ ഉണ്ടെന്നു് എനിക്കറിയാമായിരുന്നു. ഞങ്ങൾതമ്മിൽ കണ്ടിട്ടും ഏതാനും വർഷങ്ങൾ കഴിഞ്ഞിരുന്നു. അങ്ങനെ പലതരത്തിലും ഹരിഹർ എനിക്കു് ഇഷ്ടപ്പെട്ട സ്ഥലമായിരുന്നു.

എങ്കിലും എനിക്കു് വളരെ സഹായം ചെയ്ത സ്വാമിയേയും മാധവനേയും പിരിഞ്ഞുപോകുന്നതു് എനിക്കു് വളരെ പ്രയാസമായിതോന്നി. അവർ ഏററവും യോഗ്യമായ വിധം എന്നെ യാത്രയയച്ചു. 1943 നവംമ്പർ 2–ാം തീയതി മീററു് തീവണ്ടിസ്റ്റേഷ്യനിൽനിന്നും ഞങ്ങൾ കയറിയിരുന്ന തീവണ്ടി നീങ്ങുന്നതിനുള്ള പച്ചക്കൊടി ഉയർന്നു. ഒരു നീണ്ട ശബ്ദം ഉയർത്തിക്കൊണ്ടു് ആ രാക്ഷസവാഹനം മുന്നോട്ടു നീങ്ങി. ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ നിറഞ്ഞ കണ്ണുകളോടെ രണ്ടു ചെറുപ്പക്കാർ തീവണ്ടിപോയ ദിക്കിലേക്കു് നോക്കിനിന്നിരുന്നു. സ്വാമിയും മാധവനും!!

. . .

## VII. ഒരു മാനസിക വിഭ്രാന്തി.

ഹരിഹറിലേക്കുള്ള ഏററവും നല്ലമാര്ഗ്ഗം, മദ്രാസ്സിൽ ചെന്നു് ബാംഗ്ളൂർ വഴി പോകുന്നതായിരുന്നുവെങ്കിലും ബോംബെ നഗരത്തിൽ കുറെ വിശ്രമിക്കുകയും ആ പട്ടണത്തെ വേണ്ടവിധത്തിൽ ഒന്നു കാണുകയും ചെയ്യുന്നമെന്നു് കരുതി ഞാൻ ബോംബെവഴിയാണു് ഹരിഹറിനു് തിരിച്ചതു്. ആ പ്രാവശ്യവും ഡൽഹിയിൽവന്നു് പകൽ മുഴുവൻ താമസിച്ചശേഷമാണു് ബോംബെ മെയിലിൽ യാത്രതുടർന്നതു്. പുരാണപ്രസിദ്ധമായ ഉത്തരമധുരാപുരിയിലും ആഗ്രയിലും ഇറങ്ങണമെന്നു് ആഗ്രഹമുണ്ടായിരുന്നുവെങ്കിലും യാത്രയ്ക്കു് അനുവദിച്ചിരുന്ന സമയം വളരെ കുറവായിരുന്നതിനാൽ അതു സാധിക്കാതെവന്നു. ഉത്തര മധുരയിലെ തീവണ്ടിസ്റ്റേഷ്യനിൽ കാപ്പിയ്ക്കുപകരം പാലുകിട്ടിയപ്പോഠം 'നാക്കിനാൽ കുട്ടിയെ നക്കിമിനുക്കുന്ന പൈക്കളെ മന്ദം കറക്കുന്ന' ഗോപസ്ത്രീകളെ ഓർത്തുപോയി. അന്നത്തെ ചന്ദ്രികയിലും ആഗ്രയിലെ ടാജ്മഹാഠം പ്രേമകാവ്യം ഒഴുക്കുന്നുണ്ടായിരുന്നു. പക്ഷേ അതു് ആസ്വദിക്കുവാൻ കഴിഞ്ഞില്ല.

തീവണ്ടി അതിവേഗം മുന്നോട്ടുപായുകയാണു്. എന്റെ മുറി പൂര്ണ്ണ നിശബ്ദതയിലാണു്. തറയിലും ബഞ്ചിലും മുകഠംത്തട്ടിലും യാത്രക്കാരുണ്ടു്. ഇരിക്കുന്നവരും കിടക്കുന്നവരും. എല്ലാം മയക്കമാണു്. എന്റെ ചിന്തകഠം ചിറകെട്ടുത്തുപറന്നു. കഴിഞ്ഞ രണ്ടു വർഷത്തെ ജീവിതാനുഭവങ്ങളെ ഞാൻ വിശകലനം ചെയ്തു. നരകയാ

തനകളും ദുസ്സഹമായ പാരതന്ത്ര്യവും! ഈ ജീവിതം എന്നവസാനിക്കും! ഞാൻ എന്നിനി സ്വതന്ത്രനാകും ? ഉത്തരമില്ലാത്ത ചോദ്യങ്ങൾ!

മലയാളികൾ മററു് ഭാഷക്കാരെ അപേക്ഷിച്ചു് കൂടതൽ വിദ്യാസമ്പന്നരാണു്. സംസ്കാരമുള്ളവരാണു്. പക്ഷേ മിലിട്ടറിയെ സംബന്ധിച്ചടത്തോളം വളരെ അറിവുകുറഞ്ഞവരുമായിരുന്നു. പഞ്ചാബികളും, രജപുത്തുകളും, മറാട്ടികളും എല്ലാം വളരെക്കാലം മുമ്പുതന്നെ പട്ടാളവുമായി പരിചയിച്ചിട്ടുള്ളവരാണു്. നമ്മുടെ ആളുകൾ ധാരാളമായി യുദ്ധസേവനത്തിൽ ഏർപ്പെട്ടതു് രണ്ടാം ലോകമഹായുദ്ധകാലത്തു് മാത്രമാണു്. തൻനിമിത്തം കൂടതൽ സുഖസൌകര്യങ്ങൾ ഉള്ളടത്തും കൂടതൽ സേവനം പ്രയോജനപ്പെടുത്താവുന്നടത്തും ചേരുന്നതിനുള്ള പൂർവ്വകാല പരിചയമില്ലായിരുന്നു. വെറും ശിപായികളായി ചേർന്ന അനേകം S. S. L. C. ക്കാരെ ഞാൻ കണ്ടു. പൈനിയർ കോറിൽ മൺവെട്ടിയും കുന്താലിയുമായി ജോലിചെയ്യുന്ന വിദ്യാസമ്പന്നരായ മലയാളിയുവാക്കളെ എനിക്കു് പരിചയമുണ്ടു്. ഹവീൽദാർ ക്ലാർക്കായി ജോലിനോക്കുന്ന ഒരു B. L. കാരൻ എൻെറ കൂടെയുണ്ടായിരുന്നു വേണ്ട, ഇതുപോലുള്ള അനേക സാക്ഷികൾ എൻെറ സ്മരണമണ്ഡലത്തിൽ ഉയർന്നുവരികയാണു്. എന്നാൽ പഞ്ചാബികളുടെയോ പട്ടാണികളുടെയോസ്ഥിതി ഇതല്ല. സാമാന്യവിദ്യാഭ്യാസം മാത്രം സിദ്ധിച്ച പലരും ജമേദാരന്മാരായും സുബേദാരന്മാരായും ജോലിനോക്കിയിരുന്നു. സാങ്കേതിക വിഷയങ്ങളിലും കൂടുതൽ ശമ്പളം വാങ്ങിച്ചിരുന്നവർ മറുനാട്ടുകാരാണു്. ഈ വൈരുദ്ധ്യം പലപ്പോഴും മലയാളികളായ ഞങ്ങളെ വേദനിപ്പിച്ചിട്ടുണ്ടു്.

ഞാൻ അലഹബാദിൽ ചെന്നതിനുശേഷം മാത്രമാണു് എൻെറ ജോലി ശമ്പളം മുതലായവയെക്കുറിച്ചു് എനിക്കു് അറിയുവാൻ സാധിച്ചതു്. ഇതിലും അഭിവൃദ്ധികരമായ ഒരു സ്ഥാനം സ്വീകരിക്കുവാൻ സാധിച്ചില്ലല്ലോ എന്നുള്ള ഖേദം എന്നെ പലപ്പോഴും ഭരിച്ചിരിന്നു. എന്നെക്കാൾ കഴിവുള്ളവർ എന്നെക്കാൾ താഴ്ന്ന നിലയിൽ കിടന്നു് വിഷമിക്കുന്നുവെന്ന ഒരു കാര്യം മാത്രമായിരുന്നു എനിക്കു് ആശ്വാസപ്രദമായിരുന്നതു്. ഇങ്ങനെയുള്ള പലയാളുകളും ഒളിച്ചുപോയതായി എനിക്കറിയാം. പോലീസ്സിൻെറ പിടിയിൽനിന്നും രക്ഷപ്പെടുവാൻ വിമാനസേനയിലോ, നേവിയിലോ, കരസേനയിലെ മററു് വിഭാഗങ്ങളിൽ കൂടുതൽ സുഖസൌകര്യങ്ങൾ ഉള്ളിടത്തോ ചെന്നുചേരുന്നവരും ചുരുക്കമല്ല. എൻെറ ചില സുഹൃത്തുക്കൾ അങ്ങനെ കടന്നുകളഞ്ഞതായും എനിക്കറിയാമായിരുന്നു. കഴിഞ്ഞ 2 വർഷമായി ഞാനും ആ ചിന്തയിൽ കഴിഞ്ഞുകൂടുകയായിരുന്നു. പററിയ സന്ദർഭത്തിനുവേണ്ടി ഞാൻ കാത്തിരുന്നു. ഈ ബോംബേ യാത്ര അതിനു പററിയ സന്ദർഭമായി ഞാൻ കരുതി. ബോംബേയിലെ റിക്രൂട്ടിങ്ങു് ആഫീസ്സിലെ തിരക്കിൽ പോലീസ്സിനാൽ പിടിക്കപ്പെടാതെ മറേറതെങ്കിലും പട്ടാള വിഭാഗത്തിൽ ചേരുന്ന കാര്യം ക്ഷിപ്രസാദ്ധ്യവുമായിരുന്നു. അനുകൂലവും പ്രതികൂലവുമായ ചിന്താശതങ്ങൾ എൻെറ മനസ്സിനെ അസ്വസ്ഥമാക്കി. ഞാൻ ചെയ്ത സത്യപ്രതിജ്ഞ ദേവരൂപം പൂണ്ടു് എന്നെ തജ്ജനം ചെയ്യുന്നതായി തോന്നി. കണ്ടുപിടിക്കപ്പെട്ടാൽ എന്തായിരിക്കും അനുഭവം. കൈയ്ക്കു് വിലങ്ങും കഴുത്തിൽ കയറുമിട്ടു് രണ്ടു് പാറാവുകാരുടെ കാവലോടെ എന്നെ എവിടെനിന്നും പുറപ്പെട്ടോ ആ സ്ഥലത്തേക്കു് തിരിച്ചുകൊണ്ടുവരികയില്ലേ? തിരിച്ചെത്തിയാൽ

കിട്ടുന്ന ശിക്ഷ എത്ര ഭയങ്കരമായിരിക്കും! എല്ലാററിലും ഉപരിയായി എന്നെക്കുറിച്ചുള്ള വിവരങ്ങൾ ഒന്നും അറിയാതെ വീട്ടുകാർ പരിഭ്രമിക്കയില്ലേ? ഈ ചോദ്യങ്ങൾക്കുമുമ്പിൽ എൻെറ നീതികരണങ്ങൾ തകർന്നുപോയി. അടുത്തബെഞ്ചിൽതന്നെ ഇതുപോലെ പിടിക്കപ്പെട്ട ഒരു സാധുവിനെ രണ്ടു പട്ടാളക്കാർ കഴുത്തിൽ കയറും കൈയ്യ് വിലങ്ങുമായി ഇരുത്തിയിരിക്കുന്നു. അയാളുടെ രൂപം എന്നെ പേടിപ്പിക്കുന്നതായി എനിക്കുതോന്നി. ഒരു തീരുമാനത്തിലും എത്താതെ ഞാനൊന്നു് മയങ്ങി. തീവണ്ടിയുടെ ചൂളംവിളി കേട്ടാണു് ഞാൻ ഞെട്ടിയുണർന്നതു്. പുലർകാലം ആഗമിക്കയാണു്. കണ്ണുകൾ വലിച്ചുതുറന്നു് ഞാൻ ജനൽവഴി വെളിയിലേക്കു് നോക്കി. എനിക്കെതിരെ അങ്ങകലെയായി മേഘമാർഗ്ഗത്തെ അതിലംഘിച്ചു് ഉയർന്നുനിൽക്കുന്ന പർവ്വതപംക്തികൾ അതാ കാണപ്പെടുന്നു. അതിനോടു് ചേർന്നു് ചരിത്രപ്രസിദ്ധമായ ഗ്വാളിയാർ കോട്ടയും. ഉദയസൂര്യൻെറ ചെങ്കതിരുകൾ തട്ടി അതു് പ്രകാശിച്ചിരുന്നു അനേകകാലം ശത്രുക്കൾ ഭഗീരഥപ്രയത്നം ചെയ്തിട്ടും ഇളക്കാൻ സാധിക്കാതെ ഉറച്ചുനിൽക്കുന്ന ഗ്വാളിയാർകോട്ടയുടെ അസ്ഥിവാരം എൻെറ ചഞ്ചലമായ മനസ്സിനെ ഉറപ്പിക്കുവാൻ പര്യാപ്തമായിരുന്നു. എൻെറ ചിന്തകളെല്ലാം പമ്പകടന്നു. 1943 നവംബർമാസം 6-ാം തീയതി സായാഹ്നത്തിൽ ഞങ്ങൾ ബോംബെയിലെ വിക്ടോറിയാ ടെർമിനൽസിൽചെന്നിറങ്ങി.

വ്യവസായികമായി വളരെയേറെ വികസിച്ച ഒരു നഗരമാണു് 'ബോംബെ. പോരെങ്കിൽ വലിയോരു തുറമുഖവും. എന്നെ ഏററവും ആകർഷിച്ചതു് മലബാർ ഹില്ലാണു്. ഗാന്ധി-ജിന്നാ സംഭാഷണം നടന്ന ജിന്നായുടെ വലിയ ബംഗ്ളാവു് അവിടെയാണല്ലോ, അഭിന

വരീതിയിലുള്ള അവിടത്തെ ഉദ്യാനം ഹൃദയഹാരിയാണ്. കേരളത്തിൽ സാധാരണ കാണപ്പെടുന്ന വൃക്ഷസസ്യാദികരം എല്ലാംതന്നെ അവിടെ വളർത്തിയിരുന്നു. അതുകൊണ്ടായിരിക്കുമല്ലോ ഈ പേരിനാൽ ആ സ്ഥലം അറിയപ്പെടുന്നതു്. സൃഷ്ടിയുടെ ആരംഭത്തിൽ മലബാറിനെ-കേരളത്തെ-രംഗവിധാനം ചെയ്യുന്നതിനു് ഈശ്വരൻെറ നിർദ്ദേശപ്രകാരം കേരളത്തിലേക്കു് കൊണ്ടുവരപ്പെട്ട അനേക സാധനസാമഗ്രികളിൽ ചിലതു് ശ്രദ്ധയില്ലാത്ത മാലാഖമാരുടെ കൈയ്യിൽനിന്നു് അവിടെ വീണാണു് മലമ്പാർ ഹില്ലുണ്ടായതെന്നു് എനിക്കു് തോന്നിപോയി. പാർസികളുടെ ശവം സംസ്കരിക്കുന്നതിനുള്ള പ്രത്യേക സ്ഥലവും അവിടെയടുത്തുതന്നെയാണു്. അതു് കരുതിയായിരിക്കണം കഴുകന്മാർ ധാരാളം വട്ടമിട്ടുപറന്നിരുന്നു.

ബോംബെയിൽനിന്നു് പൂനാവഴിയാണു് യാത്രതുടന്നതു്. ബോംബെ മുതൽ പൂനാവരെ ഇലക്ട്രിക് ട്രയിനായിരുന്നതിനാൽ യാത്ര കൂടുതൽ സുഖപ്രദമായിരുന്നു. കുന്നും മലയും തുരന്നുള്ള ആ ഗതാഗതമാർഗ്ഗം അത്ഭുതകരമാണു്. കൊല്ലം ചെങ്കോട്ട യാത്രപോലെ തന്നെ ബോംബേ പൂനാ യാത്രയും പ്രകൃതിഭംഗിയുടെ നല്ല ഒരു ദൃശ്യം നമുക്കു് നൽകുന്നുണ്ടു്. കാടും മേടും തകർത്തു് മദം മുഴുത്ത കൊലയാനയെപ്പോലെ ആ തീവണ്ടി പൂനയിലെത്തി. അവിടെനിന്നു് ഹുബ്ളിവഴി ബോംബെയുടെയും മൈസൂറിൻെറയും അതൃത്തിപ്രദേശമായ ഹരിഹറിലും എത്തിച്ചേർന്നു.

1174

## VIII. തുംഗഭദ്രയുടെ തീരത്തു്

1943 നവംബർ 11-ാം തീയതി ഞങ്ങരം ഹരിഹറിലെത്തി. അലഹബാദിൽവച്ചു് പരിചയപ്പെട്ട മി. വി. എം. ജോൺ അപ്പോഴും കൂടെയുണ്ടു്. ഹരിഹർ ഒരു ഗ്രാമപ്രദേശമാണു്. തുംഗഭദ്രാനദി ആ സ്ഥലത്തെ ഫലപുഷ്ടിയുള്ളതാക്കിതീർക്കുന്നു. പഴയ ബോംബെസംസ്ഥാനത്തേയും മൈസൂറിനേയും വേർതിരിച്ചിരുന്നതും ആ ഭാഗങ്ങളിൽ തുംഗഭദ്ര തന്നെയാണു്. ഹരിയുടേയും ഹരൻെറയും പ്രതിഷ്ഠ അവിടെയുണ്ടായിരുന്നു. തൻനിമിത്തമായിരിക്കണം ആ സ്ഥലത്തിനു് ഹരിഹർ എന്നുപേരുണ്ടായതു്, പട്ടാളം പാളയമടിയ്ക്കുന്നതിനു് ഉപയോഗിച്ചിരുന്നസ്ഥലം അതിനുമുമ്പു് വെറും ശൂന്യമായി കിടന്നതായിരുന്നു. ഒരുകാലത്തു് കുമനും കുറുക്കനും സ്വൈരമായി വിഹരിച്ചിരുന്ന ആ പ്രദേശം വെടിയുടേയും പടയുടെയും മുഴക്കത്താൽ ശബ്ദായമാനമായിതീർന്നു. കുന്നുംകുഴിയും നിരപ്പാക്കി വിശാലമായ മൈതാനം രൂപംകൊണ്ടു.

ഞങ്ങരം അവിടെ ചെല്ലുന്ന കാലത്തു് ഏതാണ്ടു് 20-ൽ പരം G. P. T. കമ്പനികരം അവിടെയുണ്ടായിരുന്നു. ഈ കമ്പനികരംക്കു് എല്ലാം കൂടിയുണ്ടായിരുന്നതു് ഞാൻ ജോലിചെയ്തിരുന്ന സ്റ്റേഷ്യൻ വക്ക്ഷോപ്പു് മാത്രമാണു്. ഏകദേശം 2800-ൽ അധികം ലോറികളുടെ കേടുപാടുകരം പോക്കുവാനുള്ള ചുമതലയാണു് ഈ വക്ക്ഷോപ്പിനുണ്ടായിരുന്നതു്. പക്ഷെ വക്ക്ഷോപ്പിൽ

മിലിട്ടറിക്കാരായി ഞങ്ങൾ 50-ൽ താഴെ ആളുകൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. ബാക്കി എല്ലാവരും സിവിലിയന്മാരാണ്.

'പട്ടാള ജീവിതത്തിലെ നല്ലകാലങ്ങൾ' എന്ന് ഹരിഹറിലെ വാസത്തെ വിശേഷിപ്പിക്കുന്നതിൽ വലിയതെററില്ല. എനിക്ക് വളരയേറെ പ്രയോജനപ്പെട്ട ഏതാനും യൂറോപ്യൻ ഉദ്യോഗസ്ഥന്മാരും അവിടെയുണ്ടായിരുന്നു. എന്നോടുമാത്രമല്ല, പൊതുവെ ഇൻഡ്യാക്കാരോട് വളരെ സഹതാപത്തോടെയാണ് അവർ പെരുമാറിയിരുന്നത്.

ക്രിസ്ത്യാനികൾ ആ പ്രദേശത്ത് വളരെ ചുരുക്കമാണെങ്കിലും വളരെ പഴക്കമുള്ള ഒരു കത്തോലിക്ക ദേവാലയം അവിടെയുണ്ട്. ആ പള്ളിയുടെ സ്ഥാപനത്തെക്കുറിച്ച് രസകരമായ ഒരു കഥ ആ നാട്ടുകാർ എനിക്ക് പറഞ്ഞുതന്നു. കഥയിതാണ്.

വളരെക്കാലം മുമ്പ് തുംഗഭദ്രാനദി കരകവിഞ്ഞൊഴുകി. നദീപ്രവാഹത്തിൽ ഒരു ബ്രാഹ്മണൻ അകപ്പെട്ടു. യാതൊരുതരത്തിലും രക്ഷപെടുവാൻ നിവൃത്തിയില്ലാത്തവിധം മരണം അടുത്തുവെന്ന് അദ്ദേഹത്തിന് ഉറപ്പായി. എങ്കിലും ഈശ്വരവിശ്വാസിയായ അദ്ദേഹം കണ്ണടച്ച് ധ്യാനത്തിൽ മുഴുകി. കണ്ണുതുറന്നുനോക്കിയപ്പോൾ ഒരു പൊങ്ങുതടി അദ്ദേഹത്തോട് ചേർന്ന് ഒഴുകുന്നുണ്ട്. ആ പൊങ്ങുതടിയിൽ പിടിച്ച് അദ്ദേഹം രക്ഷപെടുകയും ചെയ്തു. ആപൊങ്ങുതടിയിൽ ദൈവമാതാവിൻെറ ഒരു രൂപമുണ്ടായിരുന്നു. ഈ ബ്രാഹ്മണൻ തൻെറ സ്ഥലത്ത് ഒരു ക്രിസ്തീയദേവാലയം പണികഴിപ്പിക്കുകയും പിന്നീട് താനും കുടുംബവും ക്രിസ്തുമതം സ്വീകരിക്കുകയും

ചെയ്യുവെന്നാണ് കഥ. ഏതായാലും ആ പള്ളി പഴക്കമേറിയതാണെന്നുള്ളതിന് യാതൊരു സംശയവുമില്ല.

മററു പല പട്ടാള കേന്ദ്രങ്ങളെ അപേക്ഷിച്ച് കൂടുതൽ സൌകര്യങ്ങൾ ഹരിഹററിനുണ്ടായിരുന്നു. എന്നെ ഏററവും ആകർഷിച്ചതു് ക്യാമ്പിലെ ലൈബ്രറിയാണ്. പുസ്തകങ്ങളുടെ കൂട്ടത്തിൽ മലയാളം, തമിഴ്, തെലുങ്ക് മുതലായ ദക്ഷിണേന്ത്യൻ ഗ്രന്ഥങ്ങൾകൂടി അടങ്ങിയിരുന്നു. പക്ഷ പുസ്തകങ്ങൾ വാങ്ങുന്നതിന് പുറപ്പെടുന്നതും അവിടെനിന്നു കിട്ടുകയെന്നുള്ളതും അത്ര എളുപ്പമുള്ളകാര്യമല്ല. പോലീസ്സ് സ്റ്റേഷനിൽ ചെന്നു് ഭിക്ഷയാചിക്കുന്ന പ്രതീതിയാണ് അനുഭവപ്പെടുക. ആഫീസ്സിൽ ഹെഡ്ക്ലാക്കായിരുന്നതു് മദ്രാസ്സ് സ്വദേശിയായ ഒരു തമിഴ് ബ്രാഹ്മണനായിരുന്നു. അദ്ദേഹം വലിയ അഴിമതിക്കാരനും സ്വാർത്ഥതല്പരനുമാണ്. ഏതോ കാരണവശാൽ അദ്ദേഹത്തെ ഞങ്ങൾ അവിടെ ഉണ്ടായിരുന്നകാലത്തുതന്നെ പ രിച്ചുവിടുകയുണ്ടായി. പുസ്തകവിതരണത്തിനുള്ള ചുമതലയും ഈ സ്വാമിക്കുതന്നെയായിരുന്നു. പുസ്തകത്തിനുവേണ്ടി എപ്പോൾ ചെന്നാലും 'നാളെപാക്കലാം' എന്ന മറുപടി കിട്ടും. സ്വാമിയുടെ നാളെ നീളെ നീളെ അങ്ങുപോകുകയും ചെയ്യും. ഇങ്ങനെ പല പ്രാവശ്യമായപ്പോൾ ഞാനൊരിക്കൽ സ്വാമിയോടു് മലയാളത്തിൽതന്നെ പറഞ്ഞു. സ്വാമീ 'പടപേടിച്ച പന്തളത്തു ചെന്നപ്പോൾ പന്തവുംകുത്തി പട'. തിരുവിതാംകൂറിൽ അന്നു് സർ. സി. പി. ദിവാൻസ്വാമിയായി കഴിയുന്ന കാലമാണ്. ഞാൻ പറഞ്ഞതിൻെറ അത്ഥം അല്പനേരം കഴിഞ്ഞേ അദ്ദേഹത്തിന് മനസ്സിലായുള്ളു. ഏതായാലും ജോലിതീർത്തു് സ്വാമി പിരിഞ്ഞുപോകുന്നതുവരെയും എന്നോടു് ആ ചൊരുക്കുണ്ടായിരുന്നു. പല

ആഫീസ്സുകളിലും തമിഴ്ബ്രാഹ്മണർ പണസംബന്ധമായ ചുമതല വഹിച്ചിരുന്നു. ഒരു ജന്മവാസനപോലെ എനിക്കു് അതു് തോന്നിയിട്ടുണ്ടു്.

മറെറാരു സൌകര്യം ഹരിഹററിലുണ്ടായിരുന്നതു് വിശ്രമ സന്ദർഭങ്ങളിൽ രസപ്രദമായി സമയംപോക്കാൻ സഹായിച്ച റിക്രിയേഷൻക്ലബ്ബാണു്. വായനയ്ക്കു് പല ഭാഷയിലുള്ള പത്രങ്ങളും, റേഡിയോ, ഗ്രാമഫോൺ മുതലായവയും അനേകതരത്തിലുള്ള ഇൻ-ഡോർ ഗയിംസ്സും അവിടെയുണ്ടായിരുന്നു. ഏതാനും ആഴ്ചകാം ഈ റിക്രിയേഷൻ ക്ലബ്ബിൻെറ ചുമതല വഹിച്ചിരുന്നതു് ഞാനാണു്. കഴിവുള്ളിടത്തോളം ആ സ്ഥാപനം മോടിപിടിപ്പിക്കുന്നതിനു് ഞാനന്നു് ശ്രമിച്ചിട്ടുണ്ടു്. നല്ല ചിത്രങ്ങാംകൊണ്ടു് ഹാറം അലങ്കരിക്കുകയും കൂടുതൽ പത്രമാസികകാം വരുത്തുന്നതിൽ ഉത്സാഹിക്കുകയും ചെയ്തു. ക്യാപ്ററർ മേയർ എന്ന ഒരു യൂറോപ്യൻ കമാൻഡിംങ്ങു് ആഫീസ്സറായിരുന്ന കാലത്താണു് ഈ മാനസികോല്ലാസങ്ങാംക്കു് ഞങ്ങാംക്കവസരം ലഭിച്ചതു്.

1945 ജനുവരിയിൽ ഞങ്ങളുടെ ക്യാമ്പിലുള്ള ഹിന്ദുക്കാംക്കു് ഭജന നടത്തുന്നതിനും മററുമായി ഒരു കൂടാരം ഒഴിച്ചുതന്നു. സിക്കുകാരും അവരുടെക്കൂടെ കൂടി. അതിൻെറ നടത്തിപ്പിനായി ഓരോഭാഷക്കാരുടേയും പ്രതിനിധികാം അടങ്ങിയ ഒരു കമ്മററിയും തെരഞ്ഞെടുക്കപ്പെട്ടു. മലയാളികളും തമിഴരും ഉാംപ്പെട്ട 'മദ്രാസ്സി'കളുടെ പ്രതിനിധിയായി എന്നെയാണു് തെരഞ്ഞെടുത്തതു്. എൻെറ പെരുമാററങ്ങാം തികച്ചും ഹൈന്ദവമായിട്ടാണു് അവർ ധരിച്ചതു്. മദ്രാസ്സികളായ ഹിന്ദുക്കാംക്കു് അതു സന്തോഷപ്രദമായിരുന്നു. ഭജന, പൂജ, മുതലായ എല്ലാ പരിപാടിയിലും ഞാൻ സംബന്ധിക്കുകയും ഹൈന്ദവപുരാണങ്ങളെ

KOTTAYAM PUBLIC LIBRARY KOTTAYAM

കുറിച്ചു് മലയാളത്തിൽ പ്രസംഗങ്ങൾ നടത്തുകയും ചെയ്തിരുന്നു. ഏതുകാര്യത്തിൽ സഹകരിക്കുന്നതിനും മതം ഒരു തടസ്സമല്ലെന്നു് ആ സംഭവം തെളിയിച്ചു. മറെറാരു ക്യാമ്പിൽ ഒരു ക്രൈസ്തവ ദേവാലയത്തിൽ മണിയടിക്കുകയും മററു് ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തിരുന്നതു് ഒരു തമിഴ് ബ്രാഹ്മണനായിരുന്നു. വൈരുദ്ധ്യം നിറഞ്ഞ ഈ കാര്യങ്ങൾ ഇന്നിരുന്നു് ഓർക്കുമ്പോൾ ചിരിച്ചുപോകുകയാണു്.

1944 ഡിസംബർ 10-ാം തീയതി ഹരിഹറിൽനിന്നു് ഏതാണ്ടു് 100 മൈൽ അകലെ 'സാഗർ' എന്ന സ്ഥലത്തു് ഒരു മിലിട്ടറി കമ്പനിവക ഏതാനും ലോറികൾ പരിശോധിക്കുന്നതിനു് ഒരു ഇലക്ട്രീഷൻ എന്ന നിലയിൽ എന്നെ അയച്ചു. ഞങ്ങൾ ഒരു ഞായറാഴ്ച രാവിലെ തിരിച്ചു. 'സിമോഗാ' വഴി മണ്ടക്കട്ടയിലും അവിടെനിന്നു് വീണ്ടും സിമോഗായിൽ വന്നു് സാഗറിലും എത്തിച്ചേർന്നു. ഹരിഹർ മുതൽ സാഗർവരെയുള്ള പ്രദേശങ്ങൾ വെറും വനങ്ങളാണു്. ഈ വനമദ്ധ്യത്തിൽ കൂടിയുള്ള റോഡുകൾ യാത്രയ്ക്കു് അത്ര സുഖപ്രദമായിരുന്നില്ല. കൂടാതെ രണ്ടുവശങ്ങളിലും ഇടതൂർന്നു് വളർന്നു നിൽക്കുന്ന വൻ വൃക്ഷങ്ങളുടെ ഇടയിൽ കാട്ടുമൃഗങ്ങളും സ്വൈരമായി വസിച്ചിരുന്നു. ഇക്കാരണത്താൽ എനിക്കല്പം ഭയം തോന്നിയിരുന്നുവെങ്കിലും ഏതിനും മതിയായ ഒരു സംഘം പട്ടാളക്കാർ ഞങ്ങളോടൊപ്പം ഉണ്ടായിരുന്നതിനാൽ ഭയം അല്പനേരത്തിനകം പമ്പകടന്നു.

സാഗർ ഒരു വനപ്രദേശംതന്നെ. ചന്ദനമരങ്ങളും ഗ്രാമീണ കന്യകയെപ്പോലെ ശാലീനത തികഞ്ഞ കാട്ടരുവികളും ആ സ്ഥലത്തിന്റെ ഭംഗിയെ വർദ്ധിപ്പിക്കുന്നു. സാഗർ ടൗൺതന്നെ വനമദ്ധ്യത്തിലാണെന്നു് പറയുന്നതിൽ വലിയതെററില്ല.

സാഗറിൽനിന്നു് ഏതാണ്ടു് 20 മൈൽ അകലെയാണു് പ്രസിദ്ധമായ ജോക്കു് (Joke) എന്ന വെള്ളച്ചാട്ടം. 800 അടി ഉയരത്തിൽനിന്നു് വെള്ളം ശക്തിയോടെ പതിക്കുന്ന ആ കാഴ്ച കാണേണ്ടതു തന്നെയാണു്. ആ വെള്ളച്ചാട്ടത്തിൽനിന്നു് വിദ്യുച്ഛക്തി എടുത്തുവരുന്നു. കാട്ടരുവികളും വലിയ ജലപാതവും കാടും കാട്ടുമൃഗങ്ങളും നിറഞ്ഞു് പ്രകൃതിയാൽ അനുഗ്രഹിക്കപ്പെട്ട ഒരു സംസ്ഥാനം തന്നെയാണു് മൈസൂർ. കേരളത്തിലെ കിഴക്കൻമലകളിൽ നിൽക്കുന്ന ഒരു പ്രതീതിയാണു് എനിക്കു് ജോക്കു്വെള്ളച്ചാട്ടത്തിൻെറ സമീപം നിന്നപ്പോളുണ്ടായതു്. ആ കാഴ്ചകൾ കണ്ടു് അത്ഭുതപരതന്ത്രരായ പഞ്ചാബി സുഹൃത്തുക്കളോടൊപ്പം ഡിസംബർ 27-ാം തീയതി ഞങ്ങൾ ഹരിഹറിൽ തിരിച്ചെത്തി

ക്യാപ്റ്റൻ ഓർ എന്ന ഒരു ധവര ഹരിഹർ വർക്കുഷോപ്പിലെ അധികാരമുള്ള ഒരു ഉദ്യോഗസ്ഥനായിരുന്നു. ഞങ്ങളുടെ കമ്പനിക്കടുത്തു് ഒരു സിനിമാ യൂണിററു് പ്രവർത്തിച്ചുകൊണ്ടിരുന്നു. വാനിൽ പട്ടാളക്യാമ്പുതോറും സഞ്ചരിച്ചു് സിനിമാപ്രദർശനം നടത്തുകയായിരുന്നു, അവരുടെ ജോലി. ഏതായാലും ക്യാപ്റ്റൻ ഓറിനെ സമീപിച്ചു് സിനിമാ ഓപ്പറേഷൻ പഠിക്കുവാൻ അനുവാദം തരണമെന്നു് ഞാൻ അപേക്ഷിക്കുകയും അദ്ദേഹം സന്തോഷത്തോടെ അതിനനുവദിക്കുകയും ചെയ്തു. പക്ഷേ 2 ആഴ്ച മാത്രമെ സിനിമാപ്രദർശനവുമായി സഞ്ചരിക്കുവാൻ സാധിച്ചുള്ളു. അതിനകം പല പ്രതികൂലസാഹചര്യങ്ങൾ ആ പരിപാടിയെ ഗ്രസിച്ചുകളഞ്ഞു.

ഈ കാലഘട്ടത്തിനിടയിൽ അതിപ്രധാനമായ പല സംഭവങ്ങളും നടന്നു. 1945-ൽ ജർമ്മൻ യുദ്ധവും ജപ്പാൻസമരവും സമാപിച്ചു. തന്നിമിത്തം ഞങ്ങളുടെ

വർക്കഷോപ്പുപ്രവർത്തനം വളരെയേറെ ചുരുക്കേണ്ടിവന്നു. കൂടാതെ അടുത്തുണ്ടായിരുന്ന മിലിട്ടറികമ്പനികൾ ബൽഗാമിലേക്ക് നീങ്ങിയതോടെ ജോലി വളരെ കുറയുകയും ചെയ്തു. 1946 ഏപ്രിൽമാസം 30- തീയതി ഹരിഹറിൽ നിന്നു് എന്നെ സ്ഥലംമാററി. ഹരിഹറിലെ ജീവിതം അഭിവൃദ്ധിയുടെ കാലഘട്ടമായിരുന്നു. നല്ല സ്നേഹിതന്മാർ, സുഖമായ ഭക്ഷണം, കൂടുതൽ ശമ്പളം, എന്നുവേണ്ട മനസ്സിനിണങ്ങിയ ഒരു സാഹചര്യം ഹരിഹറിലുണ്ടായിരുന്നു.

ഹരിഹറിൽവെച്ച് ഒരു രാത്രി വഴിതെററിവന്ന ഒരു യാത്രക്കാരനെ ഭയപ്പെടുത്തിയതിൽ എനിക്കു് ഇന്നും ദുഃഖമുണ്ടു്. കുററാക്കുററിരുട്ടു്. ചന്നംപിന്നം മഴ. ഞാനൊരു തോക്കുമായി മുള്ളുകമ്പി വേലിയ്ക്കകത്തു് ചുററും നടക്കുകയാണു്. കുറച്ചകലെ ഗെയിററിൽ ഒരു മങ്ങിയ വിളക്കും മററാരു പട്ടാളക്കാരൻ കാവൽ നിൽക്കുന്നതും കാണാം. കമ്പിവേലിയുടെ ഒരുവശത്തു് നെടുകെ ഒരു റോഡുണ്ടു്. പക്ഷെ അതു് പട്ടാളക്കാർക്കല്ലാതെ പകൽപോലും മററാർക്കും ഉപയോഗിക്കുവാൻ അനുവദിക്കുന്നതല്ല. പ്രത്യേകിച്ചും രാത്രികാലങ്ങളിൽ ആ വഴി പൂർണ്ണ നിരോധിത മേഖല തന്നെയാണു്. രാത്രിയിൽ തനിച്ച് കഴിഞ്ഞുകൂടുന്നതിൽ എനിക്കും ഭയമില്ലാതില്ല. അങ്ങു് വിദൂരതയിലുള്ള സ്വന്തം വീടും നാടും ഭാവനയിൽ കണ്ടുകൊണ്ടു് നിമിഷങ്ങൾ നീങ്ങുകയാണു്. കുറച്ചകലെ ആരോ നടന്നുവരുന്ന ഒരു ശബ്ദം കേൾക്കാം. നടപ്പിൻെറ ശബ്ദംകൊണ്ടു് പട്ടാളക്കാരല്ലെന്നു് വ്യക്തമാണു്. ഞാനൊരു ലോറിയ്ക്കു് മറഞ്ഞുനിന്നു് സൂക്ഷിച്ചു. ഒരു സാധു വഴിതെററി വരികയാണു്. ഏതായാലും അയാളെ ഒന്നു ഭയപ്പെടുത്തുന്നതു് ഒരു തമാശയായി എനിക്കുതോന്നി. അയാൾ അടുത്തെത്തി. ഞാനൊരു ശബ്ദം പുറപ്പെടുവിച്ചു

കൊണ്ടു് തോക്കിന്റെ കാഞ്ചി വലിച്ചുവിട്ടു. അയാറം കണ്ണാടകഭാഷയിൽ അയ്യോ എന്നുവിളിച്ചുകൊണ്ടു് താഴെ വീണു. ഞാൻ കൂട്ടുകാരനെ വിളിച്ചുകൊണ്ടു് അയാളുടെ അടുക്കൽ ഓടിയെത്തി. കൂട്ടുകാരനു് കണ്ണാടകഭാഷ വശമുണ്ടായിരുന്നു. അയാറം പറയുന്നതു് അയാറം വെടിയേററു് മരിച്ചുപോയെന്നാണു്! ഞങ്ങറം അയാളെ പിടിച്ചെഴുന്നേല്പിപ്പിച്ചിരുത്തി. അപ്പോഴും അയാറം മരിച്ചെന്നാണു് അയാളുടെ സംശയം. അവസാനം ഞാനയാളോടു് സത്യം പറഞ്ഞു. വെടിയുണ്ട ഇല്ലാത്ത തോക്കായിരുന്നു. ചെറിയ ഒരു ശബ്ദമെ ഉള്ളു. അപ്പോഴാണു് താൻ മരിച്ചിട്ടില്ലെന്നു് അയാറംക്കു് ബോദ്ധ്യമായതു്. അന്നു രാത്രി ഞങ്ങറം അയാളെ ഒരു ലോറിയിൽ കിടത്തി, രാവിലെ പറഞ്ഞയയ്ക്കുകയും ചെയ്തു. പരമാത്ഥത്തിൽ വെടിയേററില്ലെങ്കിലും മാനസികമായി അയാറം ചത്തതുതന്നെ. നമുക്കു് ഒരു തമാശു്. അതിന്റെ പ്രത്യാഘാതം വളരെ വലുതെന്നു് പിന്നീടാണു് ബോദ്ധ്യമായതു്".

## IX കാററ്നിയിലെ പരിശീലനം

മേയർ ഫാരി എന്ന യൂറോപ്യൻ ഹരിഹർ വക്ക്ഷോപ്പിലെ സെക്കൻഡ് ഇൻ-കമാൻഡ് ആയിരുന്ന കാലത്ത് അദ്ദേഹം 1945 ജൂൺ 13ാം തീയതി അപ്ഗ്രേഡിങ്ങ് കോഴ്സിനായി എന്നെ കാഡ്നിയിലേക്ക് അയച്ചു. 1945 വരെ അപ്ഗ്രേഡ് കൊടുക്കുന്നതിനു സ്റ്റേഷൻ വക്ക് ഷോപ്പുകാക്ക് അവകാശമുണ്ടായിരുന്നു. എന്നാൽ ആ ഏർപ്പാടുമൂലം അർഹതയില്ലാത്ത പലക്കും ഉയർന്ന ഗ്രേഡ് കിട്ടുകയും തൻനിമിത്തം ജോലിയുടെ മാന്യത കുറയുകയും ചെയ്തു. തൽപരിഹാരാർത്ഥം മേലിൽ ഗ്രേഡ് കൊടുക്കുന്നത് ഏതാനും ഉദ്യോഗസ്ഥന്മാരടങ്ങിയ ഒരു ബോർഡു പരീക്ഷിച്ചതിനു ശേഷം മാത്രം മതിയെന്നു തീരുമാനിക്കപ്പെട്ടു. ഇപ്രകാരമുള്ള ബോർഡു് കൂടുന്നത് സാധാരണഗതിയിൽ ഒരു കമാൻഡിങ്ങ് വക്ക്ഷോപ്പിലായിരിക്കും. ഗ്രേഡിനുവേണ്ടിയുള്ള പരീക്ഷകൾ 5, 8, ദിവസത്തേക്കു് നീണ്ടുനിൽക്കും. പിന്നീട് ജയപരാജയങ്ങൾ നിശ്ചയിച്ചു സ്വന്തം യൂണിററിലേക്കു തിരിച്ചയയ്ക്കുകയും ചെയ്യും.

കാററ്നിയിലെ 3. I. E M. E. ട്രയിനിങ്ങ് സെൻററിലേക്കാണു എന്നെ അയച്ചത്. ജബൽപൂരിൽ നിന്നു് ഏതാണ്ടു് 40 മൈൽ വടക്കു മാറിയാണു് കാററ്നി സ്ഥിതി ചെയ്യുന്നത്. കാലാവസ്ഥ ജബൽപൂരിനെ അപേക്ഷിച്ച് മോശമാണു്. ചൂടു കാലത്തു് ഭയങ്കര ചൂടും തണുപ്പ

കാലത്തു് വലിയ തണുപ്പമാണ്. ഞാൻ ചെല്ലുന്ന കാലത്തു് No. 3 ട്രയിനിങ്ങ് സെൻററിൽ 12 മുതൽ 16 വരെയുള്ള 5 ബററാലിയൻ ഉണ്ടായിരുന്നു. ഓരോ ബററാലിയനും A. B. C. എന്നു മൂന്നു കമ്പനികളും അവയ്ക്കെല്ലാം പ്രത്യേകം പ്രത്യേകം ഭരണാധികാരികളും ഉണ്ടായിരുന്നു. ഇതിൽ 12, 13, എന്നീ ബററാലിയൻ ഒഴിച്ചു ബാക്കി എല്ലാം പല സ്ഥലങ്ങളിൽനിന്നു് പല തരത്തിലുള്ള പരിശീലനങ്ങൾക്കായി വന്നിട്ടുള്ളവരാണ്. ഞങ്ങൾ-ഇലക്ട്രീഷ്യന്മാർ 14-ാം ബററാലിയനിൽ ഉൾപ്പെട്ടിരുന്നു. ജബൽപൂർ പോലെ തന്നെ നിശിതമായ നിയമങ്ങൾ ഞങ്ങളെ അവിടെയും പിൻതുടൎന്നിരുന്നു. ഭക്ഷണം വളരെ മോശമായിരുന്നു. രാവിലെ 7 മുതൽ 8 വരെ P. T. ഉണ്ടു്. 8 നു തന്നെ വൎക്ക്ഷോപ്പിലേക്കുള്ള മാർച്ചിങ്ങായി. 10-നു് ഭക്ഷണത്തിനു വിട്ടാൽ 11-നു് മുമ്പുതന്നെ വീണ്ടും വൎക്കു് ഷോപ്പിലേക്കു് പോകുന്നതിനുള്ള വിസിൽനാദമായി. 31/2 മണിവരെയും വൎക്ക്ഷോപ്പ് ജോലിയുണ്ടു്. ഇടയ്ക്കും ചായ കുടിക്കുന്നതിനു് 15 മിനിട്ടു് അനുവദിച്ചിരുന്നതു് വലിയ ആശ്വാസമായിരുന്നു. ഭക്ഷണം കഴിക്കുന്നതിനും കുളിക്കുന്നതിനും ഏകദേശം 1 ഫർല്ലോങ്ങു് ദൂരെ പോകേണ്ടിയിരുന്നതിനാൽ-പ്രത്യേകിച്ചും നട്ടുച്ച നേരത്തെ ബുദ്ധിമുട്ടോൎത്തു്-ചായ ചിലപ്പോൾ ഉപേക്ഷിക്കാറുണ്ടായിരുന്നു.

2 മാസത്തേക്കായിരുന്നു കോഴ്സ് ഉണ്ടായിരുന്നതു്. ഇൻസ്ട്രക്ററന്മാർ മിക്കവരും സിക്കുകാരായിരുന്നു. വിശേഷിച്ചും വിദ്യാ വിഹീനർ; മലയാളികൾ പലപ്പോഴും അവരുടെ കഴിവുകളെ ചോദ്യം ചെയ്തിരുന്നതിനാൽ അവൎക്കു് മലയാളികളോടു് വിരോധവുമായിരുന്നു. അവസാന വാരത്തിൽ ഒരു പരീക്ഷ നടത്തി. ഞങ്ങളിൽ

5 പേർ മലയാളികളും മററുള്ളവർ പഞ്ചാബികളും ആയിരുന്നു. എല്ലാ പഞ്ചാബികളെക്കാളും ഈ മലയാളികൾ ഭേദവുമായിരുന്നു. പക്ഷേ റിസൽട്ട് അറിഞ്ഞപ്പോൾ മലയാളികളിൽ ഒരാളൊഴിച്ച് മററെല്ലാവരും തോററിരിക്കുന്നു! ഞങ്ങളെ മനഃപൂർവ്വം തോല്പിച്ചതാണെന്ന് യൂറോപ്യനായ കേണലിൻെറ അടുക്കൽ പരാതിപ്പെടണമെന്ന് തോന്നിയെങ്കിലും ഒരു പ്രയോജനവും ലഭിക്കയില്ലെന്ന് മാത്രമല്ല, കൂടുതൽ കുഴപ്പം ഉണ്ടാകുമെന്നും അറിയാമായിരുന്നതിനാൽ ആ ശല്ല്യത്തിനൊന്നും പോയതേയില്ല. ഏതായാലും പല സ്ഥലങ്ങളിലും ഈ ഉത്തരദക്ഷിണ വ്യത്യാസം നിലവിലിരുന്നു.

ഞങ്ങളുടെ ക്യാമ്പിനടുത്തുതന്നെ ഫിററന്മാരുടെ ഒരു ട്രയിനിങ്ങ് സെൻററ്കൂടിയുണ്ടായിരുന്നു. അവിടെ ഒരു ബററാലിയൻെറ ചാർജ്ജ് വഹിച്ചിരുന്നത് തിരുവല്ലാസ്വദേശിയായ ഒരു മേജർ പുന്നൂസ് ആയിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ ഒരു സാധാരണ ഭടനായി ചേർന്ന അദ്ദേഹം തൻെറ മേധാശക്തികൊണ്ടും പരിശ്രമശീലം കൊണ്ടും ഉന്നത നിലയിൽ എത്തിയ ഒരാളത്രെ. പിന്നീട് അദ്ദേഹം കേണലായി എന്നു അറിയുകയുണ്ടായി.

കാററ്നിയിൽ ഒരു സി. എം. എസ്സ്. പള്ളിയും മാവേലിക്കര സ്വദേശിയായ ഒരു പട്ടക്കാരനുമുണ്ടായിരുന്നു. ഏതായാലും ആ ശുശ്രൂഷകൾ വളരെ ഹൃദ്യമായി എനിക്കു് അനുഭവപ്പെട്ടു. ഭക്ഷണം മോശമായിരുന്നതിനാൽ പലപ്പോഴും ഉദര സംബന്ധമായ രോഗം എന്നെ അലട്ടിക്കൊണ്ടിരുന്നു. തൻനിമിത്തം ഒരിക്കൽ ആശുപത്രിയിൽ രോഗിയായി കിടക്കേണ്ടതായുംവന്നു. കാററ്നിയിലെ പട്ടാള ആശുപത്രി വളരെ മേന്മയുള്ളതാണ്. രോഗിയായിരുന്നുവെങ്കിലും ശാന്തിയും സമാധാനവും നിറഞ്ഞ ഏതാനും ദിവസങ്ങളാണ് അവിടെ പിന്നിട്ടത്.

കാററ്നിയിലേക്കു് പോയതും തിരിച്ചുവന്നതുമായ തീവണ്ടിയാത്ര വളരെ ക്ലേശകരമായിരുന്നു. എല്ലാ ദിവസവും വൈകുന്നേരം 6 മണിക്കു് ബോംബെയിൽനിന്നു് കൽക്കട്ടെയിലേക്കുള്ള ട്രയിൻ പുറപ്പെടുന്നു. പട്ടാളക്കാർക്കുവേണ്ടി 2, 3, കമ്പാർട്ടുമെൻറു് വേർതിരിച്ചിട്ടിരിക്കും. അല്ലാതെ പ്രത്യേകം വണ്ടി അനുവദിച്ചിരുന്നില്ല. എന്നാൽ ചില പ്രത്യേക സന്ദർഭങ്ങളിൽ സ്പെഷ്യൽ ട്രയിനും ഉണ്ടായിരിക്കും. ഏതാണ്ട 5 മണിയായപ്പോഠം മുതൽ ഒരു ആയിരത്തിലധികം യാത്രക്കാർ ട്രയിൻകാത്തു് പ്ലാററുഫോറത്തിൽ നിലയായി. വളരെ ദൂരെ ട്രയിനിൻെറ വിസിൽ കേട്ടയുടനെ കെട്ടും ഭാണ്ഡവും തോളിലാക്കി ചാടിക്കേറാൻ ഒരുങ്ങിനിൽക്കുന്ന ആ നില കണ്ടാൽ സീതാന്വേഷണത്തിനായി സമുദ്രം കടന്നു് ലങ്കയിലേക്കു് ചാടാൻ ഒരുങ്ങിനിന്ന ഹനുമാൻെറ ചിത്രമാണു് എൻെറ മനോമുകുരത്തിൽ തെളിഞ്ഞുവന്നതു്.

തീവണ്ടി വന്നു; പുരുഷാരം ഉന്തിയും തള്ളിയും അതിൽ കയറിത്തുടങ്ങി. ഒരു തോളിൽ ബഡിങ്ങും കൈയ്യിൽ ഒരു പെട്ടിയുമായി ഞാൻ അതിനിടയിൽ അകപ്പെട്ടുപോയി. ഉന്തും തള്ളും വർദ്ധിച്ചതോടെ എൻെറ കൈയ്യിലുണ്ടായിരുന്ന പെട്ടി താഴെപോയി. അതെടുക്കാൻ ഉടനെതന്നെ കുനിഞ്ഞു. പെട്ടിനോക്കിയിട്ടു് കാണുന്നില്ല. എനിക്കു് വളരെ അത്ഭുതവും വ്യസനവും ഉണ്ടായി. എൻെറ പേയ്ബുക്കു്, മൂവ്മെൻറു് ഓഡർ പണം എന്നുവേണ്ട വിലപിടിപ്പുള്ള സകലതും ആ പെട്ടിയിലായിരുന്നു സംഭരിച്ചിരുന്നതു്. എനിക്കുണ്ടായ നിരാശയ്ക്കു് അതിരില്ലായിരുന്നു. അനന്തര കരണീയം എന്തെന്നറിയാതെ ഞാൻ പകച്ചുനിന്നുപോയി. ആ ബഹളത്തിൽ ബോംബയിൽ കേവലം അപരിചിതനായ എന്നെക്കൊണ്ടു് എന്തു ചെയ്യുവാൻ സാധിക്കും. എങ്കിലും

എനിക്കൊരു ബുദ്ധിതോന്നി. ട്രയിൻ വരികയും പോകുകയും ചെയ്യുന്ന സന്ദർഭത്തിൽ ബോംബെ സ്റ്റേഷനിൽ ഒരു ഗയിററ് ഒഴിച്ച് ബാക്കിയെല്ലാം അടച്ചിടുക പതിവാണ്. അവിടെ ടിക്കററുപരിശോധനയ്ക്ക് ഒരാളുണ്ടായിരുന്നു. ഏതായാലും അയാളോട്ട് വിവരം പറഞ്ഞാൽ പെട്ടി കണ്ടുപിടിക്കാൻ അയാരം സഹായിക്കുമെന്ന് എനിക്കുതോന്നി. ഞാൻ വളരെ ബദ്ധപ്പാടോടെ ഗയിററിലേക്ക് ഓടുമ്പോരം അതാ ഒരാരം എൻെറ പെട്ടിയുമായി വേഗം മറെറാരു വശത്തേക്കു മറയുന്നത് ഞാൻ കണ്ടു. ഞാൻ ചാടി പെട്ടിക്കു പിടിച്ചതും അയാരം പെട്ടിയും ഇട്ട് ഓടിയതും ഒന്നിച്ചു കഴിഞ്ഞു. അപ്പോഴേയ്ക്കും ട്രയിൻ വിടുന്നതിനുള്ള വിസിൽ അടിച്ചുകഴിഞ്ഞു. തൻനിമിത്തം ഞാൻ തീവണ്ടിയിൽ കയറി സ്ഥലം പിടിച്ച് യാത്ര തുടന്നു. ബോംബെയിൽ മാത്രമല്ല ജനബാഹുല്യമുള്ള മിക്ക സ്ഥലങ്ങളിലും ഇത്തരക്കാരെ സൂക്ഷിക്കേണ്ടതുണ്ട്.

ഇതിലും വലിയ ഒരു കബളിപ്പിക്കലാണ് തിരിച്ചുവരുമ്പോരം ഉണ്ടായതു്. ഞാൻ കാററ്നിയിൽനിന്ന് ബോംബെയിലും അവിടെ നിന്നും പൂനയിലും എത്തി. അവിടെനിന്ന് ഹരിഹറിന്നു പോകാൻ ഒമ്പതര മണിയ്ക്കുള്ള ബാങ്ക്ളൂർ മെയിലിൽ യാത്ര തുടർന്നു. ഞാൻ കയറിയിരുന്ന മുറിയിൽ പലതരത്തിലുള്ള യാത്രക്കാരുണ്ടായിരുന്നു. വണ്ണപകിട്ടുള്ള വസ്ത്രം ധരിച്ച തമിരംനാട്ടുകാർ, വലിയ തുണി ചുരുട്ടി ചുററിയ തലേക്കെട്ടുള്ള മറാട്ടികരം, പൈജമാക്കാർ എന്നുവേണ്ട വലിയ ഇൻഡ്യയുടെ ഒരു ചെറിയ പതിപ്പായി ആ മുറി എനിക്കു് അനുഭവപ്പെട്ടു. പട്ടാളക്കാരും അല്ലാത്തവരും എല്ലാം ഉണ്ടതിൽ. ബോംബെയിൽ വച്ചുണ്ടായ സംഭവം ആവൎത്തിയ്ക്കാതിരിക്കാൻ പെട്ടി ബെഡ്ഡിങ്ങിനകത്താക്കി ഭദ്രമായി തെറു

ത്തിരുന്നു. പെട്ടി ചെറുതായിരുന്നതിനാൽ ഭാണ്ഡം ഒര ഭംഗിയായി തോന്നുകയുമില്ലായിരുന്നു. ബെഡിങ്ങ്' ഒരു പ്രത്യേക സ്ഥലത്ത്' സൂക്ഷിച്ച ശേഷം ഞാൻ തീവണ്ടി യിലെ ബഞ്ചിൽ ഇരുന്നും ചിലപ്പോഴം കിടന്നും മയ ക്കം തുടങ്ങി. എൻെറ ബെഡിങ്ങ്' തലയിണയായി വെച്ച്' ഒരു മറാട്ടിഹവീൽദാർ കിടക്കുന്നുണ്ട്'. അയാള ടെ സംസാരത്തില്ലം പെരുമാററത്തിലും അയാഠം ഒരു മയ്യാദക്കാരനായി എനിക്കതോന്നി. അയാളെ അവിശ്വ സിക്കത്തക്കതൊന്നും കണ്ടില്ല. വെളിപ്പിന്' 5 മണി ക്ക്' വണ്ടി കോൽഹാപ്പൂർ റയിൽവേ സ്റ്റേഷ്യനിൽ എ ത്തി. ഞാൻ ഉറക്കമുണർന്നു നോക്കിയപ്പോഠം എൻെറ ബെഡിങ്ങ, കാണ്മാനില്ല. ഉടനെതന്നെ അവധിയിൽ പോരുന്നതിന്' ഒരുങ്ങിയിരുന്നതിനാൽ പലവിധ സാ ധനങ്ങഠം അതിൽ സംഭരിച്ചിരുന്നു. തൻനിമിത്തം എൻെറ ദുഃഖം വളരെയായി. എന്താണ്' ചെയ്യേണ്ടതെ ന്നറിയാതെ ഞാൻ അന്തിച്ചുപോയി. ആ മുറിയിലുള്ള മററാളുകളും എൻെറ ദുഃഖത്തിൽ പങ്കുകൊണ്ടു. ബെഡി ങ്ങിൽ തലവെച്ചുറങ്ങിയ ഹവീൽദാർ ആ ബെഡിങ്ങു മായി ഈ സ്റ്റേഷ്യനിൽ തന്നെയാണിറങ്ങിയതെന്നും അ വരിൽനിന്നു' ഞാൻ മനസ്സിലാക്കി. ബെഡിങ്ങിൽ അ യാഠം തലവെച്ചിരുന്നതിനാൽ അതയാളുടേതെന്നായിരു ന്നു മററുള്ളവർ ധരിച്ചിരുന്നതു്. ആ മുറിയിൽ വിമാന സേനയിലുണ്ടായിരുന്ന ഒരു മലയാളിയുണ്ടായിരുന്നു. അ യാഠം എന്നെയും കൂട്ടി സ്റ്റേഷ്യൻ മാസ്റ്ററുടെ അടുക്കൽ ചെ ന്നു' വിവരം അറിയിച്ചു. കഴിയുന്നത്രം വേഗം സ്റ്റേഷ്യനി ലുള്ള എല്ലാ വണ്ടികളും പരിശോധിക്കുന്നതിന്' ഒരു പോലീസ്സുകാരനെ അദ്ദേഹം ഞങ്ങളുടെകൂടെ അയച്ചു. പോലീസ്സുകാരൻെറ സഹായത്തോടെ ഞങ്ങഠം ഓരോ തീവണ്ടിയും പരിശോധിച്ചു തുടങ്ങി. ഞങ്ങളെ കണ്ട

പ്പോഠം ഒരാഠം ഒരു മുറിയിൽനിന്നു് വെളിയിലേക്കു് ചാടി ഇരുട്ടിൽ മറയുന്നതു കണ്ടു. വേഗം ആ മുറിയിൽ എത്തിയപ്പോഠം അയാഠം ഉപേക്ഷിച്ചുപോയ എൻെറ ബഡിങ്ങു് ഞങ്ങളെ കണ്ടതിലുള്ള സന്തോഷത്തോടെ ആനന്ദത്തിൽ സ്വസ്ഥമായി കിടക്കുന്നു. ഏതായാലും അദ്ധ്വാനിച്ചുണ്ടാക്കിയ മുതൽ നഷ്ടപ്പെടുകയില്ലെന്നുള്ള വിശ്വാസം എനിക്കു് കൂടുതൽ ദൃഢമായി. തീവണ്ടി സ്റ്റേഷനിൽനിന്നു് പുറപ്പെടാനുള്ള വിസിൽ മുഴങ്ങികഴിഞ്ഞു. ഞാൻ ചവിട്ടുപടിയിൽ നിന്നുകൊണ്ടു് പോലീസ്സുകാരനു് 5 രൂപാ വച്ചുനീട്ടി. വേണ്ട, വേണ്ട, ഞങ്ങളുടെ ചുമതലയേ വഹിച്ചുള്ളു. എന്ന അയാളുടെ മറുപടി എന്നെ അത്ഭുതപ്പെടുത്തിക്കളഞ്ഞു. എന്തൊരു നീതിബോധം! 1945 ആഗസ്റ്റു് 15 നു- ഞാൻ ഹരിഹറിൽ തിരിച്ചെത്തി.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# X. പ്രണയ ലേഖനങ്ങൾ.

പട്ടാള ജീവിതത്തിലെ ഏററവും രസകരമായ ഒരു ഹോബിയാണ് പ്രണയലേഖനങ്ങൾ. പലരും ഓരോ തരത്തിൽ ജീവിതനൈരാശ്യം സംഭവിച്ചിട്ടുള്ളവരാണ്. ദാരിദ്ര്യമോ തൊഴിലില്ലായ്മയോ, ദേശാടനത്തിനുള്ള താല്പര്യമോ, പ്രണയനൈരാശ്യമോ, മറേറതെങ്കിലുമോ, അവരുടെ പ്രയാണത്തിൻെറ പിന്നിൽകാണും. ഇതൊന്നും ഇല്ലാത്തവരായി വല്ലവരും ഉണ്ടെങ്കിൽ അവരും ഏതെങ്കിലും ഒന്ന് സങ്കല്പത്തിൻെറ സൃഷ്ടിയായിട്ടെങ്കിലും അവകാശപ്പെടും തൊഴിലൊന്നുമില്ലാത്തവൻ കൃഷിയെന്നു പറയുംപോലെ. നാട്ടിൽ വലിയ അക്രമങ്ങൾ കാണിച്ച് നിൽക്കക്കള്ളിയില്ലാതാകുമ്പോൾ പട്ടാളത്തെ ശരണം പ്രാപിച്ചവരും ചുരുക്കമല്ല.

ഇതിൽ ഏററവും രസാവഹമായിട്ടുള്ളത് പ്രണയനൈരാശ്യക്കാരുടെ കഥയാണ്. കൌമാരം എത്തിനോക്കമ്പോൾ മുതലേ വിശ്രമത്തിനുള്ള സങ്കേതം അന്വേഷിക്കുകയായി. ആ സങ്കേതം താൽക്കാലികമാകാം, സ്ഥിരമായിട്ടുമാകാം. സമുദായത്തിൻെറ താക്കീതുകളും ഭാവിയുടെ അനിശ്ചിതത്വവും ഒന്നും അതിനു് തടസ്സമല്ല. പോരെങ്കിൽ

> "സമുദായനീതികളല്ലതിൻെറ
> വിഫല സാമ്രാജ്യത്തിൻ മാനദണ്ഡം"

എന്ന ചങ്ങമ്പുഴ പ്രമാണവും കൈവശമുണ്ട്. എന്നാൽ പലരും പ്രാതികൂല്യങ്ങളെ അതിജീവിക്കുവാൻ

കെല്പില്ലാതെ തളർന്ന പാകം. പ്രണയത്തിലാരംഭി ച്ച്, എതിർപ്പുകളിൽ പതറി വിയോഗത്തിലെത്തുന്നു. ഇങ്ങനെ ദുസ്സഹമായ വിയോഗവ്യഥ അനുഭവിച്ചിരു ന്ന ഒരാൾ എന്നോടൊത്ത് ജബൽപൂരിലുണ്ടായിരുന്നു. അയാൾ കരയുന്നതല്ലാതെ ചിരിക്കുന്നത് ഞാൻ കണ്ടി ട്ടില്ല. അയാൾക്കൊരു മൂളിപ്പാട്ടുണ്ടായിരുന്നു. "മണ്ണിലാ യാലും വിണ്ണിലായാലും നിന്നെ ഞാൻ മറന്നീടുമോ ഓമനേ! നിൻ വിലാപമാണുയെൻ പ്രേമഗീതത്തിൻ മാ റെറാലി" ശോകാർദ്രമായ ആ ഗാനം എന്നെയും ചിന്താകു ലനാക്കിയിട്ടുണ്ട്, അദ്ദേഹത്തിൻെറ കത്തുകളെല്ലാം ക വിതാമയമായിരുന്നു. മറുപടിയും അതുപോലെതന്നെ കാവ്യാത്മകമായിരുന്നു. ഒരു എഴുത്ത് 10 പ്രാവിശ്യമെങ്കി ലും വായിക്കുമെന്നാണ് തോന്നുന്നത്. ഇപ്പോൾ അവരു ടെ നില എന്താണെന്ന് ഞാൻ അറിയുന്നില്ല. എങ്കിലും 'ഒരു കൊച്ചു കല്യാണ മണ്ഡപത്തിൽ ഒരുദിനം നിങ്ങ ളെ രണ്ടുപേരെ' ഒരുമിച്ചു കാണുവാൻ ഇടയാകട്ടെ! എന്നു ഞാൻ പ്രാർത്ഥിക്കുമായിരുന്നു.

രാത്രിയിൽ ആരോ ഓടിച്ചിട്ടു തല്ലിയ ഒരു ട്യൂഷൻ മാസ്റ്റർ, പൊയ്കയിൽ ചാടി രക്ഷപെട്ട കഥ തന്മയത്വ ത്തോടെ വിവരിക്കും.

മലബാറിൽ ഒരു സ്കൂൾമാസ്റ്റർ ഉണ്ടായിരുന്നു. അയാ ളുടെക്കൂടെ ഒരു 'ലേയാമ്മ' പഠിപ്പിച്ചുകൊണ്ടിരുന്നു. മാലാഖയുടെ വിശുദ്ധിയും കാട്ടരുവിയുടെ മാദകത്വവും അവൾക്കുണ്ടായിരുന്നു. കുടുംബത്തിൻെറ സാമ്പത്തിക പ രാധീനത പട്ടാളത്തിൽ ചേരുന്നതിന് ഇയ്യാളെ നിർ ബന്ധിതനാക്കി. മീററിൽവെച്ച് ഞങ്ങൾതമ്മിൽ കണ്ടു മുട്ടി. വിദൂരതയിൽ ഏകാന്തഗായകനായി കഴിയുന്ന ഇയാൾക്ക് പഴയ സഹപ്രവർത്തകയുമായി എഴുത്തുകുത്തു കളിൽക്കൂടി അടുക്കണമെന്ന് ഒരു തോന്നലുണ്ടായി. രമ ണൻ അയച്ചുതരുവാൻ ദയവുണ്ടാകുമോ എന്ന അപേക്ഷ

യോടെ ഒരു എഴുത്തയച്ചു. കാമുകികാമുകന്മാർക്ക് രമണനാണല്ലോ പ്രാമാണിക ഗ്രന്ഥം. ഈ എഴുത്ത് ആ തരുണിയെ വല്ലാതെ ക്ഷോഭിപ്പിച്ചു. തന്നോട് അപമര്യാദയായി പെരുമാറിയ ആ മാസ്റ്റർക്ക് അവർ അയച്ച മറുപടി ഇങ്ങനെയായിരുന്നു. "ശ്മശാന പരിസരങ്ങളിൽ എത്തിയിരിക്കുന്ന ഒരു ക്രിസ്തീയ യുവാവിന് രമണനല്ല ബൈബിളാണ് ആവശ്യം"

ആ എഴുത്ത് ഇരുട്ടത്തേററ അടിപോലെ അയാളെ വിഷമിപ്പിച്ചു. വളരെ രഹസ്യമായി എൻെറ അടുക്കൽ വന്ന് എഴുത്തു കാണിച്ചു. ഒരു മറുപടി തയ്യാറാക്കിതരണമെന്ന് ആവശ്യപ്പെട്ടു. എനിക്ക് പ്രണയലേഖനം എഴുതി പരിചയമില്ലെന്ന് പറഞ്ഞിട്ടും അയാഠം പോകാൻ ഭാവമില്ല. ഞാൻ അയാഠംക്കുവേണ്ടി മറുപടി എഴുതി! സഹോദരീ എന്ന സംബോധനയോടെ ആരംഭിച്ച എഴുത്ത് ഏതായാലും അവരുടെ കോപത്തെ ശമിപ്പിച്ചുവെന്ന് പിന്നീടുവന്ന മറുപടി വ്യക്തമാക്കി. മാത്രമല്ല അവർ ക്ഷമ ചോദിക്കുകയും ചെയ്തിരുന്നു. മാസ്റ്റർക്ക് ഉത്സാഹമായി. മാസ്റ്റർക്കുവേണ്ടി എഴുത്തയയ്ക്കുക എന്നതു് ഒരു സാധാരണ സംഭവമായി. ഒരു വർഷത്തിനകം അവരുടെ വിവാഹനിശ്ചയവും നടന്നു. ഇപ്പോഠം അവർ സ്വപരീക്ഷിതരായ ദമ്പതികഠം ആയിരിക്കണം. ഞാൻ ചെയ്തു കൊടുത്ത സഹായം വിലതീരാത്തതാണെന്നും അതു് ഒരിക്കലും മറക്കുകയില്ലെന്നും മാസ്റ്റർ പറയുമായിരുന്നു. പക്ഷേ അധികം താമസിയാതെ എന്നെ ഹരിഹറിന് മാററിയതിനാൽ എനിക്ക് പിന്നീടുള്ള വിവരങ്ങഠം ഒന്നും അറിയുവാൻ സാധിച്ചില്ല.

പ്രണയ ലേഖനങ്ങഠം വിദ്യാഭ്യാസമുള്ളവർക്കേ എഴുതാവു എന്നില്ല. ജബൽപൂരിൽ എഴുത്തുകഠം എല്ലാം ഒരു പെട്ടിയിൽ ഇട്ടേയ്ക്കുയാണ് പതിവ്. 2 മണിക്ക പെട്ടി പരിശോധിച്ച് അവരവരുടെ എഴുത്ത് എടുത്തുകൊള്ളണം. ഏതാനും ദിവസമായി ആരുമെടുക്കാത്ത ഒരു എഴുത്ത്

ഞങ്ങാംക്കു് കിട്ടി, നാരായണൻ എന്നു് ഇംഗ്ലീഷി ലും മലയാളത്തിലും എഴുതിയിരുന്നതിനാൽ ആളനു ഷിച്ചു് 2 ദിവസംകൂടി ക്ഷമിച്ചു. അങ്ങിനെ ഒരാളിനെ ക്കുറിച്ചു് ആക്കും ഒരറിവുമില്ലായിരുന്നതിനാൽ ഞങ്ങരം ഏതാനും സുഹൃത്തുക്കരം ആ എഴുത്തു് പൊട്ടിച്ചു വായിച്ചു. ഏതായാലും അനേക ദിവസത്തെ ചിരിയ്ക്കുള്ള വക അതി ലുണ്ടായിരുന്നു. പ്രത്യേകിച്ചും ഒരു വാചകം ഇന്നും മറ ന്നിട്ടില്ല. ആ ശകുന്തളാ ദുഷന്തന്മാർ യാത്രപറഞ്ഞു് പി രിയുന്ന രംഗം അക്ഷരപരിജ്ഞാനമില്ലെങ്കിലും വികാര വായ്പോടെ അവർ എഴുതിയിട്ടുണ്ടു്. ദുഷന്തൻ ശകുന്തളയെ കണ്ടുന്നതു് ആശ്രമ വൃക്ഷത്തണലിൽവെച്ചാണു്. ഇവി ടെയാകട്ടെ കുറുന്തോട്ടിയുടെ ചുവട്ടമാണു്. അങ്ങിനെ വള ന്നു് കയറുന്ന കുറുന്തോട്ടിയുള്ള നാട്ടു് ഏതോ? പ്രണയാ ത്ഥർ സ്ഥലകാല ബേധമുള്ളവരല്ലല്ലോ!

ഹരിഹറിൽ ഞങ്ങളുടെ അലക്കുകാരൻ, പൊന്നാനി സ്വദേശിയായ ഒരു രാമനായിരുന്നു. അയാളുടെ ഭാര്യയ്ക്കു് അയാളിൽ അണുപോലും വിശ്വാസമില്ല. എഴുത്തുചെല്ലു വാൻ ഒരു ദിവസം താമസിച്ചാൽമതി, 'അല്ലേലും നി ങ്ങരം അങ്ങിനത്തവനാ, എന്നാ പിന്നെ പറഞ്ഞേച്ചാൽ പോരെ, ഞാൻ പൊയ്ക്കോളാം'' എന്ന ശകാരവഷ്വുമാ യി കത്തു് ആഗമിക്കയായി. രാമനു് എഴുതാനും വായി ക്കാനും അറിഞ്ഞുകൂടായിരുന്നു. തന്നിമിത്തം രാമനുവേ ണ്ടി എഴുത്തു് എഴുതുന്നതും വായിച്ചു് കേരംപ്പിക്കുന്നതും എന്റെ ജോലിയായിരുന്നു.

വിവാഹവും കഴിഞ്ഞു, 4, 5, കുട്ടികളുടെ പിതാവു മായി, കുടുംബഭാരത്താൽ സൈന്യസേവനത്തിനിറങ്ങി യ പ്രാരാബ്ധക്കാരനായ പിതാവു് നെടുവീർപ്പോടെ എഴു തുന്ന കത്തുകളും ധാരാളമാണു്; കുട്ടികളെക്കുറിച്ചുള്ള ദുസ്സഹമായ ദുഃഖം അതിൽ നിഴലിച്ചുകാണും.

## XI. മലയാളികളുടെ പിതാവ്

ഹരിഹർ സ്റ്റേഷ്യൻ വർക്ക്ഷോപ്പിലെ പട്ടാള ജയിലിൽ മണി 7 അടിച്ചു. ആദിത്യബിംബം ഐര ണി പർവ്വതപംക്തികളെ അതിലംഘിച്ച് മന്ദം മന്ദം ഉയർന്നു വന്നു്, ആകാശ ദേശത്തിൽ കതിർ പാകി. കിളികൾ കളകളം പാടി പാറന്നകന്നു. ഞങ്ങളും പതിവു ള്ള ജോലികൾക്കായി ഒരുക്കങ്ങൾ തുടങ്ങി. അപ്പോൾ കാണാം കിഴക്കുവശത്തുള്ള വാതിൽ കടന്നു് ഒരു വൃദ്ധൻ വലിഞ്ഞിഴഞ്ഞു വരുന്നു. കാക്കിയുടുപ്പും ബൂട്ട്സും ധരി ച്ചു്, ഭാരമേറിയ ഒരു കിററ്ബാഗ് ചുമലിലേററി വരു ന്ന ആ അപരിചിതൻ ഒരു പട്ടാളക്കാരനാണെന്നു് പ്രഥ മദൃഷ്ടിയിൽതന്നെ വ്യക്തമാണു്. പക്ഷേ പ്രായം ആ ധാരണയെ അല്പമൊന്നിളക്കിക്കളയും.

പൊക്കം കുറഞ്ഞു് നടുവൊന്നു വളഞ്ഞു്, മുടി മുഴു വൻ നരച്ചു്, ജരയുള്ള ഒരുക്കങ്ങൾ വ്യക്തമാക്കിക്കൊ ണ്ടു്, കവിൾ താന്നു്, ജീവിതത്തിൻെറ സായാഹ്നഘട്ട ത്തിലേക്കു് കാലൂന്നിയ ഈ മനുഷ്യനെ പട്ടാളത്തിലെ ടുത്ത റിക്രൂട്ടിങ്ങ് ആഫീസ്സറോടും ആരോഗ്യപരിശോ ധന നടത്തി അനുവാദം കൊടുത്ത ഡോക്ടറോടും നമുക്കു് അല്പം വിരോധം തോന്നാതിരിക്കയില്ല.

ആരാണീ വയസ്സൻ ? അതാണു് വാടപ്പാംകുഷി ക്കാരൻ കൃഷ്ണൻനായർ! വയസ്സെത്രയെന്നു് ചോദിച്ചാൽ

ഉടനുത്തരം പറയും "മിലിട്ടറിയിൽ 53; പിന്നെ വയസ്സില്ലാതെ നിന്ന കുറെ വർഷം ബാക്കിയും"

ഈ പരദേശിമോക്ഷയാത്രക്കാരനെ കണ്ടയുടനെ ഞങ്ങൾ എല്ലാവരും അടുത്തുകൂടി ഓരോ വിവരം ചോദിക്കുവാൻ തുടങ്ങി. പക്ഷേ ആചാര മര്യാദവിട്ട് വൃദ്ധനോട് ഒന്നും ഉരിയാടുവാൻ അദ്ദേഹം അനുവദിക്കയില്ല. ഒരു യാഥാസ്ഥിതികനാണദ്ദേഹം. കാലപ്പഴക്കംകൊണ്ടും പ്രവർത്തനം, പരിചയം, എന്നിവകൊണ്ടും ഞങ്ങൾ അദ്ദേഹത്തെ ഒരു പിതാവായി കരുതി. ഞങ്ങൾ-മലയാളികൾ-'അച്ഛൻ' എന്ന് ആദ്യം വിളിച്ചുതുടങ്ങി. അതിനെ തുടർന്ന് മററെല്ലാവരും അതാവർത്തിച്ചു!

അദ്ദേഹം ജോലികൊണ്ട് ഒരു വൾക്കനൈസറാണ്. പല വർക്ക്ഷോപ്പുകളിലായി 33 വർഷത്തെ പരിചയമുണ്ട്. അദ്ദേഹം പരിശോധിക്കയോ അദ്ദേഹത്തെ അറികയോ ചെയ്യാത്ത ഒരു ടയർപോലും ഹരിഹർ ഏറിയായിൽ ഉണ്ടായിരുന്നില്ല. ശകുനം, കണി, പ്രഭാതത്തിൽ ആദ്യം ഉച്ചരിക്കുന്ന വാക്ക്, കുളി, ക്ഷൗരം, മുതലായവയ്ക്കുള്ള ദിവസങ്ങൾ എന്നുവേണ്ട എല്ലാകാര്യങ്ങൾക്കും ചില പ്രത്യേകതകളുണ്ടായിരുന്നു. രാവിലെയും വൈകിട്ടും കണ്ണുമടച്ചുകൊണ്ട് നിൽക്കും. ഞങ്ങൾ ആരെങ്കിലും വിളക്കു കത്തിച്ച് മുൻപിൽ കാണിച്ചുകൊടുക്കണം, എല്ലാം ശരിയായി എന്ന് ബോദ്ധ്യപ്പെട്ടെങ്കിലേ കണ്ണു തുറക്കൂ. പിന്നീട് നാമജപമായി. ആ സമയത്ത് ആരും ഒരു അപശബ്ദവും ഉണ്ടാക്കുവാൻ പാടില്ല. അദ്ദേഹത്തിന് കോപമുണ്ടായാൽ അന്ന് ആർക്കും ഒരു സ്വസ്ഥതയും ഇല്ല. വലിയ ബഹളം തന്നെയാണ്. ശകാരം ഇന്ന വിധത്തിലേ പറയാവൂ എന്നില്ല. ഈ ബഹളം കാണുവാനും കേൾക്കുവാനും ചിലർ മനപൂർവ്വം അദ്ദേഹത്തെ ശുണ്ഠി

പിടിപ്പിക്കും. ഒരു ദിവസം വെളുപ്പിന്ന് അദ്ദേഹം പതിവുപോലെ എന്നെ വിളിച്ച് വിളക്കുകത്തിച്ച് മുൻപിൽ പിടിയ്ക്കുവാൻ ആവശ്യപ്പെട്ടു, കണ്ണുതുറന്നിട്ടില്ല. അടച്ച് പിടിച്ചിരിക്കയാണ്. ആ കൂടാരത്തിൽതന്നെ എൻെറ വലത്തുവശത്ത് കുസൃതിക്കാരൻ ഒരു മലയാളിയുണ്ടായിരുന്നു. അയാൾ എന്നെത്തള്ളിമാററിയശേഷം ആസനത്തിലെ തുണിയുംമാററി വയസ്സൻെറ മുമ്പിൽ തിരിഞ്ഞു നില്പായി. ഞാൻ തീപ്പെട്ടി ഉരയ്ക്കുന്ന ശബ്ദംകേട്ട് കണികാണാൻ അദ്ദേഹം കണ്ണുതുറന്നപ്പോൾ കണ്ട കാഴ്ച വിചിത്രമായിരുന്നു! അന്ന് എന്തു് ബഹളമായിരുന്നു!! ആരൊക്കെ എന്തൊക്കെ പറഞ്ഞിട്ടും ആ ശകാരവർഷം അവസാനിച്ചില്ല. അടുത്തുള്ളവരെല്ലാം ഈ ബഹളത്തിൽ പങ്കുകൊണ്ടു. ഞങ്ങൾക്ക് കുറെ നാളത്തേയ്ക്ക് ഇതൊരു ഫലിതമായിരുന്നു. പക്ഷേ ഞാനുംകൂടി അറിഞ്ഞുകൊണ്ടാണ് ഈ പണി പററിച്ചതെന്ന് അദ്ദേഹം വിശ്വസിച്ചുപോയി "അല്ലേലും തിരുവിതാംകൂറുകാരെ വിശ്വസിച്ചുകൂടാ'' എന്ന് വരെ അദ്ദേഹം പറഞ്ഞു.

അദ്ദേഹത്തിൻെറ ഭാഷാപരിജ്ഞാനം ബഹു കേമം തന്നെയാണ്. യൂറോപ്യന്മാരുടെ ഇംഗ്ലീഷുപോലും മനസ്സിലാക്കും. പക്ഷേ മറുപടി ഭയങ്കരംതന്നെയാണ്! അറിയാവുന്ന ഇംഗ്ലീഷ് പദങ്ങളെല്ലാം മറുപടിയിൽ ഉണ്ടായിരിക്കും. അതു മററുള്ളവർ ശരിക്കു മനസ്സിലാക്കികൊള്ളണമെന്നാണ് നിർബന്ധം. ആരെങ്കിലും മനസ്സിലാക്കാതെയുണ്ടെങ്കിൽ പിന്നെ ദേഷ്യമായി. അവരെ ഇംഗ്ലീഷ് അറിഞ്ഞു കൂടാത്തവരെന്ന് വിധിച്ചു പുറം തള്ളും. "Captain Sab ask I go 8 o'clock come 9 o'clock, Harihar Bazhar'' എന്ന് കൃഷ്ണൻനായർ പറഞ്ഞാൽ 'എട്ടുമണിക്ക് ഞാൻ ഹരിഹറിൽപോയി 9 മണിക്ക്

തിരിച്ചുവരണമെന്നു് ക്യാപ്ററൻ സായിപ്പ പറഞ്ഞുവെന്നാണു്” എന്താ പോരെ! ഹിന്ദിയിലുള്ള വിജ്ഞാനവും ഇതുപോലെതന്നെയാന്നു്. ആരെങ്കിലും ഹിന്ദിയിൽ സംസാരിച്ചാൽ അതു് ഹിന്ദിയാണെന്നു് അറിയാം. പ്ലക്ഷേ മറുപടി ഹിന്ദിയും മലയാളവും കൂട്ടികലത്തിയാണു്. കേൾക്കുന്ന ആളിനു് മനസ്സിലായില്ലെങ്കിൽ തനി മലയാളത്തിൽ കുറെ അസഭ്യവും വിളിച്ചു പറയും. തമിഴ്, സിംഹളം, മലയാളം എന്നീ ഭാഷകൾ സംസാരിക്കും. പക്ഷേ ഒരു ഭാഷയും ശരിയ്ക്കു് എഴുതാനറിഞ്ഞുകൂടാ.

ഒരിക്കൽ 'സാൽവേജു് യൂണിററുകാർ' ഒരു ഉപന്യാസ മത്സരം നടത്തി. "യുദ്ധവിജയത്തിനു് നാം സകല കഴിവുകളും ഉപയോഗിക്കുന്നതു് എന്തുകൊണ്ടാണു്"? എന്നതായിരുന്നു ഉപന്യാസ വിഷയം. ഒരു ഉപന്യാസം ഞാനും എഴുതി. ഇതു കണ്ടപ്പോൾ ഒന്നു് എഴുതണമെന്നു് അദ്ദേഹത്തിനു് ആശയായി. വിവരങ്ങൾ പറഞ്ഞുതന്നു. ഞാനതു് എഴുതി. എന്തെങ്കിലും എഴുതണമെന്നല്ലാതെ വിഷയത്തെക്കുറിച്ചു് എഴുതണമെന്നൊന്നും, അദ്ദേഹത്തിനു് നിർബന്ധമില്ല. ചുരുക്കത്തിൽ അതു് അദ്ദേഹത്തിന്റെ ഒരു ആത്മകഥയായിരുന്നു. അതിന്റെ ഭാഷാശൈലിയും, രാജഭക്തിയും മററും രസകരമാകയാൽ അവയിലെ ചില ഭാഗങ്ങൾ അദ്ദേഹത്തിന്റെ ഭാഷയിൽ തന്നെഇവിടെചേക്കുന്നു.

"വാടനാകുഷി കൃഷ്ണൻനായർ ആയ ആം 1914-ാം ആണ്ടു് 9-ാം മാസം 21-ാം തീയതി മഹാരാജചക്രവത്തിയുടെ യുദ്ധത്തിനായി ആയുധങ്ങൾ ഉണ്ടാക്കുന്നതിന്നായുള്ള വക്ക്ഷോപ്പിൽ ജോലിക്കു ചേരുകയും ഉടനെ യുദ്ധം അവസാനിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. അതിനുശേഷം

അതേ വർക്ക്ഷോപ്പിൽതന്നെ ഞാൻ സാരമായിട്ടുള്ള ഒരു ഉദ്യോഗക്കാരനായിരുന്നു. അതു സിലോണിലുമായിരുന്നു. ഇപ്പോഴത്തെ വാറിലും ഗവർമെൻറിന്നെ വലിയ അനുരാഗവും സന്തോഷസംതൃപ്തിയും ആയതുകൊണ്ടു് എന്റെ വയസ്സിനെ കാര്യമാക്കാതെ ചേർന്നിരിക്കുന്നു. ഇപ്പോൾ എനിക്കു് വയസ്സു് 53. അപ്പോൾ എനിക്കു് വയസ്സു് എത്രയായിരിക്കണം. എന്നാലും ഇപ്പോഴും ഗവർമെൻറു് യുദ്ധം ജയിക്കുന്നതുവരെ കഷ്ടപ്പെടുവാൻ തയ്യാറാണു്. എവിടെയെങ്കിലും ഗവർമെൻറു് തോൽക്കുമെന്നു് കേൾക്കുമ്പോൾ എന്റെ മനസ്സു് എരിഞ്ഞുകൊണ്ടിരിക്കുന്നു. എവിടെയെങ്കിലും നമ്മുടെ രാജാവു ജയിച്ചുവെന്നു് കേൾക്കുമ്പോൾ വെള്ളത്തിൽ നിൽക്കുന്ന പുഷ്പംപോലെ എന്റെ മനം തെളിയുന്നു. മുമ്പേ ഞാൻ വെറും കൃഷ്ണൻനായരായിരുന്നു. എന്റെ പ്രവൃത്തിയുടെ സർവ്വീസ്കൊണ്ടും ഗവർമെൻറിനോടുള്ള അനുരാഗത്തിന്റെ ശക്തികൊണ്ടും ഇപ്പോൾ ഞാൻ നായ്ക്ക എന്നുള്ള സ്ഥാനത്താണു്. ഇനിയും ഇതിൽകൂടുതൽ ഉന്മേഷം കാണിക്കാമെന്നും എന്റെ മനസ്സു് തെളിഞ്ഞിരിക്കുന്നതിനാൽ ഇനിയും മേൽക്കയററം കിട്ടുന്നതിനു ഞാൻ കൈനീട്ടിയിരിക്കുന്നു. ജപ്പാൻ ഉന്നതശക്തിയോടുകൂടി ഫോർഡുട്രക്കുകളെ അടിച്ചുതകത്തുവെന്ന മനോവേദന സഹിക്കവയ്യാതെ പുതുപ്പേട്ട റിക്രൂട്ടിങ്ങ് ആഫീസ്സിൽ വേലയ്ക്കെടുത്ത കുറെപേരുടെ കൂട്ടത്തിൽചേന്നു. ഇന്നും ഞാൻ മഹാരാജാവുചക്രവത്തിക്കുവേണ്ടി കഷ്ടപ്പെട്ട മഹാരാജാവുചക്രവത്തി ജയിച്ചുവെന്നറിഞ്ഞു് കണ്ണടയ്യാൻ ഇന്നും പ്രാത്ഥിക്കുന്നു, ഇനി എല്ലാം ഭഗവാൻ കാക്കട്ടെ''

അദ്ദേഹത്തിന്റെ സ്വകാര്യജീവിതവും മററു വിവരങ്ങളും എല്ലാം അതിൽ ചേത്തിട്ടുണ്ടു്. എല്ലാം പരമാത്ഥവുമാണു്. ബ്രിട്ടീഷു് ഗവർമെൻറിനോടു് ഇത്രയധികം

ഭക്തിയും ബഹുമാനവുമുള്ള ഒരാളെ മററെങ്ങും—ഇംഗ്ല ണ്ടിൽപോലും— കാണാൻ സാദ്ധ്യമല്ല. "യുദ്ധം വരുന്ന മാസം തീരും കേട്ടോ അഛാ!" എന്നു ഞങ്ങൾ തമാശിനുപോലും പറഞ്ഞാൽ അദ്ദേഹത്തിനൊരു ഞെട്ടക്കമാണു്. ഈ വാർദ്ധക്യകാലത്തു് എന്തു ജോലിക്കുപോകും എന്ന ഭയം അദ്ദേഹത്തെ അലട്ടിയിരുന്നു. എന്നോടു പലപ്പോഴും പറയും "കുഞ്ഞേ! യുദ്ധമിനി ഒരു 6 മാസംകൂടി നീണ്ടുനിന്നാൽ മതി. അപ്പോഴേക്കും എൻെറ കടമെല്ലാം വീടും" പക്ഷേ അതുപോലെയുള്ള പല 6 മാസം കഴിഞ്ഞിട്ടും അദ്ദേഹത്തിൻെറ ബദ്ധപ്പാടു് ഒതുങ്ങിയില്ല.

ഇങ്ങനെയൊക്കെയായിരുന്നുവെങ്കിലും മദ്യപാനത്തിലുള്ള ആഗ്രഹം അധികമായിട്ടുണ്ടായിരുന്നു. അദ്ദേഹത്തിനു് ഭയവും വെറുപ്പുമുള്ളതു് തിരുവിതാംകൂറുകാരോടാണു്. അദ്ദേഹം സിലോണിലായിരുന്നപ്പോൾ ഏതോ ചില തിരുവിതാംകൂറുകാർ അദ്ദേഹത്തിൻെറ കുറെ പണം അടിച്ചെടുത്തുപോലും! ഇന്നും ആ വിരോധവും ഭയവും മാറിയിട്ടില്ല, എങ്കിലും എനിക്കുമാത്രം അല്പം മാപ്പു തന്നിരുന്നു. 'നീ ആ നാട്ടിൽ പിറക്കേണ്ടവനല്ല.' എന്നു് അദ്ദേഹം കൂടെക്കൂടെ എന്നോടു പറയും. മാത്രമല്ല മിക്കദിവസവും ആ വൃദ്ധൻ എൻെറ അടുക്കൽ വന്നു് "കുട്ടീ! നീ കുന്നത്തുവെച്ച വിളക്കുപോലിരിക്കും" എന്നു് ആശംസിക്കാറുണ്ടായിരുന്നു.

അദ്ദേഹത്തിനുവേണ്ടി വീട്ടിലേക്കു് എഴുത്തെഴുതുന്ന ജോലിയും എനിക്കായിരുന്നു. വലിച്ചുനീട്ടിയ വാചകങ്ങൾ കേൾക്കുമ്പോഴേ കൈകുഴഞ്ഞു തുടങ്ങും. അദ്ദേഹത്തിനുവേണ്ടി ഒരു എഴുത്തെഴുതുന്നതും സെൻട്രൽ ജെയിലിൽ ക്ഠിനതടവിനു ശിക്ഷയനുഭവിക്കുന്നതും ഒരുപോലെയാണു്. മിക്ക ദിവസവും തൻെറ ജീവിതകഥകൾ

ഞങ്ങളെ കോംപ്പിക്കും. ഒരേ സമയത്ത്ു് രണ്ടുമൂന്നു ജോലി ചെയ്യത്തക്ക ഓർമ്മശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. ഇടത്തും വലത്തും ഓരോരുത്തരെ ഇരുത്തി തമിഴിലും മലയാളത്തിലും എഴുത്തു പറഞ്ഞുകൊടുക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്.

ഏതാണ്ടു് 3 വർഷം ഞങ്ങൾ ഒന്നിച്ചു ജീവിച്ചു. 1946 ഏപ്രിൽമാസം 30-ാം തീയതി ഞാൻ കിക്കിയിലേക്കു് സ്ഥലം മാററപ്പെട്ടു. പിന്നീടു ആ വൃദ്ധനെക്കുറിച്ചു യാതൊന്നും അറിഞ്ഞിട്ടുമില്ല.

## XII. സ്നേഹിതന്മാർ

ജീവിതത്തിലെ ഏററവും വലിയ അനുഗ്രഹം ആരോഗ്യമുള്ള ഒരു ശരീരവും നല്ല ഒരു സ്നേഹിതനുമാണെന്ന് ഒരു മഹാൻ പറഞ്ഞിട്ടുണ്ട്. അതെത്രയോ പരമാർത്ഥമാണ്. നല്ല സ്നേഹിതന്മാരെ ലഭിക്കുന്നതു മഹാഭാഗ്യം തന്നെ. സ്നേഹിതന്മാരുടെ സ്നേഹമസൃണമായ സഹവർത്തിത്വം കൊണ്ടാണ് കഷ്ടതകളേയും പ്രയാസങ്ങളേയും അനായാസം തരണം ചെയ്യുവാൻ എനിക്കു സാധിച്ചതു്.

പട്ടാളജീവിതത്തിലെ ഏററവും ഉല്ലാസകരമായ സന്ദർഭം സ്നേഹിതന്മാരുമായുള്ള സല്ലാപവേളകളാണ്. ജീവിതത്തെക്കുറിച്ചുള്ള നിരൂപണങ്ങളും അനുഭവ കഥനങ്ങളുംകൊണ്ട് ആ സന്ദർഭം രസനിഷ്യന്ദികളായിരിക്കും. വിവിധ സാഹചര്യങ്ങളിൽ കഴിഞ്ഞുകൂടിയവർ, പ്രായത്തിലും പഠിപ്പിലും വ്യത്യാസമുള്ളവർ, എല്ലാം സമന്മാരായി കഴിഞ്ഞുകൂടുന്ന ഒരു സോഷ്യലിസ്ററു സമുദായമാണ് അവിടെ അനുഭവപ്പെടുന്നതു്. നാട്ടിൽവെച്ചു ശത്രുക്കളായിരുന്നവർ ഇവിടെ സ്നേഹിതന്മാരായി തീരും. സ്നേഹപ്രകടനത്തിനു ഭാഷ ഒരു ഉപാധിയായി മാറുന്നതു വളരെ വ്യക്തമായി കാണുന്നതും അവിടെയാണ്. അവരൊക്കെ തമ്മിൽ എന്തെല്ലാം വ്യത്യാസങ്ങളുണ്ടായിരുന്നാലും 'വിരഹദുഃഖം എന്ന ഒന്നിൽ എല്ലാവരും സമന്മാരത്രേ.

ഞങ്ങളുടെ സൌഹാർദ്ദ സമ്മേളനങ്ങൾ മിക്കവാറും രാത്രി 7½ മണി മുതലാണു് ആരംഭിക്കുക. സംഗീതക്കാരും കവികളും എല്ലാം ആ കൂട്ടത്തിൽ ഉണ്ടാകും. രാഷ്ട്രീയക്കാരും സാമുദായിക വാദികളും എല്ലാം അതിലുണ്ടാകും. ചുരുക്കിപറ ാൽ ഒരു കൊച്ചുകേരളമായി ആ രംഗം മാറുകയാണു്.

സ്നേഹിതന്മാരെക്കുറിച്ചു വളരെയേറെ പറയുവാനുണ്ടെങ്കിലും നിത്യസ്മരണാർഹരായ ചിലരെക്കുറിച്ചു് ചില കാര്യങ്ങൾ രേഖപ്പെടുത്തേണ്ടതുണ്ടു്. ജബൽപൂരിൽ ട്രയിനിങ്ങുകാലത്തു് ഞാനറിയാതെതന്നെ എൻെറ പല ജോലികളും ചെയ്തുതീർത്തുകൊണ്ടിരുന്ന ഒരു മി. പി. എ. പാവു. തൃശൂരിലെ പുല്ലോക്കാരൻ കുടുംബത്തിൽ ജനിച്ചു സൗകര്യമുള്ള സാഹചര്യങ്ങളിൽ വളന്നു. എല്ലാവക്കും പ്രിയങ്കരനായ ഒരു സുഹൃത്തായിരുന്നു അദ്ദേഹം. ചേത്തല സ്വദേശിയായ ഒരു മി. ഗോവിന്ദപണിക്കർ, പത്തനംതിട്ടയ്ക്കടുത്തുള്ള തോന്ന്യാമല സ്വദേശിയായ മി. എം. ററി. കോശി, കോഴിക്കോട്ടു കോവിലകവുമായി ബന്ധമുള്ള മി. പി. ശേഖരൻനായർ, എന്നുവേണ്ട സുഹൃത്തുക്കളുടെ വലിയോരു സമൂഹം എൻെറ സ്മൃതിപഥത്തെ തട്ടിയുണർത്തുകയാണു്.

അലഹബാദിൽ ആശുപത്രിയിൽ ഞാൻ കിടക്കുമ്പോൾ സുഹൃത്തുക്കൾ ആരുമില്ലല്ലോ എന്നോത്തു് വളരെ ദുഃഖിച്ചു. അങ്ങിനെയിരിക്കുമ്പോൾ കരുനാഗപ്പള്ളിക്കാരൻ ഒരു പരമേശ്വരൻനായർ എൻെറ അടുത്ത കട്ടിലിൽ ശരണം പ്രാപിച്ചു. അദ്ദേഹം മഞ്ഞപ്പിത്തരോഗിയായിരുന്നു. അദ്ദേഹം കവിതാവാസന ഉള്ളവനായിരുന്നതിനാൽ ആ ദിവസങ്ങൾ ഏററം ഉല്ലാസപ്രദമായിരുന്നു. പട്ടാള ജീവിതത്തെക്കുറിച്ചു:-

'പട്ടാളജോലി സുഖമെന്നു നിനച്ചു ഞാനും
മുട്ടാളബുദ്ധിയതിനാലിവിടേക്കു വന്നു;
അഷ്ടിക്കുപോലുമൊരുവസ്തു ലഭിക്കയില്ലീ-
ദുഷ്ടൻ കിടന്നു വലയുന്നതുമാരു കണ്ടു,'

എന്നു് പാട്ടുമായിരുന്നു. അദ്ദേഹം വിവാഹിതനായിരുന്നുവെങ്കിലും എഴുത്തുകൾ അയയ്ക്കുന്നതിൽ അത്ര ശ്രദ്ധയുള്ളവനായിരുന്നില്ല. അതിൽ പരിഭവിക്കുന്ന ഭാര്യയ്ക്കു് അദ്ദേഹം ഒരിക്കൽ ഇങ്ങനെ മറുപടി അയച്ചു,

"കയ്യിന്നു നല്ല സുഖമുണ്ടെ,ഴുതുന്നതിന്നു-
വയ്യായ്കയില്ല; മടിയില്ലൊരു തെല്ലുപോലും
പൊയ്യല്ല ഞാനിവിടുന്നു വിടുന്ന കത്തു്
അയ്യോ! വഴിക്കു തടയുന്നിതു കർമ്മദോഷം"

ഞാൻ സുഖമായി തിരിച്ചുപോന്നിട്ടും അദ്ദേഹം അവിടെ കഴിഞ്ഞുകൂടി.

ഹരിഹറിൽവെച്ചു് ജാതിക്കുശുമ്പനായ ഒരു ജമേദാർ ഞങ്ങളുടെ ക്യാമ്പിലെത്തി. മാവേലിക്കരെയിലോ മറേറാ ആണു് വീടു്. ഇത്രമാത്രം ജാതിസ്പർദ്ധയുള്ള ഒരാളെ മറുനാട്ടിൽവെച്ചു് ഒരിക്കലും പരിചയപ്പെടാൻ സാധിച്ചില്ല. അഹംഭാവം, നിന്ദ, സർവ്വോപരി വർഗ്ഗീയത, എന്നുവേണ്ട ഏതെല്ലാം തരത്തിൽ ഞങ്ങളെ ദ്രോഹിക്കാമോ ആ ദ്രോഹങ്ങൾ ഒക്കെ അയാൾ ചെയ്തു. പക്ഷേ വളരെ പഴകാതെ അവിടെനിന്നും പിരിഞ്ഞതു് ഞങ്ങൾക്കു് ആശ്വാസമായി.

## XIII. മൈസൂർ സ്വർണ്ണഖനികൾ

1944 ആഗസ്റ്റ് 26-ാം തീയതി ഇലക്ട്രീഷ്യൻസ് കോഴ്സിനായി എന്നെ കോലാറിലേക്ക് അയച്ചു. ബാങ്ക്ളൂരിൽനിന്നു് 60, 70, മൈൽ അകലെയാണു് കോലാർ സ്ഥിതി ചെയ്യുന്നതു്. കോലാറിലെ സ്വർണ്ണഖനികൾ ലോകപ്രസിദ്ധവുമാണല്ലോ. ഞാൻ അവിടെ ചെല്ലുന്ന കാലത്തു് ഈ ഖനികളുടെ ഉടമസ്ഥാവകാശം ഇംഗ്ലണ്ടിലെ ജോൺ ററയിലർ & സൺസ് എന്ന കമ്പനിക്കായിരുന്നു. ഇൻഡ്യയ്ക്കു് സ്വാതന്ത്ര്യം ലഭിച്ചശേഷം ഈ ഖനികൾ ദേശസാൽക്കരിക്കയുണ്ടായി.

അവിടെ ഖനി ഉണ്ടായതിനെക്കുറിച്ചു് ആ സ്ഥലത്തെ ഗ്രാമീണരുടെ ഇടയിൽ പ്രസിദ്ധമായ ഒരു കഥയുണ്ടു്. കുറെക്കാലങ്ങൾക്കു മുമ്പു മൈസൂർ സന്ദർശിക്കുന്നതിനു് സഞ്ചാരിയായ ഒരു അമേരിക്കൻ വന്നിരുന്നു. അദ്ദേഹം തെരുവിൽക്കൂടി സഞ്ചരിക്കുമ്പോൾ കുറെ പാവപ്പെട്ട സ്ത്രീകൾ വിറകു, വില്പനയ്ക്കായി വച്ചിരിക്കുന്നതു കണ്ടു. അവർ വിറകു കെട്ടുന്നതിനു് ഉപയോഗിച്ചിരുന്ന വള്ളി തിളങ്ങുന്നതായി കാണുകയാൽ അദ്ദേഹം അടുത്തുവന്നു് അതു് പരിശോധിക്കയുണ്ടായി. അദ്ദേഹത്തിൻെറ പരിശോധനയിൽ ആ വള്ളിയിൽ സ്വർണ്ണാംശം, പററിയിരുന്നതായി മനസ്സിലായി. ഈ സ്വർണ്ണാംശം മണ്ണിൽനിന്നു് വള്ളിയിൽ പററിയതാവാനേ തരമുള്ളുവെന്നു ധരിച്ച അദ്ദേഹം ആ വള്ളി നിന്ന മണ്ണിൽ പല പരീക്ഷണങ്ങൾ നടത്തുകയും അവസാനം കോലാറിൽ ഖനനം ചെയ്യാൽ

സ്വർണ്ണം ലഭിക്കുമെന്നു് കണ്ടുപിടിക്കുകയും ചെയ്തു. എങ്കിലും ലക്ഷക്കണക്കിനു പണംമുടക്കി ഒരു കമ്പനി സ്ഥാപിച്ച് ഖനനം ചെയ്യുവാൻ അദ്ദേഹത്തിനു കഴിവില്ലാതിരുന്നതിനാൽ വലിയ ഒരു പ്രതിഫലംപററി ഈ രഹസ്യം അദ്ദേഹം ജോൺ ററയിലർ & സൺസിനെ അറിയിക്കുകയും അവർ പ്രവത്തനം ആരംഭിക്കുകയും ചെയ്തു.

മൈസൂർ ഗവർമെൻറിൻെറ ഖജനാവിനെ വീർപ്പിക്കുന്ന ഒരു പ്രധാന ഘടകം ഈ ഖനികളാണു്. ഞാൻ അവിടെ ചെല്ലുന്നകാലത്തു് പ്രവത്തനം നടക്കുന്ന ഏഴ ഖനികളും അവയിലെല്ലാംകൂടി ഇരുപത്തിഏഴായിരം തൊഴിലാളികളും ഉണ്ടായിരുന്നു. എട്ടുമണിക്കൂർ വീതമുള്ള മൂന്നു ഷിഫ്ററായി ജോലി നടക്കുന്നു. അവിടത്തെ തൊഴിലാളികൾ സാമാന്യം ഭേദപ്പെട്ട ജീവിതസൌകര്യങ്ങളുള്ളവരായി എനിക്കു തോന്നി. ചിലപ്പോൾ ഖനികൾക്കുള്ളിൽ പൊട്ടലുണ്ടാകുകയും മണ്ണിടിഞ്ഞു വീഴുകയും ചെയ്യാറുണ്ടു്, തൽഫലമായി പല തൊഴിലാളികളും മരിക്കുന്നതിനിടയായിട്ടുണ്ടു്. അങ്ങിനെയുള്ള അനേകം രക്തസാക്ഷികളുടെ രക്തത്തിന്മേലാണു് ഈ സമൃദ്ധി പടുത്തുയത്തിയിരിക്കുന്നതു്. അപകടമരണം സംഭവിച്ചവരുടെ കുടുംബത്തിനു് ശരിയായ നഷ്ടപരിഹാരം നൾകുന്നതിനു് വ്യവസ്ഥ ചെയ്തിരിക്കുന്നു.

അന്നു് അവിടത്തെ ഉയർന്ന ഉദ്യോഗസ്ഥന്മാരെല്ലാം യൂറോപ്യന്മാരായിരുന്നു. കോലാർ ഒരു യൂറോപ്യൻ കോളനിയാണെന്നു തോന്നത്തക്കവിധം അത്രയേറെ സായ്പന്മാർ അവിടെ അധിവസിക്കുന്നു. ആംഗ്ലോ ഇൻഡ്യൻമാരും കുറവല്ല. ഏതാണ്ടു് പതിനായിരം അടി താഴെയിൽനിന്നു് വരെ സ്വർണ്ണം കുഴിച്ചെടുക്കുന്നു. ആദ്യകാലങ്ങളിൽ സ്വർണ്ണം അന്വേഷിച്ച് ഇത്ര ആഴത്തിൽ പോകേണ്ടതില്ലായിരുന്നു

അത്ഭുതകരമായ വൈദ്യുത പ്രവത്തനമാണ് ഭൂമിക്കടിയിൽ നടക്കുന്നതു്. ഖനികളിലെ ജലപ്രവാഹം വെളിയിലേക്കു പമ്പുചെയ്തു വിടുന്നു. കൂടാതെ ചെറിയ വണ്ടികൾ ഓടിക്കുന്നതിനുള്ള പ്രത്യേക പാളവും സജ്ജമാക്കിയിരിക്കുന്നു! 1944 ഡിസംബർ ഒന്നാം തീയതിയാണ് ഞാൻ ഖനിയിൽ ഇറങ്ങിയതും ഭൂമിയുടെ അധോഭാഗത്തു് പ്രവത്തിക്കുന്ന മിൽ കണ്ടതും. സന്ദർശകക്കു ഖനിക്കുള്ളിൽവെച്ചു് എന്തെങ്കിലും അപകടം ഉണ്ടായാൽ കമ്പനിയ്ക്കു് അതിൽ ഉത്തരവാദിത്വമില്ല. അതിനായി ഒരു വാഗ്ദത്തപത്രത്തിൽ നാം ആദ്യമായി ഒപ്പിട്ടു കൊടുക്കേണ്ടതുണ്ടു്. 5, 6 പേക്കു കയറി നിൽക്കാവുന്ന ലിഫ്ററിൽക്കൂടിയാണു് താഴോട്ടു് ഇറങ്ങുന്നതും മേല്പോട്ടു് കയറുന്നതും. നമുക്കു യാതൊരു അദ്ധ്വാനവുമില്ല. വെറുതെ നിന്നാൽ മതിയാകും. ഒരു ബട്ടൺ അമത്തിയാൽ നമ്മെയും വഹിച്ചുകൊണ്ടു് ലിഫ്ററു് താഴുകയായി. ഭൂമിയുടെ ഓരോ നിരകളിലും പ്രത്യേക സ്റ്റേഷനും, വിവരം അതാതു സമയത്തു അറിയിക്കത്തക്ക വിധത്തിൽ ഫോണും ഘടിപ്പിച്ചിരിക്കുന്നു. അടിയിലേക്കു ചെല്ലുന്തോറും തണുപ്പു കൂടിക്കൂടിവരുന്നു. തണുപ്പിനേയും ചൂടിനേയും ക്രമപ്പെടുത്തുന്നതിനും പ്രത്യേക യന്ത്രങ്ങൾ പ്രവത്തിയ്ക്കുന്നുണ്ടു്. ഖനിയുടെ ഉള്ളിൽ വൈദ്യുത ദീപങ്ങൾ പ്രകാശിക്കുന്നതിനാൽ രാത്രിയും പകലും എല്ലാം പ്രഭാപ്രളയമായിതോന്നും ചെറിയ ചെറിയ തുരങ്കങ്ങളും കൈവശം ഒരുതരം പ്രത്യേക വിളക്കുമായി സഞ്ചരിക്കുന്ന തൊഴിലാളികളും എല്ലാം ഈ ഖനികളെ ഒരു അത്ഭുതലോകമാക്കി മാററിയിരിക്കയാണു്.

സ്വർണ്ണാംശം കലന്ന മണ്ണും പാറയും ക്രെയിൻ വഴി ഭൂമിനിരപ്പിൽ എത്തിയാൽ അതു അരച്ചും അരിച്ചും സ്വർണ്ണമാക്കിതീക്കുന്ന ജോലിനടത്തുന്ന വലിയൊരു മിൽ ഉണ്ടു്. ഖനികളുടെ ഉപരിതലത്തിൽക്കൂടി തീവണ്ടികളും

മററു വാഹനങ്ങളും ഓടുന്നു. വലിയ കെട്ടിടങ്ങളും മററെല്ലാ പ്രവത്തനങ്ങളും ഉപരിതലത്തിലുണ്ട്. എങ്കിൽകൂടിയും ഖനികളിൽ മണ്ണിടിഞ്ഞും പാറപൊട്ടിയും അപകടം സംഭവിക്കുന്നതു അത്ര അസാധാരണമല്ല.

കൂടാതെ ഉപരിതലത്തിൽ ഒരു വലിയ പൌവർഹൗസും വക്ക്ഷോപ്പും സ്ഥിതിചെയ്യുന്നു. അവിടെ നിന്നാണ് എനിക്കു പരിശീലനം സിദ്ധിക്കേണ്ടിയിരുന്നതു്. ഞങ്ങളുടെ പരിശീലനത്തിന്റെ കാലാവധി രണ്ടു മാസമായിരുന്നു. ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽനിന്നു വന്നവരായി ഞങ്ങൾ 9 പേരായിരുന്നു ആ ബാച്ചിൽ ഉണ്ടായിരുന്നതു്. ഞങ്ങൾക്കു ക്ലാസ്സ് എടുത്തിരുന്നതു് 'ഫ്രീമാൻ' എന്ന ഒരു യൂറോപ്യൻ എൻജനീയറായിരുന്നു. നല്ല ഒരദ്ധ്യാപകനും സൌമ്യശീലനായ ഒരു മനുഷ്യസ്നേഹിയുമായിരുന്നു അദ്ദേഹം. പട്ടാളജീവിതത്തിലെ സുവർണ്ണകാലങ്ങളായിരുന്നു ആ രണ്ടു മാസങ്ങൾ. കക്ശമായ നിയമങ്ങളും നിയന്ത്രണങ്ങളും ഇല്ലാതെ സാധാരണക്കാരുടെ സ്വാതന്ത്ര്യത്തോടെ ഞങ്ങൾ അവിടെ കഴിച്ചുകൂട്ടി. ആ പൌവ്വർഹൗസ്സിലും വക്ക്ഷോപ്പിലും ജോലി ചെയ്തിരുന്ന കർണ്ണാടകക്കാരും വളരെ നല്ലവരായിരുന്നു. അവരുടെ ജോലിക്കു അവർ സമത്ഥരായിരുന്നതുപോലെ ഞങ്ങൾക്കു് വേണ്ടതെല്ലാം പറഞ്ഞുതരുന്നതിലും ഉത്സാഹം പ്രദർശിപ്പിച്ചിരുന്നു.

വളരെയധികംമലയാളികളുള്ള ഒരു സപ്പ്ളെ ഡിപ്പോ അന്നു് കോലാറിൽ പ്രവത്തിച്ചിരുന്നു. ഞങ്ങൾ അവരുടെ കൂടെയാണ് താമസിച്ചിരുന്നതു്. അവരുടെ 'O. C' വളരെ നല്ലയാളായിരുന്നു. തൻനിമിത്തം ഞങ്ങൾക്കു എല്ലാ സുഖസൌകര്യങ്ങളും ലഭിച്ചിരുന്നു. പ്രത്യേകം മധുരസ്മരണാർഹരായ ചില സുഹൃത്തുക്കളുടെ സാമീപ്യം ദിനരാത്രങ്ങ

ളെ ഉത്സാഹഭരിതമാക്കിതീർത്തു. ദേശാഭിമാനിയായ കോഴഞ്ചേരിക്കാരൻ മി. കെ. വി. ജോസഫ്, നിർമ്മല നം സാത്വികനുമായ മാവേലിക്കര ചെറിയാച്ചൻ എന്നിവരെ മറക്കാൻ സാദ്ധ്യമല്ല.

അക്കാലത്തു ഞങ്ങളുടെ ക്യാമ്പിൽനിന്നു 6, 7 മൈൽ അകലെ തിരുവിതാംകൂർ ഒന്നാം പട്ടാളവും R. A. F. ൻെറയും I. A. F. ൻെറയും ഓരോ യൂണിററും ഉണ്ടായിരുന്നു. ആസ്സാം, രജപുത്തു് എന്ന റജിമെൻറുകളും അതിനടുത്തു് താവളമടിച്ചിരുന്നു. കോലാറിലെ കാലാവസ്ഥ സുഖശീതളമാണു്. ആ നല്ല ദിവസങ്ങരം അതിവേഗം കടന്നുപോയി.

KOTTAYAM PUBLIC LIBRARY
KOTTAYAM.

## XIV. ശിവജിയുടെ നാട്ടിൽ.

പലതരത്തിലുള്ള പ്രത്യേക പരിശീലനങ്ങൾക്കായി പലപ്പോഴും ഞങ്ങളെ അയച്ചുകൊണ്ടിരുന്നു. എനിക്കു ഈ കോഴ്സുകൾ സന്തോഷമുള്ളവയായിരുന്നു. അതിനിടക്കുള്ള യാത്രയും പല സ്ഥലങ്ങളും പല പുതിയ മുഖങ്ങളും പരിചയിക്കുന്നതിലുള്ള താല്പര്യവുമായിരുന്നു എന്നെ ഏറെ സന്തോഷിപ്പിച്ചിരുന്നത്.

1944 ജൂലൈ മാസത്തിൽ എന്നെ ഹരിഹറിൽ നിന്നു കിർക്കി ആർസനിലേക്കു ബാററി റിപ്പയറിങ്ങ് കോഴ്സിനായി അയച്ചു. എൻെറ കൂടെ പഞ്ചാബുകാരനായ ഒരു സിക്കുകാരനും ഉണ്ടായിരുന്നു. കിക്കി ആർസനൽ യുദ്ധകാലജോലികൾ തകൃതിയായി നടത്തിയ ഒരു സ്ഥാപനമാണ്. ആർസനൽ വളപ്പുതന്നെ 2,3 മൈൽ ചതുരശ്രം വരുമെന്നു തോന്നുന്നു. ചുററുമുള്ള മതിൽക്കെട്ടും കവാടത്തിൽ തോക്കും ധരിച്ചു ഗാട്ടുനിൽക്കുന്ന സിക്കു റജിമെൻറുകാരും എല്ലാം ആ സ്ഥാപനത്തിൻെറ ഗൌരവത്തെ വളരെയേറെ വർദ്ധിപ്പിച്ചു.

പട്ടാളക്കാർ മാത്രമല്ല പല സ്റ്റേററുകളിൽനിന്നും പോലീസ് ഉദ്യോഗസ്ഥന്മാരും അവിടെ ട്രയിനിങ്ങിനായി വന്നിരുന്നു. കൊച്ചിൻ പോലീസ്സിൽനിന്നും അവിടെയെത്തിയ ഒരു എഴുത്തച്ഛനും, ശേഖരനും എൻെറ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചു. അന്നത്തെ തിരുവിതാംകൂർ 4-ാം പട്ടാളത്തിൽനിന്നു വന്ന രണ്ടുപേരും ഞങ്ങളുടെ കൂട്ട

ത്തിൽ ഉണ്ടായിരുന്നു. പകലത്തെ ജോലിയെല്ലാം കഴിഞ്ഞു് രാത്രി 10 മണിവരെയും ക്യാമ്പിനടുത്തുള്ള ഒരു പുൽപ്പുറത്തു് ഇരുന്നു് അനുഭവ കഥകൾ പറഞ്ഞ ആ കാലം ഇന്നും ഓർമ്മയിൽ തങ്ങിനിൽക്കുന്നു. പ്രത്യേകിച്ചും എനിക്കേറെ ഇഷ്ടമുണ്ടായിരുന്ന ആ പോലീസ്സു് കഥകൾ മറക്കത്തക്കതല്ല.

എനിക്കു 14 ദിവസത്തേക്കു ബാററി നന്നാക്കുന്ന കോഴ്സായിരുന്നു ഉണ്ടായിരുന്നതു്. രണ്ടു് മറാട്ടി ഗുരുക്കന്മാരുടെ അടുക്കൽനിന്നു പഠിക്കേണ്ടതെല്ലാം പഠിച്ചശേഷം 1944 ആഗസ്റ്റു് 4-ാം തീയതി കിക്കിയിൽനിന്നു് യാത്ര തിരിക്കയും ചെയ്തു.

കിക്കിയിൽനിന്നു ശിവജി നഗറിലേക്കു് അധികദൂരമില്ല. ഞങ്ങൾ ഒരു ഞായറാഴ്ച ആ പട്ടണം കാണുന്നതിനായി പോയി. പട്ടണത്തിൻെറ മദ്ധ്യത്തിൽ ശിവജിയുടെ നാമത്തിലുള്ള ഒരു വലിയ കെട്ടിടവും മനോഹരമായ ഒരു ഉദ്യാനവും ഉണ്ടു്. യുദ്ധവീരനായ ശിവജി പടക്കോപ്പുകൾ അണിഞ്ഞു് ഒരു കുതിരപ്പുറത്തു് നിൽക്കുന്ന മനോഹരമായ ഒരു പ്രതിമ ആ ഉദ്യാനത്തിലുണ്ടു്. ഇൻഡ്യയുടെ വിവിധ ഭാഗങ്ങൾ സന്ദർശിച്ചു് അനേകം പ്രതിമകൾ ഞാൻ കണ്ടിട്ടുണ്ടെങ്കിലും ഇത്ര ഗാംഭീര്യം തുളുമ്പുന്ന ഒരു പ്രതിമ വേറെ ഉണ്ടെന്നു് തോന്നുന്നില്ല. കുതിച്ചു പായുവാൻ തയ്യാറായിനിൽക്കുന്ന പടക്കുതിരയേയും സംഹാരരുദ്രനെപ്പോലെ കുതിരപ്പുറത്തിരിക്കുന്ന ശിവാജി മഹാരാജാവിനേയും മറക്കാൻ സാദ്ധ്യമല്ല.

അവിടെനിന്നു് കുറെക്കൂടി പോകുമ്പോൾ പുരാതനമായ ഒരു രാജധാനിയുടെ അടിത്തറയും ഇടിഞ്ഞുപൊളിഞ്ഞ മതിൽക്കെട്ടും കാണാം. ഇംഗ്ലീഷുകാരുടെ ആധിപത്യത്തിനു മുമ്പു് പൂനയെ പേഷ്വാ രാജകുടുംബക്കാർ ഭരിച്ചിരുന്നതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടു്, ആ കുടുംബത്തിലെ അതിപ്രസിദ്ധനായ ഒരു രാജാവു് 1710

മുതൽ 1730 വരെ പൂനയെ ഭരിച്ചിരുന്നു. അദ്ദേഹം 1720-ൽ പണി കഴിപ്പിച്ചതാണു് ഇന്നു വെറും അവശിഷ്ടങ്ങൾ മാത്രമായി തീർന്നിരിക്കുന്ന ഈ രാജധാനി. ഇന്ദ്രപ്രസ്ഥത്തിനൊത്ത ഒരു കൊട്ടാരമായിരുന്നു അതു്. കൊട്ടാരത്തിനകത്തുതന്നെ നീന്തൽ കുളങ്ങളും വെളിയിലേക്കു പോകുന്നതിനുള്ള രഹസ്യമാർഗ്ഗങ്ങളും ഉണ്ടായിരുന്നു. എപ്പോഴും ശത്രുക്കളെ ഭയപ്പെടേണ്ടിയിരുന്നതിനാൽ ഈ രഹസ്യമാർഗ്ഗങ്ങൾ അക്കാലത്തു പുതുമയല്ലായിരുന്നു. കൊട്ടാരത്തിനു ചുററും ബലവത്തായ മതിൽക്കെട്ടുകളും ഗജവീരന്മാർക്കുപോലും തകക്കുവാൻ സാദ്ധ്യമല്ലാത്ത വാതിലുകളും ഉണ്ടായിരുന്നു. ഈ വാതിൽ മുഴവൻ വലിയ ഇരുമ്പാണികൾ തറച്ചിരുന്നു. യുദ്ധത്തിൽ ആനയുടെ ആക്രമത്തിൽനിന്നു് രക്ഷപെടുവാനാണു് ഈ ആണി ഉപകരിച്ചിരുന്നതു്. ശത്രുക്കളുടെ ദൃഷ്ടിയിൽ പെടാതെ ആക്രമണകാരികളെ തുരത്തുവാൻ രഹസ്യ സങ്കേതങ്ങളും കോട്ടയിലുണ്ടായിരുന്നു.

അവിടെനിന്നും ഞങ്ങൾ പൂനാ പട്ടണത്തിലേക്കു കടന്നു. ഞങ്ങൾ പൂനായിൽ എത്തുന്നതിനു് ഏതാനും ദിവസം മുൻപുവരെ മഹാത്മജി അവിടെ ഉണ്ടായിരുന്നു. ആഗഖാൻെറ പാലസ്സിൽനിന്നും അദ്ദേഹത്തെ മോചിപ്പിച്ച ശേഷം അദ്ദേഹം കുറെനാൾ പൂനായിൽ താമസിച്ചു.

അലഹബാദ്ദ്, ഡൽഹി, ബോംബെ മുതലായ പട്ടണങ്ങളിലേതുപോലെ പൂനായിലും യാത്രക്കാരെ നിർലജ്ജം ക്ഷണിക്കുന്ന വേശ്യാതെരുവുകൾ ഉണ്ടായിരുന്നു. ഗാന്ധിജി ജനിച്ച നാടിനു് അപമാനം ചേർത്തുകൊണ്ടു് ഇന്നും ഈ ദൃശ്യസങ്കേതങ്ങൾ ഭാരതത്തിൽ അവിടവിടെ അവശേഷിക്കയാണു്.

# XV. യറോഡാ ജയിൽ.

1944 ഏപ്രിൽ മാസം 30-ാം തീയതി ഹരിഹറിൽനിന്നു് കിർക്കിയിലേക്കു് ഞാൻ മാററപ്പെട്ടു. ആ മാററം അവിചാരിതവും അനാവശ്യവുമായിരുന്നു. ഹരിഹർ വർക്ക്ഷോപ്പു് ഡീ ഗ്രേഡു് ചെയ്തു് ബൽഗാമിനു് പോകുമായിരുന്നതിനാൽ ഞങ്ങൾക്കു് തീർച്ചയായും മാററം ഉണ്ടാകുമെന്നു് നേരത്തെ അറിയാമായിരുന്നുവെങ്കിലും മിലട്ടറിയിൽ ഏതാനും വർഷത്തെ പരിചയമുള്ള ഞങ്ങളെ കിർക്കിപോലുള്ള ഒരു ട്രയിനിങ്ങു് സെൻററിലേക്കു് വീണ്ടും അയയ്ക്കുമെന്നു് സ്വപ്നേപി വിചാരിച്ചിരുന്നില്ല. ട്രയിനിങ്ങു് സെൻറർ എന്നു് കേട്ടപ്പോഴേ ഞാൻ ഭയപ്പെട്ടു. 1943 ജനുവരിയിൽ ജബൽപൂരിൽ കഴിച്ച കാലത്തെക്കുറിച്ചുള്ള ഓർമ്മയാണു് എന്നെ ഭയപ്പെടുത്തിയതു്. ഒരു വർക്ക്ഷോപ്പിലെ സുഖസൌകര്യങ്ങൾ ട്രയിനിങ്ങു് സെൻററിൽ കിട്ടുകയില്ലല്ലോ.

കിർക്കിയിലേക്കു് എന്നോടൊത്തു് ഒരു മറാട്ടിയും ഒരു പഞ്ചാബി സിക്കുകാരനും സ്ഥലം മാററപ്പെട്ടു. ഞങ്ങൾ മൂന്നുപേരും ഇലക്ട്രീഷ്യന്മാരായിരുന്നു. പക്ഷേ ഞങ്ങൾക്കു മൂന്നുപേർക്കും മതിയായ ജോലി അവിടെ ഇല്ലായിരുന്നു. ഒരു ജനറേററും ഏതാനും ബാററിയുമായിരുന്നു അവിടത്തെ ഇലക്ട്രിക്കൽ സമ്പത്തു്. ബാററി ചാർജിങ്ങിനു് ഒരു ചെറിയ മുറിയുണ്ടായിരുന്നതിൽ ഞങ്ങൾ മൂന്നുപേരും ഒതുങ്ങി. ഒരാം മലയാളി, മറെറാരാൾ മറാട്ടി, വേറൊരാൾ പഞ്ചാബി ഈ നിലയിലായിരുന്നതിനാൽ

വളരെയൊന്നും സംസാരിക്കാനും ഞങ്ങൾക്കു് സാധിച്ചില്ല. എങ്കിലും മൂന്നുപേക്കും കുറേശ്ശെ അറിയാവുന്ന ഹിന്ദി കൊണ്ടു് അത്യാവശ്യത്തിനുള്ള ആശയ വിനിമയം നടത്തും.

ട്രയിനിങ്ങു് സെൻററിലെ ബുദ്ധിമുട്ടു് ഞങ്ങൾക്കു്, അവിടെ അനുഭവപ്പെട്ടില്ല. വർക്കു്ഷോപ്പു് ജോലി ഒഴിച്ചു് മറെറല്ലാററിൽനിന്നും ഞങ്ങൾ ഒഴിവാക്കപ്പെട്ടിരുന്നു. ഒന്നിടവിട്ട ദിവസങ്ങളിൽ രാവിലെ ഫിസിക്കൽ ട്രയിനിങ്ങു് ഉണ്ടായിരുന്നു. അതു മാത്രമേ അല്പം അസഹ്യമായി തോന്നിയിരുന്നുള്ളു.

കിർക്കിയിൽനിന്നു് പൂനായിലേക്കു് 4 മൈലും യറോഡായിലേക്കു് 3 മൈലും മാത്രമെ ദൂരമുണ്ടായിരുന്നുള്ളു. യറോഡാ ജയിലും ആഗഖാൻെറ കൊട്ടാരവും കാണണമെന്നുള്ള ആശ വളരെക്കാലമായി എന്നിലുണ്ടായിരുന്നു. ഏതായാലും ഒരു ഞായറാഴ്ച രാവിലെ ഞാനും പാലാക്കാരൻ ദേവസ്യായും തിരുവനന്തപുരംകാരൻ ഫർണാണ്ടീസ്സുംകൂടി സൈക്കിളിൽ യാത്രയാരംഭിച്ചു. വഴിപോക്കരിൽനിന്നു് വഴി ചോദിച്ചറിഞ്ഞു് ആദ്യം യറോഡാ ജയിലിൻെറ വാതായനത്തിൽ എത്തി. അതിഭയങ്കരമായ മതിൽക്കെട്ടുകളും, ആയുധധാരികളായ പട്ടാളക്കാരും അതുതന്നെയാണു് യർവാഡാ ജയിൽ എന്നു് ഞങ്ങളെ സ്വയം മനസ്സിലാക്കി. കൂടാതെ കാലിനും കൈയ്ക്കും തളയിട്ടവരുമായ ജയിൽപുള്ളികൾ കാവൽപടയാളികളോടൊപ്പം പണിക്കുപോകുന്നതു് കാണാമായിരുന്നു, സ്വാതന്ത്ര്യസമര കാലത്തു് അനേക ദേശീയ നേതാക്കന്മാരെ തടവിലാക്കിയ തുറുങ്കു് ഇതുതന്നെയാണെന്നോർത്തപ്പോൾ എന്തെന്നില്ലാത്ത ഒരാവേശം എനിക്കനുഭവപ്പെട്ടു.

അവിടെനിന്നു് ഒരു മൈൽകൂടി യാത്രചെയ്താൽ വളരെ കമനീയമായി പണിചെയ്തിട്ടുള്ള മതിലുകളും രണ്ടു് ഭീമാകാരമായ ഇരുമ്പു വാതായനങ്ങളും അതിനുള്ളിൽ നല്ലോരുദ്യാനവും വലിയോരു മാളികയും കാണാം. ആ രണ്ടു് വാതിലുകളിലും "ആഗഖാൻ തിരുമേനിയുടെ കൊട്ടാരം" എന്നു് ഇംഗ്ലീഷിൽ എഴുതിവച്ചിട്ടുണ്ടു്. അതിനു് താഴെ വൃത്താകൃതിയിലുള്ള തകിടിൽ നക്ഷത്രവും ചന്ദ്രക്കലയും അടയാളപ്പെടുത്തിയിട്ടുണ്ടു്,

ഗയിററു് കടന്നു് ഞങ്ങൾ ഉള്ളിലേക്കു് പ്രവേശിച്ചു. 1942-ലെ നിയമ നിഷേധകാലത്തു് മഹാത്മഗാന്ധിയും കസ്തൂർബായും സെക്രട്ടറിയായ ദേവദേശായിയോടൊത്തു് ഈ കൊട്ടാരത്തിലാണു് തടവുകാരായി കഴിഞ്ഞുകൂടിയതു്. ബ്രിട്ടീഷ് ഗവർമെൻറു് മഹാത്മജിക്കു വേണ്ട എല്ലാ സൌകര്യങ്ങളും അവിടെ ചെയ്തിരുന്നു. കസ്തൂർബായും ദേശായിയും അവിടെവെച്ചാണു് മരിച്ചതു്. അവരുടെ ശവസംസ്കാരവും അവിടെവെച്ചുതന്നെ നടത്തപ്പെട്ടു. മാർബിൾ കൊണ്ടു് കെട്ടിപടുത്തിട്ടുള്ള ഒരു മണ്ഡപം അവിടെയുണ്ടു്. വലത്തുവശത്തു് ദേശായിയുടേയും ഇടത്തുവശത്തു് ,കസ്തൂർബായുടേയും കുടീരങ്ങൾ പണിചെയ്യപ്പെട്ടിരിക്കുന്നു. എട്ടു പട്ടത്തിൽ ഏതാണ്ടു് ക്രിസ്തീയ ദേവാലയങ്ങളിലെ മാമോദീസാകല്ലുപോലെ രണ്ടെണ്ണം പടുത്തുയർത്തിയിട്ടുണ്ടു്. രണ്ടിലും പേരും മരണതീയതിയും ഹിന്ദിയിലും ഉറുദുവിലും ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.

കൊട്ടാരത്തിനുള്ളിൽ കയറുന്നതിനു് അനുവാദമില്ലാതിരുന്നതിനാൽ വരാന്തയിൽകൂടി നടന്നു കാണുന്നതിനേ ഞങ്ങൾക്കു സാധിച്ചുള്ളു. ആ ഉദ്യാനവും അതിനു മദ്ധ്യത്തിലുള്ള തടാകത്തിലെ വിവിധ വർണ്ണാജലങ്ങളായ

മത്സ്യങ്ങളും കണ്ണിനു കൌതുകം നൽകുന്ന കാഴ്ചകളാണ്. വലിപ്പത്തിലല്ല ആഴത്തിലാണ് ആഗാഖാൻെറ കൊട്ടാരം പ്രകൃഷ്ടയേറുന്നത്.

ഈ കൊട്ടാരത്തിനടുത്തു തന്നെയാണ് പ്രസിദ്ധമായ ഡഫ്റിൻ മിലിട്ടറി ആശുപത്രി. കൂടാതെ യർവാദാ ജയിലിനടുത്തായി മിലിട്ടറിക്കാർക്കുവേണ്ടി ഒരു മാനസീകാശുപത്രിയും ഉണ്ടായിരുന്നു. വാച്ച്, സമയം വളരെ വൈകി എന്നറിയിച്ചു. ഞങ്ങൾ ക്യാമ്പിലേക്കു മടങ്ങി.

## XVI. ഞങ്ങൾ യാത്ര പറയുന്നു

1947 ഫെബ്രുവരി 19; സമയം സന്ധ്യ, ജബൽപൂർ റയിൽവേസ്റ്റേഷനിൽ ആയിരക്കണക്കിന്ന് പട്ടാളക്കാർ ഉൽസാഹഭരിതരായി നിൽക്കയാണു്. അവരുടെ ആനന്ദം എങ്ങിനെ വർണ്ണിക്കേണ്ടു. അവരെല്ലാവരും യുദ്ധസേവനം പൂർത്തിയാക്കി അവരവരുടെ ഭവനങ്ങളിലേക്കു് യാത്രയാകുകയാണു്. എല്ലാവർക്കുമുണ്ടു് പെട്ടിയും ഭാണ്ഡങ്ങളും. മദ്രാസ്സിലേക്കുള്ള മിലിട്ടറി ട്രയിൻ സ്റ്റേഷ്യനിലെത്തി. ഞങ്ങൾ സന്തോഷത്തോടെ അതിനുള്ളിൽ സ്ഥാനം പിടിച്ചു. ഇത്ര സന്തോഷത്തോടെ അതിനു മുൻപ്പ് ഒരിക്കലും തീവണ്ടിയിൽ കയറിയിട്ടില്ല. എത്രയോ കാലമായി ആഗ്രഹിച്ചിരുന്ന ഒരു മടക്കയാത്ര. പലപ്പോഴും ഈ യാത്ര മനസ്സിൽ കണ്ടിട്ടുണ്ടു്. പക്ഷേ അന്നൊന്നും അതു സംഭവിക്കുമെന്നുള്ളതിനെക്കുറിച്ചു് ഉറപ്പു് ഇല്ലായിരുന്നു, ഇപ്പോൾ അതു സംഭവിച്ചു. തീവണ്ടി നീങ്ങി. ഞങ്ങൾ ആർത്തട്ടഹസിച്ചു!

ഉല്ലാസകരമായ ഒരു യാത്രയായിരുന്നു അതു്. പ്രത്യേകിച്ചു് മലയാളികളും തമിഴരും മാത്രമേ ആ തീവണ്ടിയിലുണ്ടായിരുന്നുള്ളു. നാലാം ദിവസം ഞങ്ങൾ കേരളത്തിലെത്തി.

ശമ്പളത്തോടുകൂടി രണ്ടുമാസത്തെ അവധിയുണ്ടായിരുന്നു. 1947 ഏപ്രിൽ 19-ാംതീയതി ദീർഘവും ദുഃഖസമ്മിശ്രവുമായിരുന്ന യുദ്ധകാല ജീവിതം അവസാനിച്ചു.

ഒന്നു് എടുത്തുപറയേണ്ടതുണ്ടു്. എല്ലാ പ്രയാസങ്ങളിലും ദൈവം എനിക്കു് തുണയായിരുന്നു. ഞാൻ യുദ്ധസേവനത്തിനായി ഇറങ്ങിയ ദിവസം വായിച്ച 27-ാം സങ്കീർത്തനം ആദ്യവസാനം അന്വത്ഥമായിരുന്നു.

"ഒരു സൈന്യം എൻെറ നേരെ പാളയമിറങ്ങിയാലും എൻെറ ഹൃദയം ഭയപ്പെടുകയില്ല. എനിക്കു് യുദ്ധം നേരിട്ടാലും ഞാൻ നിർഭയമായിരിക്കും .......... അനത്ഥദിവസത്തിൽ അവൻ തൻെറ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും. തിരുനിവാസത്തിൻെറ മറവിൽ എന്നെ മറയ്ക്കും. പാറമേൽ എന്നെ ഉയർത്തും."

PRINTED AT THE ASHOKA PRESS,
PUTHUPPALLY.

KOTTAYAM PUBLIC LIBRARY
JAWAHAR BAL BHAVAN & CHILDREN'S ...

15 JAN 1988

13 MAY 1992

1174
~~327~~ 32

M08 30 നമ്പർ

1

തോമസ് വെട്ടം.
യുദ്ധകാലസ്മര
ണകൾ.

1174